KSTA

കേരള സ്കൂൾ ടീച്ചേഴ്സ് അസ്സോസിയേഷൻ

# വിദ്യാജ്യോതി 2021-22

## Std. X

### മലയാളം

### കേരളപാഠാവലി, അടിസ്ഥാനപാഠാവലി

# കേരള പാഠാവലി

## യൂണിറ്റ് 1

## കാലാതീതം കാവ്യവിസ്മയം

കാലാതീതം കാവ്യവിസ്മയം എന്ന ഒന്നാമത്തെ യൂണിറ്റ് മൂന്നു കാലഘട്ടങ്ങളിലെ മൂന്നു വിഭാഗം കൃതികളെ പരിചയപ്പെടുത്തുന്നു. കൃതികളുടെ സാമകാലിക പ്രസക്തി എത്രമാത്രമെന്നതിനു തെളിവാണ് കാലാതീതമായി നിൽക്കുന്ന കാവ്യങ്ങൾ.

ഭാഷാപിതാവായ എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം കിളിപ്പാട്ടിലെ ചിന്തോദ്ദീപകമായ ഭാഗമാണ് ലക്ഷ്മണസാന്ത്വനം. ക്രോധത്തെ ഹനിക്കുകയാണ് അറിവുള്ളവർ ചെയ്യേണ്ടതെന്നും മനുഷ്യജീവിതം വളരെ നിസ്സാരമാണെന്നും വിവിധ ഉദാഹരണങ്ങളിലൂടെ ഈ പാഠത്തിൽ എടുത്തുകാണിക്കുന്നു.

നാടകങ്ങളിൽ അഗ്രഗണ്യസ്ഥാനം വഹിക്കുന്നതാണ് കാളിദാസ നാടകങ്ങൾ. അവയിൽതന്നെ മനുഷ്യമനസ്സിലെ സൂക്ഷ്മഭാവങ്ങൾ വരച്ചുകാട്ടുന്നതിൽ പ്രഥമസ്ഥാനം വഹിക്കുന്ന കൃതിയാണ് അഭിജ്ഞാനശാകുന്തളം. നാടകീയത ഏറി നിൽക്കുന്ന ശാകുന്തള ഭാഗമാണ് ഋതുയോഗം.

ലോകമെമ്പാടുമുള്ള വായനക്കാർക്ക് എന്നും അത്ഭുതമായ നോവലാണ് പാവങ്ങൾ. ഒരാളെ തെറ്റിൽ നിന്നും മോചിപ്പിക്കുന്നതിന് ശിക്ഷയല്ല മാർഗ്ഗമെന്നും ശരിയായ വഴി കാണിച്ചുകൊടുക്കുകയാണ് വേണ്ടതെന്നും നോവൽ പറയുന്നു. മനുഷ്യന്റെ ചെറിയ ദൗർബല്യം പോലും വിമലീകരിക്കേണ്ടതെങ്ങനെയെന്ന് പറയുന്നതിലൂടെ വിക്ടർ ഹ്യൂഗോയുടെ നോവൽ കാലാതീതമായി നിലനിൽക്കുന്നു.

### ലക്ഷ്മണ സാന്ത്വനം

രാമാഭിഷേകത്തിന് വിഘ്നം വന്നതറിഞ്ഞ് കോപാക്രാന്തനായ ലക്ഷ്മണനെ രാമനുപദേശിക്കുന്നതാണ് പാഠഭാഗം. ചുട്ടുപഴുത്ത ലോഹത്തിൽ വീഴുന്ന നീർത്തുള്ളി പോലെ ക്ഷണികമായ ജീവിതത്തിന്റെ നിസ്സാരത രാമൻ ലക്ഷ്മണനെ ബോധ്യപ്പെടുത്തുന്നു. കാലമാകുന്ന പാമ്പിനാൽ മനുഷ്യനെ വിഴുങ്ങുന്നു. ലൗകീക സുഖങ്ങളുടെയും ശരീരത്തിന്റെയും നിസ്സാരത, ഭൂമിയിലെ ജീവിതത്തിന്റെ ക്ഷണികത ഇവ ബോധ്യപ്പെടുത്തുന്നു. ദേഹമാണ് നമ്മളെന്ന വിചാരം മോഹത്തെ ഉണ്ടാക്കുന്നു. അറിവില്ലായ്മയിൽ നിന്നാണ് മോഹം ജനിക്കുന്നത്. വിദ്യ മോഹത്തെ ഇല്ലാതാക്കുന്നു. ദു:ഖങ്ങൾക്കു കാരണം ക്രോധമാണ്. ബുധജനം ക്രോധം ഉപേക്ഷിക്കണം.

**ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 മാർക്ക്**

1. "ലക്ഷ്മിയുമസ്ഥിരയല്ലോ മനുഷ്യർക്ക്
   നിൽക്കുമോ യൗവനവും പുനരധ്രുവം." ഈ വരികളിലൂടെ എഴുത്തച്ഛൻ അർത്ഥമാക്കുന്നത് എന്ത്?
   (ജീവിതം ക്ഷണികമാണ്, യൗവനം നിത്യമാണ്,
   ഐശ്വര്യം നശിക്കുന്നില്ല, എല്ലാം സ്വപ്നമാണ്)
2. മുക്തിക്കു വിഘ്നം വരുത്തുവാൻ ശക്തിയുള്ളതെന്ത്?
   (ത്യാഗം, സ്നേഹം, ക്രോധം, വിശ്വാസം)

3. മോക്ഷാർത്ഥി എന്തു ചെയ്യണമെന്നാണ് ലക്ഷ്മണ സാന്ത്വനത്തിൽ എഴുത്തച്ഛൻ പറയുന്നത്?

(ക്രോധം വെടിയണം, ക്ഷണികമാണ് ജീവിതം എന്നറിയണം, ഏകാന്തചേതസാ വിദ്യാഭ്യാസം ചെയ്യണം, ആഗ്രഹങ്ങൾ വെടിയണം)

4. ദേഹാഭിമാനം കൊണ്ടുണ്ടാകുന്ന മോഹത്തിനു കാരണമായി പറയുന്നത്

(അതിമോഹം, ക്രോധം, ജ്ഞാനമില്ലായ്മ, അഹംഭാവം)

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക്**

5. സംസാരകാരിണിയായതവിദ്യയും
സംസാരനാശിനിയായതു വിദ്യയും

അവിദ്യ സംസാരകാരിണിയാകുന്നതും വിദ്യ സംസാരനാശിനിയുമാകുന്നതും എങ്ങനെയാണ്? വ്യക്തമാക്കുക.

6. **അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 മാർക്ക്**

ചമത്കാര ഭംഗി കണ്ടെത്തുക.

പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ് കൂടി വിയോഗം വരുമ്പോലെ
നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു-
മെത്രയും ചഞ്ചലമാലയസംഗമം

7. 'കോപം അഗ്നി പോലെയാണ് നാശമുണ്ടാക്കിയേ അതു മടങ്ങൂ.' (മഹാത്മാഗാന്ധി)

'ക്രോധംമൂലം മന:സ്താപമുണ്ടായ്വരും' (എഴുത്തച്ഛൻ)

മുകളിൽ കൊടുത്തിരിക്കുന്ന ഭാഗങ്ങൾ വിശകലനം ചെയ്ത് ക്രോധത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

8. 'കാലാഹിനാ പരിഗ്രസ്ഥമാം ലോകവു-
മാലോല ചേതസാ ഭോഗങ്ങൾ തേടുന്നു.' എഴുത്തച്ഛൻ

'മത്സരങ്ങളാം വൻതിരമാലകൾ
മത്സരിച്ചാർത്തു മുന്നോട്ടുപായുന്നു
സങ്കടജല സമ്പൂർണ്ണമായുള്ള
വൻകടലാകും കാലം ഭയങ്കരം' (ഇടപ്പള്ളി)

കാലത്തെക്കുറിച്ച് വ്യത്യസ്ത കാലഘട്ടത്തിലുള്ള രണ്ടു കവികളുടെ കാഴ്ചപ്പാടാണിവ. സുഖേച്ഛുവായ മനുഷ്യനെ കാലം എങ്ങനെയെല്ലാം ബാധിക്കുന്നുവെന്നാണ് പറഞ്ഞിരിക്കുന്നത്. വിശകലനം ചെയ്യുക.

9. 'ക്രോധമല്ലോ നിജധർമ്മക്ഷയകരം' സമകാലിക സംഭവങ്ങളുമായി ബന്ധപ്പെടുത്തി എഴുത്തച്ഛന്റെ ഈ വരികൾ വിശദമാക്കുക.

10. **ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 മാർക്ക്**

'ലക്ഷ്മണ സാന്ത്വനം' രാമൻ ലക്ഷ്മണന് കൊടുക്കുന്ന ഉപദേശം മാത്രമല്ല എഴുത്തച്ഛൻ ലോകർക്ക് നൽകുന്ന ഉപദേശം കൂടിയാണ്. പാഠഭാഗത്തെ ആസ്പദമാക്കി ചർച്ച ചെയ്യുക.

11. “സംസാരകാരിണിയായതവിദ്യയും
സംസാരനാശിനിയായതുവിദ്യയും.”
“രാഗാദി സങ്കുലമായുള്ള സംസാര-
മാകെ നിരൂപിക്കിൽ സ്വപ്നതുല്യം സഖേ”
“പ്രത്യുപകാരം മറക്കുന്ന പൂരുഷൻ
ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും”

എഴുത്തച്ഛന്റെ സാരോപദേശങ്ങൾ സാധാരണ മനുഷ്യരുടെ മനസംസ്കരണത്തിന് ഉപകരിച്ചിട്ടുണ്ടോ? പരിശോധിക്കുക.

## ഉത്തരസൂചിക

1. ജീവിതം ക്ഷണികമാണ്
2. ക്രോധം
3. ഏകാന്തചേതസാ വിദ്യാഭ്യാസം ചെയ്യണം
4. ജ്ഞാനമില്ലായ്മ
5. ജീവിതദു:ഖത്തെ ഇല്ലാതാക്കുന്നത് വിദ്യ. ജീവിതദു:ഖത്തിനു കാരണം അവിദ്യ.
6. പെരുവഴിയമ്പലത്തിൽ ഒത്തുകൂടി പിരിയുന്ന പാന്ഥർ, നദിയിൽ കൂടി ഒഴുകുന്ന കാഷ്ഠങ്ങൾ ഇവയ്ക്ക് ഇഹലോക ജീവിതത്തിന്റെ ഉറപ്പില്ലായ്മയെ വെളിപ്പെടുത്താൻ കഴിയുന്നുണ്ട്.
7. തന്നിരിക്കുന്ന ഭാഗം വിശദമാക്കുന്നു. ക്രോധം കൊണ്ടുണ്ടാകുന്ന നാശത്തെ ബന്ധിപ്പിച്ച് എഴുതുന്നു.
8. കാവ്യഭാഗങ്ങൾ വിശദമാക്കുന്നു. തന്നിരിക്കുന്ന പ്രസ്താവനയുമായി താരതമ്യം ചെയ്ത് സമർത്ഥിക്കുന്നു.
9. ക്രോധം ധർമ്മത്തെ ക്ഷയിപ്പിക്കുന്നതാണെന്ന് പാഠഭാഗത്തെ ഉദാഹരണങ്ങൾ സഹിതം വിശദമാക്കുന്നു..
10. ലക്ഷ്മണോപദേശത്തിന്റെ കേന്ദ്രാശയം എഴുതുന്നു.
സമകാലിക സംഭവങ്ങളുമായി ചേർത്ത് വിശദമാക്കുന്നു..
11 കാവ്യഭാഗങ്ങൾ വിശദമാക്കി അതിലെ തത്വചിന്ത ജീവിതദർശനം, സാരോപദേശം എന്നിവയെപ്പറ്റി എഴുതുന്നു.
നിത്യജീവിതത്തിൽ ഇതിന്റെ പ്രാധാന്യം എടുത്തു പറയുന്നു.

## ഋതുയോഗം

കാളിദാസകൃതികളിൽ മുഖ്യസ്ഥാനം വഹിക്കുന്ന ശാകുന്തളം നാടകം പാത്രസൃഷ്ടി, പ്രകൃതി മനുഷ്യലയം, ചമത്കാരഭംഗി കാവ്യാത്മകത എന്നിവകൊണ്ട് ശ്രദ്ധേയമാണ്. ഏഴാമങ്കത്തിലെ ഒരു ഭാഗമാണ് പാഠഭാഗം. മുനിശാപത്താൽ ദുഷ്യന്തൻ ശകുന്തളയെ ഉപേക്ഷിക്കുന്നു. പിന്നീട് ദേവാസുരയുദ്ധം കഴിഞ്ഞ് മടങ്ങിവരുമ്പോൾ കാശ്യപാശ്രമത്തിൽ വച്ച് ശകുന്തളയെ കണ്ടെത്തുന്നു. ശകുന്തള ദുഷ്യന്തന്മാരുടെ പുത്രൻ സാർവ്വദമനന്റെ കുസൃതികൾ, മറ്റുള്ളവരുടെ സംഭാഷണത്തിൽ നിന്നും ശകുന്തളയെ തിരിച്ചറിയുന്ന ദുഷ്യന്തന്റെ മനോവ്യാപരങ്ങൾ തുടങ്ങി അത്യന്തം നാടകീയത നിറഞ്ഞ ഭാഗങ്ങളാണിവ.

**ഒറ്റവാക്യത്തിലുത്തരമെഴുതുക.   1 മുതൽ 4 വരെ 1 മാർക്ക്**

1. 'വായ് പൊളിക്കൂ സിംഹക്കു ട്ടി
   നിന്റെ പല്ലു ഞാൻ എണ്ണട്ടേ'   'ഋതുയോഗം'
   കുട്ടിയുടെ സംസാരത്തിൽ നിന്നും മനസ്സിലാകുന്നത്
   (സാഹസം, ധൈര്യം, വീണ്ടുവിചാരമില്ലായ്മ, കുട്ടിത്തം)
2. മാതൃകപോലെ പൂരിപ്പിക്കുക.
   എരിതീ - എരിയുന്ന തീ
   ഹവ്യവാഹകൻ-
3. 'തെറികാട്ടി ആശ്രമവിരുദ്ധവൃത്തി നീ
   ചെറുപാമ്പു ചന്ദനമരത്തിലെന്നപോൽ.'
   ചന്ദനമരം എന്നതുകൊണ്ടുദ്ദേശിച്ചിരിക്കുന്നത്
   (ദുഷ്യന്തന്റെ രാജധാനിയെ, ആശ്രമത്തെ, കാടിനെ, പാമ്പുകളെ)
4. 'എന്റെ മനോവിചാരം പൂർണ്ണമായി സിദ്ധിച്ചു. ഇനിയെന്തിനു അഭിനന്ദിക്കാതിരിക്കണം.'
   ഇവിടെ രാജാവിന്റെ മുഖത്തു പ്രകടമാകുന്ന ഭാവം ഏത്?
   (സന്തോഷം, ആശ്ചര്യം, ഭയം, നിസ്സഹായത)

**ഒറ്റവാക്യമാക്കുക. 5 മുതൽ 7 വരെ 2 മാർക്ക്**

5. പ്രിയേ ഞാൻ പ്രവർത്തിച്ചത് ക്രൂരതയാണ്. അത് നിന്റെ പേരിലാകയാൽ അനുകൂലമായി കലാശിച്ചു.
6. 'എനിക്കിതിനെ വിശ്വാസമില്ല. ഇത് ആര്യപുത്രൻ തന്നെ ധരിച്ചാൽ മതി.' (ഋതുയോഗം)
   ശകുന്തള ദുഷ്യന്തനോട് ഇങ്ങനെ പറയാൻ കാരണമെന്ത്?
7. 'മോഹമകന്നു തെളിഞ്ഞേൻ
   മോഹനതനു വന്നു നീയുമെന്നരികിൽ'
   ഈ വരികളിലെ ഭാഷാപരമായ രണ്ടു സവിശേഷതകൾ എഴുതുക.

**അരപുറത്തിൽ കവിയാതെ എഴുതുക. 8, 9, 10 ചോദ്യങ്ങൾക്ക്   4 മാർക്ക്**

8. **കാവ്യഭംഗി കണ്ടെത്തുക.**
   'പല്ലിൻമൊട്ടുകൾ ഹേതുവെന്നിയേചിരിച്ചൽപ്പം തെളിച്ചും രസി-
   ച്ചുല്ലാസത്തോടു ചൊല്ലിയും ചില വചസ്സവ്യക്തമുക്താക്ഷരം
   അങ്കത്തിൽ കുതുകമോടേറിയമരും ബാലന്റ പൂമേനിമേൽ
   ത്തങ്കും പങ്കമണിഞ്ഞിടുന്നു സുകൃതം ചെയ്തോരു ധന്യം ജനം'
9. **ചമത്കാരഭംഗി കണ്ടെത്തുക.**
   'കളിക്കോപ്പേൽക്കാനായ് കുതുകമൊടു നീട്ടീടിനകരം
   വിളക്കിച്ചേർത്തോണം വിരൽ നിര ഞെരുങ്ങിത്തൊടുകയാൽ
   വിളങ്ങുന്നു രാഗം ഭൃശമെഴുമുഷസ്സിൽദ്ദലകുലം
   തെളിഞ്ഞീടാതൊന്നായ് വിടരുമൊരു തണ്ടാർ മലരുപോൽ'
10. 'പ്രിയേ ഞാൻ പ്രവർത്തിച്ചത് ക്രൂരതയാണെങ്കിലും അതു നിന്റെ പേരിലാകയാൽ
    അനുകൂലമായി കലാശിച്ചു. എന്നെ നീ ഭർത്താവെന്നോർമ്മിച്ചറിയണമെന്ന്
    പ്രാർത്ഥിക്കേണ്ടി വന്നിരിക്കുന്നു.'
    തെല്ലും ഞാൻ തള്ളിയെന്നുള്ളൊരു
    പരിഭവമുൾക്കൊള്ളലാ വല്ലഭേ നീ   ഋതുയോഗം

താൻ ചെയ്ത തെറ്റിന് ശകുന്തളയോട് ദുഷ്യന്തരാജാവ് മാപ്പിരക്കുകയാണ്. രാജാവാണെങ്കിൽ കൂടി തന്റെ തെറ്റ് ഭാര്യയുടെ മുന്നിൽ ഏറ്റുപറയുന്നു. സ്ത്രീപുരുഷ സമത്വത്തെക്കുറിച്ച് ചർച്ച ചെയ്യുന്ന ഇക്കാലത്ത് രാജാവിന്റെ ഈ പെരുമാറ്റം നിങ്ങളെ ങ്ങനെ വിലയിരുത്തുന്നു. പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

**ഒരുപുറത്തിൽ കവിയാതെ എഴുതുക. 6 മാർക്ക്**

11. ഒന്നാം താപസി : സർവദമന, ഇതാ ശകുന്തലാസ്യം നോക്കൂ!
    ബാലൻ : അമ്മ ഇവിടെ ഇല്ലല്ലോ
    രാജാവ് : ഇവന്റെ മാതാവിന്റെ പേർ ശകുന്തള എന്നാണോ?

    ഇത്തരത്തിൽ നാടകീയത നിറഞ്ഞുനിൽക്കുന്ന ഭാഗമാണ് ഋതുയോഗം. പാഠഭാഗത്തുനിന്ന് ഉദാഹരണങ്ങൾ കണ്ടെത്തി വിശദമാക്കുക.
12. നാടകീയത, വ്യക്തിത്വമുള്ള കഥാപാത്രങ്ങൾ, ആദ്യന്തം ആകാംക്ഷാഭരിതമായ നിമിഷങ്ങൾ, ലോകോത്തരങ്ങളായ കാവ്യകല്പനകൾ, പ്രകൃതി മനുഷ്യാലയം ഇവ കാളിദാസകൃതികളുടെ പ്രത്യേകതകളാണ്. ഋതുയോഗം എന്ന പാഠഭാഗത്ത് ഇവ കാണാൻ കഴിയുമോ? വിശകലനകുറിപ്പ് തയ്യാറാക്കുക.

### ഋതുയോഗം

## ഉത്തരസൂചിക

1. കുട്ടിത്തം
2. ഹവ്യത്തെ വഹിക്കുന്നവൻ
3. ആശ്രമത്തെ
4. സന്തോഷം
5. പ്രിയേ ഞാൻ പ്രവർത്തിച്ച ക്രൂരത നിന്റെ പേരിലാകയാൽ അനുകൂലമായി കലാശിച്ചു.
6. മോതിരത്തെ അവിശ്വസിക്കാനുള്ള കാരണം
7. പദ്യത്തിന്റെ ആദ്യവരിയിലെ അക്ഷരവും രണ്ടാമത്തെ വരിയിലെ അക്ഷരവും ഒരുപോലെ വന്നിരിക്കുന്നു. (ആദിപ്രാസം, ദ്വിതീയാക്ഷരപ്രാസം)
8. കാവ്യഭാഗത്തിന്റെ ആശയം

   പല്ലിൻമൊട്ട്, കുട്ടിയുടെ സംസാരത്തിന്റെ ഭംഗി, കുട്ടിയുടെ ദേഹത്തെ പൊടി പറ്റിയത് രാജാവ് സുകൃതമായി കരുതുന്നത് ഇവയുടെ അവതരണ ഭംഗി
9. ചമത്കാരഭംഗി കണ്ടെത്തുക.

   കുട്ടിയുടെ നീട്ടിയ കരം വിളക്കിച്ചേർത്തതുപോലെ ഇരിക്കുന്നതു കണ്ടിട്ട് വിടരാറായ താമരമൊട്ടുപോലെ തോന്നുന്നു.
10. കാവ്യഭാഗത്തിന്റെ ആശയം. രാജാവിന്റെ പെരുമാറ്റത്തിലെ എളിമ. ഇക്കാലഘട്ടത്തിലെ സ്ത്രീപുരുഷ സമത്വത്തിന്റെ പ്രസക്തി. സന്ദർഭത്തെ സമകാലിക സാഹചര്യവുമായി ബന്ധപ്പെടുത്തി എഴുതിയിട്ടുണ്ട്.
11. തന്നിരിക്കുന്ന സൂചനകൾക്ക് പാഠഭാഗത്തുനിന്ന് ഉദാഹരണങ്ങൾ കണ്ടെത്തി വിശദമാക്കുന്നു. നാടകീയത വിശദമാക്കുന്നു.
12. തന്നിരിക്കുന്ന സൂചനകളെ പാഠഭാഗത്തിലെ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് വിശദമാക്കുന്നു. കാളിദാസകൃതികളുടെ പൊതുവായ പ്രത്യേകത ഭാഷാപരമായ മേന്മ ഇവ സൂചിപ്പിക്കുന്നു.

# പാവങ്ങൾ

വിക്ടർ ഹ്യൂഗോയുടെ വിഖ്യാതമായ കൃതിയാണ് പാവങ്ങൾ. സഹോദരിയുടെ മക്കൾ വിശന്നു കരഞ്ഞപ്പോൾ ഒരു ചായക്കടയിൽ നിന്നും ഒരു റൊട്ടി മോഷ്ടിക്കുന്നു. 5 വർഷം കഠിനതടവിനു വിധിച്ചു. പലവുരു ജയിൽ ചാടിയതുൾപ്പെടെ 19 വർഷത്തെ ജയിൽവാസം. അതിനുശേഷം അദ്ദേഹം ജയിൽമോചിതനായി. എന്നാൽ ആരും അഭയം നൽകിയില്ല. ഡി-പട്ടണത്തിലെ മെത്രാൻ അഭയം നൽകുന്നു. അന്നുരാത്രിയിൽ അവിടുന്ന് വെള്ളി പാത്രങ്ങൾ മോഷ്ടിക്കുന്നു. എന്നാൽ പോലീസ് പിടിച്ചു. വീണ്ടും ജയിൽവാസം പ്രതീക്ഷിച്ച അദ്ദേഹത്തോട് മെത്രാൻ ക്ഷമിക്കുന്നു. തെറ്റിനു ശിക്ഷ നൽകുന്നതിനു പകരം ക്ഷമയുടെയും സ്നേഹത്തിന്റെയും മറുവശമുണ്ടെന്ന് ഹ്യൂഗോ നമുക്ക് കാണിച്ചുതരുന്നു. കാലദേശങ്ങൾ ക്കതീതമായ മനുഷ്യജീവിതത്തിന്റെ വൈകാരികതലം അനാവരണം ചെയ്യുന്ന കൃതി കൂടിയാണ് പാവങ്ങൾ.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 മാർക്ക്**

1. അപ്പോൾ ഒന്നാമത് ആ വെള്ളി സാമാനം നമ്മുടേതായിരുന്നോ?- (പാവങ്ങൾ)
   വെള്ളിസാമാനം ആരുടേതാണെന്നാണ് മെത്രാൻ പറഞ്ഞത്?
   - ടാങ്ങ്വാൽഴാങിന്റെ ● പാവങ്ങളുടെ ● മെത്രാന്റെ ● ജനങ്ങളുടെ
2. മാതൃകപോലെ പൂരിപ്പിക്കുക.
   ഉപ്പുപ്രതിമ - ഉപ്പുകൊണ്ടുള്ള പ്രതിമ
   വെള്ളിസാമാനങ്ങൾ -

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക്**

3. ഒറ്റവാക്യമാക്കുക.
   വാതിൽ ആ അമർച്ചകൊണ്ടു നീങ്ങി. ഉപായത്തിലുള്ള ആ നീങ്ങലിൽ പതുക്കെ ഒരു പഴുതുണ്ടായി. അയാൾ ഒരു നിമിഷനേരം അനങ്ങാതെ നിന്നു.
4. <u>ഒരു പാവയുടെ മാതിരി</u> രണ്ടു മെഴുകുതിരിക്കാലുകൾ അയാൾ കൈയിൽ വാങ്ങി.
   അടിവരയിട്ട വാക്യത്തിൽ നിന്നും ഴാങ്വാൽഴാങിന്റെ മാനസികാവസ്ഥ കണ്ടെുക.

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 മാർക്ക്**

5. "ആ വെള്ളിസാമാനം വളരെക്കാലം സൂക്ഷിച്ചത് ശരിയായില്ല."
   "ഒരു സത്യവാനായിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്നു പ്രതിജ്ഞ ചെയ്തിട്ടുള്ളതു മറക്കരുതേ." - പാവങ്ങൾ
   മെത്രാന്റെ സ്വഭാവവൈശിഷ്ട്യം ഈ ഭാഗങ്ങളിൽ നിന്നും കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.
6. "അന്യജീവനുതകിസ്വജീവിതം
   ധന്യമാക്കുമമലേവിവേകികൾ" (പ്രിയദർശനം)
   ആശാൻ നളിനിയിൽ പറഞ്ഞിരിക്കുന്നത് - പാവങ്ങളിലെ മെത്രാനെ സംബന്ധിച്ച് ശരിയാണോ പരിശോധിക്കുക.

**ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 മാർക്ക്**

7. "ലോകത്തെമ്പാടുമുള്ള എഴുത്തുകാർക്കും വായനക്കാർക്കും പ്രചോദനം നൽകുന്ന മഹത്തായ കലാസൃഷ്ടിയാണ് പാവങ്ങൾ." - ഇ.ഹരികുമാർ കഥാകൃത്ത്.
   ഇ.ഹരികുമാറിന്റെ പ്രസ്താവന പാഠഭാഗത്തെ ആസ്പദമാക്കി പരിശോധിക്കുക.
8. പാവങ്ങൾ എന്ന നോവലിലെ ഴാങ്വാൽഴാങ്, മെത്രാൻ, മദാം മഗ്ലാർ ഇവരുടെ സംഭാഷണഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

മദാം മഗ്ലാർ : ആ മനുഷ്യൻ കക്കുക മാത്രമല്ലേ ചെയ്തുള്ളൂ. ഹാ! എന്റെ ഭഗവാനെ അതു വിചാരിക്കുമ്പോൾ എന്റെ തടി വിറയ്ക്കുന്നു.

മെത്രാൻ : സ്നേഹിതാ നിങ്ങൾ പോകുന്നതിനു മുമ്പ് നിങ്ങളുടെ മെഴുകുതിരിക്കാലുകൾ എടുക്കാം.

ഴാങ്‌വാൽഴാങ്: എന്നെ വിടാൻ പോകുന്നുവെന്നത് വാസ്തവം തന്നെയോ?

തന്നിരിക്കുന്ന ഭാഗങ്ങൾ വിശകലനം ചെയ്ത് കഥാപാത്രങ്ങളുടെ സ്വഭാവനിരൂപണം തയ്യാറാക്കുക.

## ഉത്തരസൂചിക

1. പാവങ്ങളുടെ
2. വെള്ളിസാമാനങ്ങൾ - വെള്ളികൊണ്ടുണ്ടാക്കിയ സാമാനങ്ങൾ
3. വാതിൽ അമർച്ചകൊണ്ടു നീങ്ങിയപ്പോൾ ഉപായത്തിലുള്ള നീങ്ങലിൽ പതുക്കെ ഒരു പഴുതുണ്ടായതായി കണ്ട് അയാൾ ഒരു നിമിഷനേരം അനങ്ങാതെ നിന്നു.
4. തന്നിരിക്കുന്ന ഭാഗം വിശദമാക്കുന്നു. അയാളുടെ മനസ്സിലെ കുറ്റബോധം. മാനസികാവസ്ഥയെക്കുറിച്ച് തന്നിരിക്കുന്ന ഭാഗവുമായി ബന്ധിപ്പിച്ച് എഴുതുക.
5. മെത്രാന്റെ സംഭാഷണ ശകലങ്ങൾ വിശദമായി സ്വഭാവത്തെക്കുറിച്ച് പറയുന്നു. സ്നേഹം, ദയ, സത്യവാനായിരിക്കേണ്ടതിന്റെ ആവശ്യകത ഇവ പറഞ്ഞിട്ടുണ്ട്.
6. നളിനിയിലെ ഭാഗം വിശദമാക്കിയിട്ടുണ്ട്. അത് മെത്രാന്റെ ജീവിതവുമായി ബന്ധിപ്പിച്ച് സമർത്ഥിച്ചിട്ടുണ്ട്.
7. തന്നിരിക്കുന്ന ഭാഗം വിശദമാക്കണം. ഇ.ഹരികുമാർ പറഞ്ഞത് പാഠത്തിന്റെ കേന്ദ്രാശയവുമായി ബന്ധിപ്പിച്ച് വിശകലനം ചെയ്യണം.

   പാവങ്ങളെക്കുറിച്ച് പൊതുവായി എഴുതിയിട്ടുണ്ട്.

   ഭാഷ, ക്രോഡീകരണം.
8. തന്നിരിക്കുന്ന ഭാഗങ്ങൾ വിശകലനം ചെയ്തിട്ടുണ്ട്. പാഠഭാഗം ബന്ധപ്പെടുത്തി സ്വഭാവ നിരൂപണം തയ്യാറാക്കുക.

# യൂണിറ്റ് 2
# അനുഭൂതികൾ ആവിഷ്കാരങ്ങൾ

മനുഷ്യബന്ധങ്ങളുടെ വിവിധതലങ്ങൾ ആവിഷ്കരിക്കപ്പെടുന്ന യൂണിറ്റ് ആണ് അനുഭൂതികൾ ആവിഷ്കാരങ്ങൾ. സ്നേഹപൂർണ്ണമായ സുഹൃത്ബന്ധങ്ങൾ ആണ് ഭൂമിയിലെ ഏറ്റവും വലിയ സൗഭാഗ്യം എന്ന് പറഞ്ഞുവയ്ക്കുന്ന തിരുവള്ളുവരുടെ വരികളാണ് ഈ യൂണിറ്റിന്റെ പ്രവേശകം.

പല കാലങ്ങളിലൂടെയും സഞ്ചരിച്ച് അമ്മ എന്ന സ്ത്രീയുടെ വിശ്വരൂപത്തിലേക്ക് എത്തിച്ചേരുന്ന മിസ്സിസ് തലത്തിന്റെ ജീവിതമാണ് വിശ്വരൂപം എന്ന ലളിതാംബിക അന്തർജനത്തിന്റെ കഥയിലുള്ളത്. സുധീർ എന്ന കഥാപാത്രത്തിന്റെ കാഴ്ചയിലൂടെയാണ് മിസ്സിസ്സ് തലത്തിന്റെ ജീവിത കാലങ്ങൾ ചിത്രീകരിക്കപ്പെടുന്നത്.

കുമാരനാശാന്റെ ഖണ്ഡകാവ്യമായ നളിനിയിൽ നിന്ന് എടുത്തിട്ടുള്ള ഒരു ഭാഗമാണ് പ്രിയദർശനം. കാലങ്ങൾക്കുശേഷം ഹിമാലയ പാർശ്വത്തിൽ വച്ച് കണ്ടുമുട്ടുന്ന നളിനി ദിവാകരൻമാരുടെ അനുഭൂതികളുടെ ആവിഷ്കാരമാണ് ഈ ഭാഗം.

എക്കാലത്തും മികച്ച ചെറുകഥകളിൽ ഒന്നായി എണ്ണുന്ന കഥയാണ് ഒ.വി.വിജയന്റെ കടൽത്തീരത്ത്. ഭാവതീവ്രമായ ആവിഷ്കാരം കൊണ്ട് ഹൃദയത്തിൽ നിശ്ശബ്ദമായ നിലവിളി ഉയർത്തുന്നു കടൽത്തീരത്ത് എന്ന കഥ.

## വിശ്വരൂപം

മനുഷ്യജീവിതത്തിൽ ബന്ധങ്ങളുടെ സൗന്ദര്യം തിരിച്ചറിയുന്നതിനും വ്യത്യസ്തങ്ങളായ മനുഷ്യജീവിതബന്ധങ്ങൾ അടുത്തറിയുന്നതിനും സാധിക്കുന്നു. മിസ്സിസ് തലത്തിന്റെ ജീവിതം അനാവരണം ചെയ്യുന്നതിലൂടെ അമ്മയുടെ വിശ്വരൂപം നാം ദർശിക്കുന്നു. മനുഷ്യ ജീവിതത്തിലെ ഔപചാരികത ഒഴിവാക്കി ജീവിതയാഥാർത്ഥ്യങ്ങളുമായി യോജിച്ചു പോകുമ്പോഴാണ് മഹത്വപൂർണ്ണമാകുന്നതെന്ന് വിശ്വരൂപം വിളിച്ചോതുന്നു. സുധീറിന്റെ കാഴ്ചയിലൂടെ നീങ്ങുന്ന കഥ മിസ്സിസ് തലത്ത് എന്ന സ്ത്രീയുടെ തിരിച്ചറിവിലേക്കും അതുവഴി മനുഷ്യബന്ധങ്ങളുടെ മൂല്യങ്ങളിലേക്കും എത്തിച്ചേരുന്നു.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 മാർക്ക്**

1. 'തങ്ങൾക്ക് രണ്ടുപേർക്കും പ്രിയപ്പെട്ടതായിരുന്നതും തങ്ങളെ കൂട്ടിയിണക്കിയിരുന്നതുമായ ഒരു വ്യക്തിയുടെ സ്മരണ അതിലൂടെ ഒലിച്ചിറങ്ങി' ഏതു വ്യക്തിയാണ് ഈ സന്ദർഭത്തിൽ പരാമർശിക്കപ്പെടുന്നത്
   - മിസ്സിസ് തലത്ത്, • സുധീർ, • ഡോക്ടർ തലത്ത്
2. 'പൂർവ്വകാല സ്മൃതികളിലേക്ക്' മിസ്സിസ് തലത്ത് ആണ്ടുമുങ്ങി. പൂർവ്വകാല സ്മൃതികൾ ശരിയായി വിഗ്രഹിച്ചാൽ
   - പൂർവ്വകാലവും സ്മൃതികളും, • പൂർവ്വകാലത്തെ സ്മൃതികൾ,
   - പൂർവ്വകാലമാകുന്ന സ്മൃതികൾ
3. 'അതുമാത്രമേ വാർദ്ധക്യത്തിന് അവകാശപ്പെടാനുള്ളൂ സുധീർ' എന്തിനെക്കുറിച്ചാണ് മിസ്സിസ് തലത്ത് ഇവിടെ സൂചിപ്പിക്കുന്നത്
   - സ്നേഹം, • ഓർമ്മകൾ, • പരിഗണന

4. ‘എന്തൊരു ഉയർച്ചയായിരുന്നു അത്.... എന്തൊരു അഭിമാനമായിരുന്നു’ ഏതു ഉയർച്ചയുടെ സൂചനയാണ് ഈ വരികളിൽ തെളിയുന്നത്

- സ്ത്രീയുടെ വിശ്വരൂപത്തിലേക്ക് ● ആഢംബരപൂർണ്ണമായ ജീവിതത്തിലേക്ക്
- ഭാരതീയ സ്ത്രീത്വത്തിന്റെ അംബാസിഡർ എന്ന പദവിയിലേക്ക്

**ഒന്നോ രണ്ടോ വാകൃത്തിൽ ഉത്തരമെഴുതുക. 2 മാർക്ക്**

5. ‘‘സുധീർ ഒന്ന് ഞെട്ടി. ഇങ്ങനെയൊരാളെ കാണാൻ വേണ്ടിയായിരുന്നില്ല താനിവിടെ വന്നത്’’ സുധീറിന്റെ ഈ വാക്കുകൾ മിസ്സിസ് തലത്തിനെക്കുറിച്ച് നൽകുന്ന രണ്ട് സൂചനകൾ എഴുതുക.

6. **ഒറ്റപ്പദമാക്കുക**

   മിസ്സിസ്സ് തലത്ത് ഒരു ഗൃഹനാഥയുടെ ഗൗരവത്തോടെ എഴുന്നേറ്റു നടന്നു. അയാൾ മാഡം തലത്തിനെ ഓർത്തുപോയി.

7. ‘മാഡം തലത്ത് മരിച്ചുപോയി’ മോനേ.... ഡോക്ടർ തലത്തിന് ഒപ്പം അവരും പോയി. ഇത് അമ്മയാണ് താഴത്തു കുഞ്ഞിക്കുട്ടി അമ്മ. ‘മരിച്ചുപോയി’ എന്ന പ്രയോഗം നൽകുന്ന അർത്ഥസൂചനകൾ എന്തെല്ലാം?

8. ‘ഞാൻ ഇന്ത്യയിൽ ജനിക്കാൻ ആഗ്രഹിക്കുന്നു മാഡം. ഇന്ത്യ എത്ര നല്ല നാടാണ്’ വൃദ്ധന്റെ ഈ വാക്കുകൾ ഭാരതീയ സംസ്കാരത്തെക്കുറിച്ചുള്ള അയാളുടെ എന്തെല്ലാം കാഴ്ചപ്പാടുകളെയാണ് വെളിപ്പെടുത്തുന്നത്?

9. ‘‘അങ്ങനെയല്ല മാഡം കാലത്തിനും ദേശത്തിനും അനുസരിച്ച് ജീവിതം സ്വയം രൂപപ്പെടുകയാണ്.’’ മിസ്സ് തലത്തിന്റെ ജീവിതത്തിനെ അടിസ്ഥാനമാക്കി ഈ പ്രസ്താവന വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 മാർക്ക്**

10. ‘‘ഡോക്ടർ തലത്ത് പറയാറുണ്ട്. ഡോളി, ഭാരതസ്ത്രീകൾ എത്ര ഭാഗ്യമുള്ളവരായിരുന്നു. അവർ കൊടുക്കാൻ മാത്രമേ പഠിച്ചിരുന്നുള്ളൂ. കൊടുക്കുന്നതിൽ നിന്ന് മാത്രം എല്ലാം നേടി. അതുകൊണ്ടാണ് അവർ എപ്പോഴും സംതൃപ്തരായിരിക്കുന്നത്.’’ സ്ത്രീകളെക്കുറിച്ചുള്ള ഡോക്ടർ തലത്തിന്റെ ഈ അഭിപ്രായത്തോട് ചേർന്നുനിൽക്കുന്ന കഥാപാത്രമാണോ മിസ്സിസ് തലത്ത്? കഥ വിശകലനം ചെയ്ത് നിങ്ങളുടെ അഭിപ്രായം സമർത്ഥിക്കുക.

11. മിസ്സിസ് തലത്ത് കുട്ടികളെ പ്രസവിച്ചു എന്ന് മാത്രം. മുല കൊടുത്തിട്ടില്ല... താരാട്ടുപാടിയിട്ടില്ല... വാശിപിടിച്ച് കരയുമ്പോൾ ശാസിക്കയോ സുഖക്കേടിൽ ശുശ്രൂഷിക്കുകയോ ചെയ്തിട്ടില്ല.

    ‘സുധീർ... നിങ്ങളുടെ വരാൻപോകുന്ന ഭാര്യയോട് പറയൂ... കുട്ടികളെ ബോർഡിങ്ങുകളിൽ അയക്കരുത് എന്ന്. അവർക്ക് ആയയെ വയ്ക്കരുത്. അമ്മ തന്നെ വളർത്തണം. ശാസിക്കയും ലാളിക്കുകയും കൂട്ടുകൂടുകയും വേണം. എങ്കിലേ അമ്മ കുട്ടികളുടെ ഒരു ഭാഗവും കുട്ടികൾ അമ്മയുടെ ഒരു ഭാഗവും ആവുകയുള്ളൂ.’

    മാഡം തലത്തിൽ നിന്ന് അമ്മ എന്ന വിശ്വരൂപത്തിലേക്കുള്ള മാറ്റം ആവിഷ്കരിക്കാൻ ഈ സന്ദർഭങ്ങൾക്ക് കഴിയുന്നുണ്ടോ. മറ്റു കഥാസന്ദർഭങ്ങൾ കൂടി പരിഗണിച്ച് നിരൂപണ കുറിപ്പ് തയ്യാറാക്കുക.

**ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 മാർക്ക്**

12. 'എന്റെ അച്ഛനമ്മമാരെ ഞാൻ ദൈവത്തെ പോലെ വിചാരിച്ചിട്ടില്ല. അവസാനകാലത്ത് അമ്മ തുടരെത്തുടരെ എഴുതിയിട്ടും നാട്ടിൽ വന്ന് നിൽക്കാനുള്ള മടി കൊണ്ട് പോരാതിരിക്കുകയാണ് ചെയ്തത്. കൊടുത്തത് മാത്രമേ നേടാനൊക്കൂ അല്ലേ സുധീർ.... ഞാൻ ആർക്കും ഒന്നും കൊടുത്തിട്ടില്ലല്ലോ....

    ജീവിതാനുഭവങ്ങൾ നൽകിയ തിരിച്ചറിവാണോ മിസ്സിസ് തലത്തിന്റെ വാക്കുകളിൽ തെളിയുന്നത്? ഈ കഥാഭാഗങ്ങൾ കൂടി പരിഗണിച്ച് 'അനുഭവങ്ങളും ജീവിതപാഠവും' എന്ന വിഷയത്തിൽ ഒരു പ്രഭാഷണം തയ്യാറാക്കുക.

## ഉത്തരസൂചിക

1. ഡോക്ടർ തലത്ത്
2. പൂർവ്വകാലത്തെ സ്മൃതികൾ
3. ഓർമ്മകൾ
4. സ്ത്രീയുടെ വിശ്വരൂപത്തിലേക്ക്
5. മാഡം തലത്തിനു വന്ന മാറ്റം. സുധീറിനോടുള്ള മാതൃസഹജമായ പെരുമാറ്റം.
6. മിസ്സിസ്സ് തലത്ത് ഒരു ഗൃഹനാഥയുടെ ഗൗരവത്തോടെ എഴുന്നേറ്റു നടന്നപ്പോൾ അയാൾ മാഡം തലത്തിനെ ഓർത്തുപോയി.
7. ഭാരതീയ സ്ത്രീത്വത്തിന്റെ അംബാസിഡർ എന്നു വിളിച്ചിരുന്ന പ്രൗഢവനിത മിസ്സിസ് തലത്ത് ഭർത്താവിന്റെ മരണശേഷം പഴയ സ്വഭാവ വൈശിഷ്ട്യങ്ങൾ ഉപേക്ഷിക്കുന്നു. വാർദ്ധക്യത്തിന്റെ യാഥാർത്ഥ്യം വ്യക്തമാക്കുന്നു.
8. ഭാരതീയർ മാതാപിതാക്കളെ സംരക്ഷിക്കുന്നു. അവരെ ദൈവത്തെപ്പോലെ കരുതുന്നു.
9. വിദേശസംസ്കാരത്തോടുള്ള അടുപ്പം, രക്ഷിതാക്കളോടുള്ള മനോഭാവം, നാട്ടിൽ തിരിച്ചെത്തിയപ്പോഴുള്ള മാറ്റം
10. ഭാരത സ്ത്രീകളുടെ സ്വഭാവത്തെക്കുറിച്ച് ഡോ. തലത്ത് പറഞ്ഞത് വിശദമാക്കുന്നു. മിസ്സിസ്സ് തലത്തിന്റെ സ്വഭാവം വ്യക്തമാക്കുന്നു. താരതമ്യം ചെയ്യുന്നു.
11. രണ്ട് സന്ദർഭങ്ങളും വിശദമാക്കുന്നു.ഇതിന്റെ അടിസ്ഥാനത്തിൽ മിസ്സിസ്സ് തലത്തിനു വന്ന മാറ്റം വ്യക്തമാക്കുന്നു.
12. തന്നിരിക്കുന്നഭാഗം വിശദമാക്കുന്നു. മിസ്സിസ്സ് തലത്തിന്റെ വ്യത്യസ്ത മുഖങ്ങൾ വിവരിക്കുന്നു. ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ ഉണ്ടായ മാറ്റത്തെ ക്രോഡീകരിക്കുന്നു. പ്രഭാഷണത്തിന്റെ ഘടന.

## പ്രിയദർശനം

കുമാരനാശാന്റെ നളിനിയെന്ന ഖണ്ഡകാവ്യം മനുഷ്യനിൽ സാർവ്വത്രികമായി ലയിച്ചുകിടക്കുന്ന സ്നേഹത്തെ കലാപരമായി ആവിഷ്കരിക്കുന്നു. ബാല്യകാലത്തിലെ സുഹൃത്തുക്കളായിരുന്നു നളിനിയും ദിവാകരനും. വലുതായപ്പോൾ അവർ സ്നേഹബന്ധത്തിലായി. ദിവാകരൻ സന്യാസം സ്വീകരിച്ച് നാടുവിട്ടു. തന്റെ വിവാഹം നിശ്ചയിച്ച സമയത്ത് നളിനി നാടുവിട്ട് ദിവാകരനെ അന്വേഷിച്ച് ഹിമാലയസാനുക്കളിൽ എത്തി. അവിടെ വച്ച് യാദൃശ്ചികമായി ദിവാകരനെ കണ്ടുമുട്ടുന്നതാണ് പാഠഭാഗം.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 മാർക്ക്**

1. 'കഷ്ടകാലമഖിലം കഴിഞ്ഞു.' ആരുടെ?

   (ദിവാകരന്റെ, നളിനിയുടെ, കവിയുടെ)

2. 'എന്നിൽ നിന്നണുവുമേൽക്കിലപ്രിയം' അണു എന്ന വാക്കിന് ഈ സന്ദർഭത്തിൽ ഏറ്റവും യോജിച്ച അർത്ഥം

   (കീടം, വളരെ ചെറുത്, പ്രാണി)

3. ധീരനായ യതി നോക്കി തമ്പി തൻ
   ഭൂരിബാഷ്പ പരിപാടലം മുഖം
   അടിവരയിട്ട പദത്തിന് സമാനമായ പദം ഏത്?

   (കൂട്ടുകാരി, സുന്ദരി, ഭാര്യ)

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക്**

4. കഷ്ടകാലമഖിലം കഴിഞ്ഞു ഹാ....
   'ഹാ' എന്ന ശബ്ദം നളിനിയുടെ മാനസികാവസ്ഥയിൽ എങ്ങനെ പ്രതിഫലിക്കുന്നു.

5. ഏവമോതിയിടരാർന്നു കണ്ണുനീർ
   തൂവിനാൾ മൊഴി കുഴങ്ങി നിന്നവൾ
   അടിവരയിട്ട പ്രയോഗം നൽകുന്ന സൂചനകൾ എന്തെല്ലാം?

6. 'ധന്യയായി സപദി കാൺക മൂലമ-
   ങ്ങെന്നെയോർക്കുകിലുമോർത്തിടായ്കിലും'
   ഈ വരികളിൽ തെളിയുന്ന നളിനിയുടെ മാനസികാവസ്ഥ വ്യക്തമാക്കുക.

7. 'കേണുവാണിവിടെ ഏകുമർത്ഥിയാം
   പ്രാണി തൻ പ്രിയമൊരിക്കലീശ്വരൻ''
   വരികൾ സൂചിപ്പിക്കുന്ന പൊതുതത്വം എന്ത്

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 മാർക്ക്**

8. എന്നിൽ നിന്നണുവുമേൽക്കിലപ്രിയം
   നിന്നുകേഴുമയി കണ്ടിടുന്നിതേ
   നിന്നിലിപ്രണയ ചാപലത്തെ ഞാ-
   നന്നുമിന്നുമൊരുപോലെ വത്സലേ

   നളിനിയുടെ എന്തെല്ലാം സ്വഭാവസവിശേഷതകളാണ് ദിവാകരന്റെ വാക്കുകളിൽ തെളിയുന്നത്. വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

9. 'അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ'
   ഈ വരികൾ മുന്നോട്ടു വയ്ക്കുന്ന ജീവിതദർശനം വിശദമാക്കുക.

10. 'ഭാവശാലികൾ പിരിഞ്ഞുകൂടിയാ-
    ലീവിധം വികലമാം സുഖോദയം' (പ്രിയദർശനം - കുമാരനാശാൻ)

    'ഒരു നീണ്ട തേങ്ങലോടെ അവർ മുന്നോട്ടാഞ്ഞ് അയാളെ കെട്ടിപ്പിടിച്ചു. ആ വൃദ്ധ ആകെ വിറച്ചിരുന്നു. അവരുടെ ആലിംഗനത്തിൽ പെട്ട് അയാൾക്ക് ശ്വാസം മുട്ടി. പിടിവിട്ടാൽ പൊയ്ക്കളയുമോ എന്ന് പേടിച്ചിട്ടെന്നവണ്ണം മുറുകെ അവർ അയാളെ തഴുകിയിരുന്നു. കണ്ണുകളിൽ നിന്ന് നീർ ഒഴുകിയൊഴുകി വീണു. അവരുടേത് അയാളുടെ തലയിലും അയാളുടേത് അവരുടെ തോളത്തും' (വിശ്വരൂപം - ലളിതാംബിക അന്തർജ്ജനം)

ആശാൻ കവിതയിലെ വരികളുടെ ആശയം സുധീറും മിസ്സിസ് തലത്തും കണ്ടുമുട്ടുന്ന സന്ദർഭത്തിനോട് എത്രത്തോളം യോജിക്കുന്നു. വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

**ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 മാർക്ക്**

11. 'ഏകുമർത്ഥിയാം പ്രാണി തൻ പ്രിയമൊരിക്കലീശ്വരൻ'

'ഭാവശാലികൾ പിരിഞ്ഞുകൂടിയാലീവിധം വികലമാം സുഖോദയം'

'നിജ കർമ്മനീതരായേതു
മാർഗമിയലാ ശരീരികൾ'

മറ്റു കവിതാഭാഗങ്ങൾ കൂടി വിശകലനം ചെയ്ത് 'ആശാൻ കവിതയിലെ തത്വചിന്ത' എന്ന വിഷയത്തെക്കുറിച്ച് ഒരു പ്രഭാഷണം തയ്യാറാക്കുക.

## ഉത്തരസൂചിക

1. നളിനിയുടെ
2. വളരെ ചെറുത്
3. സുന്ദരി
4. ആശ്വാസം, ദിവാകരനെ കണ്ടതിലുള്ള സന്തോഷം
5. തൊണ്ടയിടറി, സ്നേഹിച്ചവർ പിരിഞ്ഞിട്ട് പിന്നീട് കണ്ടുമുട്ടുമ്പോൾ വികാരപര്യവശത്താൽ തൊണ്ടയിടറുന്നു
6 നേരിൽ കാണാൻ സാധിച്ചതിലുള്ള സന്തോഷം. അതുകൊണ്ടുതന്നെ ജീവിതം ധന്യമായി.
7. കരഞ്ഞു പ്രാർത്ഥിക്കുന്നവരുടെ ഇഷ്ടം ഈശ്വരൻസാധിച്ചുകൊടുക്കും. തന്റെ പ്രാർത്ഥനയ്ക്കു ഫലമുണ്ടായി.
8. നളിനിയുടെ കുട്ടിത്തം മാറാത്ത മനസ്സ് യുവതിയായിട്ടും മാറ്റം വന്നിട്ടില്ല അത് ദിവാകരൻ മനസ്സിലാക്കുന്നു
9. മറ്റുള്ളവർക്കായി സ്വന്തം ജീവിതം സമർപ്പിക്കുന്നവർ. സമൂഹനന്മയ്ക്കായുള്ള പ്രവർത്തനം. സ്വന്തം കാഴ്ചപ്പാട് വ്യക്തമാക്കുന്നു
10. സ്നേഹമുള്ളവർ പിരിഞ്ഞശേഷം വീണ്ടും കാണുമ്പോൾ, ആ സുഖം വികാരപാരവശ്യം കലർന്നതായിരിക്കും. കാവ്യാശയവും ഗദ്യഭാഗവും ചേർത്തുള്ള അവതരണം. താരതമ്യം
11. കാവ്യഭാഗങ്ങൾ വിശദമാക്കുന്നു. സമാനമായ ആശാൻ കവിതകൾ സൂചിപ്പിക്കുന്നു. തത്വചിന്ത വിശദമാക്കുന്നു. പ്രഭാഷണത്തിന്റെഘടന

## കടൽത്തീരത്ത്

ഒ.വി.വിജയന്റെ ഭാവതീവ്രമായ കഥയാണ് കടൽത്തീരത്ത്. മരണശിക്ഷയ്ക്കു വിധിക്കുന്ന മകനെ കാണാൻ കണ്ണൂർ സെൻട്രൽ ജയിലിലേക്കുപോകുന്ന വെള്ളായിയപ്പനിലൂടെയാണ് കഥ തുടങ്ങുന്നത്. പാലക്കാട്ടെ ദരിദ്ര കർഷകനായ വെള്ളായിയപ്പൻ തൂക്കിക്കൊന്ന മകന്റെ ശവശരീരം ഏറ്റുവാങ്ങുന്നു. മരണാനന്തരകർമ്മങ്ങൾക്കു പണമില്ലാത്തതിനാൽ നടത്തുന്നില്ല. രാവിലെ മുതൽ നടന്നു വിഷമിച്ച വെള്ളായിയപ്പൻ കൈയിലുണ്ടായിരുന്ന പൊതിയിലെ ചോറ് കടൽത്തീരത്തേക്കെറിയുന്നു. ബലിക്കാക്കകൾ വന്ന് അത് കൊത്തിതിന്നുന്നു. ഈകഥയിൽ പെതിച്ചോറും മരണവും ആദ്യന്തം കഥാപാത്രങ്ങളാണ്. മരണത്തെ പ്രതീകാത്മകമായി അവതരിപ്പിച്ചിരിക്കുന്നു. ഗ്രാമീണ ജീവിതത്തിന്റെ ദാരിദ്ര്യവും ദൈന്യതയും കഥയുടെ പ്രത്യേകതയാണ്.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 മാർക്ക്**

1. 'കാരണവർക്ക് താല്പര്യമുള്ളതുപോലെ ശവം സംസ്കരിക്കാം.'
   'വേണ്ട..... എനിക്ക് താല്പര്യമില്ല. താല്പര്യമില്ല എന്ന വെള്ളായിയപ്പന്റെ മറുപടിയിൽ ഉൾച്ചേർന്നിരിക്കുന്ന ഭാവം എന്ത്?
   (നിസ്സഹായത, പ്രതിഷേധം, ദേഷ്യം)
2. സാന്ത്വനം കൊടുക്കുകയോ വാങ്ങുകയോ ചെയ്യാനാവാത്ത <u>മനസ്സിന്റെ മറ</u>
   അടിവരയിട്ടിരിക്കുന്ന പ്രയോഗം എന്തിനെയാണ് സൂചിപ്പിക്കുന്നത്?
   (തീവണ്ടിയെ, ഇരുമ്പഴികളെ, കരിമ്പനകളെ)
3. 'പടച്ചവൻ തുണക്കട്ടെ... മുത്തുനബി തുണക്കട്ടെ...നിന്റെയും എന്റെയും ദൈവങ്ങൾ തുണക്കട്ടെ.' ആരുടെ വാക്കുകളാണ് ഇവ?
   (വെള്ളയിയപ്പന്റെ, നീലിമണ്ണാത്തിയുടെ, കുട്ട്യസൻ മാപ്പിളയുടെ)
4. 'പുഴമണലിൽ നിന്ന് വെള്ളായിയപ്പൻ പുഴ വെള്ളത്തിലേക്കിറങ്ങി,'
   പുഴമണൽ ശരിയായി വിഗ്രഹിച്ചാൽ...
   (പുഴയും മണലും, പുഴയിലെ മണൽ, മണലുള്ള പുഴ)

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക്**

5. 'അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റി മുറുകി' ഈ വാക്യത്തിൽ ഉൾക്കൊണ്ടിരിക്കുന്ന രണ്ട് ആശയ സൂചനകൾ എഴുതുക.
6. വീടാത്ത കടങ്ങൾ <u>പടച്ചവന്റെ സൂക്ഷിപ്പുകളാണ്.</u> അടിവരയിട്ട പ്രയോഗത്തിന്റെ സവിശേഷ അർത്ഥമെന്ത്?
7. 'അവസാനത്തെ തിരിഞ്ഞുനോട്ടത്തിന്റെ ശ്രദ്ധാഞ്ജലിയോടെ വെള്ളായിയപ്പൻ നടന്നകന്നു.' കഥാസന്ദർഭത്തെ ഭാവതീവ്രമാക്കാൻ ഈവരികൾ സഹായിക്കുന്നതെങ്ങനെ? രണ്ട് സവിശേഷതകൾ എഴുതുക.

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 മാർക്ക്**

8. 'വെള്ളായിയപ്പൻ യാത്ര പുറപ്പെടുമ്പോൾ വീട്ടിൽ നിന്ന് കൂട്ടനിലവിളി ഉയർന്നു. അപ്പുറത്ത് അമ്മിണിയുടെ വീട്ടിലും അതിനുമപ്പുറത്ത് മുത്തു രാവുത്തന്റെ വീട്ടിലും ആളുകൾ ശ്രദ്ധാലുക്കളായി. വിഷാദാവാന്മാരായി. ആ വീടുകൾക്കുമപ്പുറത്ത് പാഴുതറയിലെ അമ്പതിൽ ചില്വാനം കുടിലുകളിൽ അത്രയും ഈ വിഷാദവും സഹാനുഭൂതിയും നിറഞ്ഞു.'

   ഒരു ഗ്രാമം മുഴുവൻ വെള്ളിയപ്പന്റെ ദു:ഖം ഏറ്റുവാങ്ങുന്നു എന്നുള്ള സൂചനയാണോ ഈ വരികൾ നൽകുന്നത്. നിങ്ങളുടെ നിരീക്ഷണത്തിന് അടിസ്ഥാനത്തിൽ കുറിപ്പ് തയ്യാറാക്കുക.
9. 'ജയിലിന്റെ ഉമ്മറത്തെ ചാരുപടിയിൽ വെള്ളായിയപ്പൻ ഇരുന്നു <u>അമ്പലത്തിലെ നട തുറക്കാൻ കാത്തിരിക്കുന്നതുപോലെ.</u>'

   അടിവരയിട്ടിരിക്കുന്ന പ്രയോഗം കഥാസന്ദർഭത്തെ അർത്ഥപൂർണ്ണമാക്കാൻ എത്രത്തോളം സഹായകമാകുന്നു... സന്ദർഭം വിശകലനം ചെയ്ത് സ്വാഭിപ്രായക്കുറിപ്പ് തയ്യാറാക്കുക.

**ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 മാർക്ക്**

10. "വെള്ളായിയപ്പൻ വെയിലത്ത് അലഞ്ഞുനടന്ന് കടൽപ്പുറത്തെത്തി. ആദ്യമായി കടൽ കാണുകയാണ്. കൈപ്പടങ്ങളിൽ എന്തോ നനഞ്ഞുകുതിരുന്നു. കോടച്ചി കെട്ടിത്തന്ന പൊതിച്ചോറാണ്. വെള്ളായിയപ്പൻ പൊതിയഴിച്ചു. വെള്ളായിയപ്പൻ അന്നം നിലത്തേക്കെറിഞ്ഞു. വെയിലിന്റെ മുകൾത്തട്ടിലെവിടെ നിന്നോ അന്നം കൊത്താൻ ബലിക്കാക്കകൾ ഇറങ്ങി വന്നു."

    കടൽത്തീരത്ത് എന്ന കഥ ഇങ്ങനെയാണ് അവസാനിക്കുന്നത്. ഈ കഥയെ ഭാവതീവ്രമാക്കാൻ കഥാന്ത്യം എത്രത്തോളം സഹായകമാകുന്നു. കഥ വിശകലനം ചെയ്ത് നിരൂപണക്കുറിപ്പ് തയ്യാറാക്കുക.

## ഉത്തരസൂചിക

1. നിസ്സഹായത
2. ഇരുമ്പഴികളെ
3. കുട്ട്യസൻ മാപ്പിളയുടെ
4. പുഴയിലെ മണൽ
5. അപരിചതരുടെ ചോദ്യങ്ങൾ വെള്ളായിയപ്പനെ ശ്വാസംമുട്ടിച്ചു. കൊലക്കയർ, മരണം ഇവ ബിംബങ്ങളായി അവതരിപ്പിച്ചിരിക്കുന്നു.
6. അവ മരണശേഷം ഈശ്വരനിൽ ലയിക്കുന്നു. മനുഷ്യൻ ഉപേക്ഷിച്ച കടങ്ങൾക്ക് പടച്ചവൻ തുണയെന്നാശ്വാസം.
7. വെള്ളായിയപ്പൻ മകനെ അവസാനമായി കാണുന്നു. ജയിലിൽ മകനെ കണ്ട് പിരിയുന്ന അപ്പന്റെ ദു:ഖത്തെ തീവ്രമാക്കുന്നു.
8. ഗ്രാമീണർ സുഖവും ദു:ഖവും പങ്കുവയ്ക്കുന്നു. വെള്ളായിയുടെ ദു:ഖം ഗ്രാമം ഏറ്റുവാങ്ങുന്നു. വെച്ചുകെട്ടില്ലാത്ത ഗ്രാമീണജീവിതം.
9. അമ്പലത്തിന്റെ നട തുറക്കുന്നത് മൂർത്തിയെ കാണാൻ. വെള്ളായിയപ്പന്റെ മകൻ അദ്ദേഹത്തിന് ഈശ്വരതുല്യനാണല്ലോ. കാത്തിരിപ്പിന്റെ വൈരുദ്ധ്യം.
10. കഥയെ ഭാവതീവ്രമാക്കാൻ മരണമെന്ന കഥാപാത്രത്തെ കഥയിലുടനീളം കൊണ്ടുവരുന്നു. പൊതിച്ചോറെന്ന മറ്റൊരു കഥാപാത്രത്തെ സ്നേഹത്തിന്റെ കരുതലിന്റെ സൂചനയായി അവതരിപ്പിക്കുന്നു. മരണാനന്തരകർമ്മത്തെ ഓർമ്മിക്കുന്നതിന് വാക്കുകൾ കൊണ്ടൊരു ശ്രദ്ധാഞ്ജലി ഒ.വിജയൻ നടത്തിയിരിക്കുന്നു.

# യൂണിറ്റ് 3

# സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ

മനുഷ്യമനസ്സിലെ സംഘർഷങ്ങൾ, അവ സൃഷ്ടികളാക്കുന്ന ദുരന്തങ്ങൾ ഉദാത്തമായ സൃഷ്ടികളായി അവതരിപ്പിക്കുന്നു.

## പ്രവേശകം

കലയുമായി താരതമ്യപ്പെടുത്തുമ്പോൾ ജീവിതം ചെറുതാണ്. കല/സാഹിത്യം കാലങ്ങളോളം നിലനിൽക്കും.

കഥകളിയുടെ സാഹിത്യരൂപമാണ് ആട്ടക്കഥ. ഉണ്ണായിവാര്യരുടെ നളചരിതം ആട്ടക്കഥ രണ്ടാം ദിവസത്തിൽ നിന്നുള്ളതാണ് പ്രലോഭനം എന്ന പാഠഭാഗം. സർവ്വഗുണ സമ്പന്നനായ നളൻ ദമയന്തിയെ വിവാഹം ചെയ്തതിൽ കുപിതനായ കലി നളസഹോദരനായ പുഷ്കരനെ സമീപിച്ച് ചൂതുകളിയിലൂടെ നളനെ തോല്പിച്ച് രാജ്യം നേടാൻ പ്രലോഭിപ്പിക്കുന്നു. മനുഷ്യന്റെ ഉള്ളിലുള്ള കോപത്തെ കലി എന്ന കഥാപാത്രമാക്കി കവി അവതരിപ്പിച്ചിരിക്കുന്നു. സംസ്കൃതവും മലയാളവും ചേർന്ന വെങ്കല ഭാഷയാണിതിൽ.

**പ്രലോഭനം**

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 മാർക്ക്**

1. 'കല ദീർഘമാണ് '- സൂചനയെന്ത്?
   (കലകൾ പഠക്കാൻ ദീർഘകാലം വേണം, കല അനശ്വരമാണ്, കലകൾ ദൈർഘ്യമേറിയതാണ്)
2. 'കലി'ക്ക് നൽകിയ വിശേഷണമെന്ത്?
   (ജളൻ,ഹരൻ, കോപിഷ്ഠൻ, കോപമത്സരവശംവദൻ)

3 പുഷ്കരന്റെ സ്വഭാവം വ്യക്തമാക്കുന്ന പ്രയോഗമേത്?
   (ജളൻ, കോപമത്സരവശംവദൻ, പരിഷ, ദു:ഖിതൻ)

4 ദൂരത്തൂന്നാരും വരികയില്ല നമ്മെക്കാൺമാൻ. ഈ വരികളിൽ തെളിയുന്ന മനോഭാവമെന്ത്?
   (ദു:ഖം, നിരാശ, കോപം,നാണം)

5 മാതൃക പോലെ പൂരിപ്പിക്കുക

| | |
|---|---|
| ദാശരഥി | - ദശരഥന്റെ പുത്രൻ |
| വൈരസേനി | |

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക്**

6 'ബാഹുജനെന്നുള്ളതേ നമുക്കൊന്നുള്ളുമുറ്റും' ഇപ്രകാരം പറയാൻ പുഷ്കരനെ പ്രേരിപ്പിച്ചതെന്ത്?

7 ധരണിയിലുള്ള പരിഷകൾ നളനെച്ചെന്നുകാണും അവർക്കുവേണ്ടും കാര്യം നളനും സാധിപ്പിക്കും - ഇതിൽ നിന്നും പുഷ്കരനെക്കുറിച്ച് ലഭിക്കുന്ന ധാരണകൾ എന്തെല്ലാം?

8 കലി പുഷ്കരനെ പ്രലോഭനത്തിന് തെരഞ്ഞെടുത്തതെന്തുകൊണ്ട്?

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 മാർക്ക്**

9. ദുഷ്കരമായിട്ടൊന്നുമില്ല കേൾ
   മത്സഹായമുണ്ടായാലേവനും
   പാരിലെന്നെയിന്നാരറിയാതവർ? - നളചരിതം

   വ്യക്തിമനസ്സിൽ കുടികൊള്ളുന്ന അഹംഭാവത്തിന്റെ പ്രകടനമാണ് ഈ വരികളിലൂടെ വ്യക്തമാകുന്നത്. മേൽപ്പറഞ്ഞ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ 'കലി' എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

10. ''ധരണിയിലുള്ള പരിഷകൾ നളനെച്ചെന്നുകാണും''
    ''ബാഹുജനെന്നുള്ളതേ നമുക്കൊന്നുള്ളൂ മുറ്റും''
    ''പഴുതേ ഞാനെന്തേ പലവക പറഞ്ഞു കേൾപ്പിക്കുന്നു.''

    ഇത്തരം പ്രയോഗസവിശേഷതകൾ പുഷ്കരന്റെ മാനസിക സംഘർഷങ്ങളെ തുറന്നുകാട്ടുന്നതിൽ എത്രമാത്രം വിജയിച്ചിട്ടുണ്ട്. സ്വാഭിപ്രായം വ്യക്തമാക്കുക.

**ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 മാർക്ക്**

11 പ്രലോഭനത്തിൽപ്പെട്ടു പോകുന്ന യുവതലമുറയുടെ പ്രതീകമാണ് പുഷ്കരൻ. സമകാലിക സംഭവങ്ങളെ ആസ്പദമാക്കി വ്യക്തമാക്കുക.

## ഉത്തരസൂചിക

1. കല അനശ്വരമാണ്,
2. കോപമത്സരവശംവദൻ
3 ജളൻ
4 നിരാശ
5 വൈരസേനി - വീരസേനന്റെ പുത്രൻ
6 അപകർഷതാബോധം, അസൂയ, അസന്തുഷ്ടി
7 അസംതൃപ്തി, ദൈന്യത, നിരാശ
8 ശത്രുവിന്റെ ശത്രു മിത്രം, നളന്റെ ഉയർച്ചയിൽ അസൂയാലുവാണ്
9 എന്റെ സഹായമുണ്ടായാൽ ഒന്നും ദുഷ്കരമല്ല. ലോകത്തെ തന്നെ അറിയാതാരുമില്ല എന്ന പ്രയോഗങ്ങളിലെ അഹങ്കാരം വിശദമാക്കുന്നു.
10 കാവ്യഭാഗങ്ങളുടെ വിശകലനത്തിലൂടെ പുഷ്കരന്റെ മാനസീകാവസ്ഥ കണ്ടെത്തുന്നു. പാരിഷബാഹുജൻ, പഴുതേ എന്നീ പ്രയോഗങ്ങളുടെ പ്രത്യേകത.
11 അസംതൃപ്തവും അസ്വസ്ഥവുമായ മനസ്സാണ്. അധികാരമോഹം ആപത്ത്. മറ്റുള്ളവരുടെ വാക്കുകളിൽ വിശ്വസിക്കരുത്. നിരാശ, അപകർഷതാബോധം, വിദ്വേഷം ഇവ പ്രലോഭനത്തിന്അടിമപ്പെടാൻ ഇട നൽകും. ശത്രുമിത്രഭേദം തിരിച്ചറിയണം.

## യുദ്ധത്തിന്റെ പരിണാമം

വ്യാസൻ രചിച്ച മഹാഭാരതകഥയെ തന്റേതായ കാഴ്ചപ്പാടിലൂടെ അവതരിപ്പിച്ചിരിക്കുകയാണ് കുട്ടികൃഷ്ണമാരാർ. 'ഭാരതപര്യടനം' എന്ന നിരൂപണ കൃതിയിൽ.

സഹോദരപുത്രന്മാരായ പാണ്ഡവരും കൗരവരും രാജ്യാധികാരത്തെച്ചൊല്ലി തർക്കവും പിന്നീട് യുദ്ധവും ഉണ്ടായി. കൗരവപക്ഷത്തെ മൂന്നു പേരൊഴികെ എല്ലാവരും മരിച്ചു. മരണം കാത്തുകിടന്ന ദുര്യോധനന്റെ അവസ്ഥയും അശ്വത്ഥാമാവിന്റെ പകയും, യുദ്ധം വിജയമല്ല പരാജയമാണ് നൽകുന്നതെന്ന സന്ദേശം ഇതിൽ ഉൾക്കൊണ്ടിരിക്കുന്നു.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 മാർക്ക്**

1 മാതൃകപോലെ എഴുതുക.

a. തലവേദന - തലയിലെ വേദന

ഭാഗീരഥീകച്ഛം -

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക്**

2 'വല്ലപാടും നേടിയ വിജയം' എന്ന പ്രയോഗത്തിന്റെ ഔചിത്യമെന്ത്?

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 മാർക്ക്**

3 'വിഷത്തേക്കാൾ വർജ്ജ്യമാകും നരചിത്തം ദുഷിക്കുകിൽ.' 'യുദ്ധത്തിന്റെ പരിണാമം' എന്ന പാഠഭാഗത്തിന് ഇത് എത്രമാത്രം യോജിക്കുന്നു. കണ്ടെത്തുക.

4 'ആ ഹൃദയോന്നതിക്കു മുന്നിൽ ആ ആഭിജാത്യത്തിനു മുമ്പിൽ ഒരിറ്റു കണ്ണുനീർ തൂകാതിരിപ്പാൻ ആർക്കു സാധിക്കും?' ഈ പരാമർശം മുൻനിർത്തി ദുര്യോധനൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷത കണ്ടെത്തുക

**ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 മാർക്ക്**

5 അതിനെ, അവനെ എപ്പോഴും എവിടെയും കരുതിയിരുന്നുകൊള്ളുക എന്ന താക്കീതാണ് അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവ്വവ്യാപിയുമായി കല്പിച്ചതിന്നർത്ഥം. ഈ പ്രസ്താവനയെ വിലയിരുത്തി ഉപന്യാസം തയ്യാറാക്കുക

6 ചലച്ചിത്രത്തിലെ ദൃശ്യക്രമീകരണം പോലെ വായനക്കാരന്റെ മനസ്സിൽ കാഴ്ചകളെ ഒന്നിനു പുറകിൽ ഒന്നായി എത്തും വിധമാണ് മാരാർ ഭാരതപര്യടനത്തെ തയ്യാറാക്കിയിരിക്കുന്നത്. യുദ്ധത്തിന്റെ പരിണാമം എന്ന പാഠഭാഗത്തെ മുൻനിർത്തി മേൽപ്പറഞ്ഞ പ്രസ്താവന വിശദമാക്കുക.

## ഉത്തരസൂചിക

1 a. തലവേദന - തലയിലെ വേദന

ഭാഗീരഥീകച്ഛം - ഭഗീരഥിയുടെ കച്ഛം

2 തെറ്റായ മാർഗ്ഗത്തിലൂടെ, ചതിപ്രയോഗത്തിലൂടെ

3 തിന്മ, അത്യാഗ്രഹം, ചതി, പക, ക്രൂരത കൊണ്ട് മനുഷ്യമനസ്സ് ദുഷിച്ചാൽ മോശമാകും. വിഷം മനുഷ്യരെ കൊല്ലും. ദുഷിച്ച മനസ്സ് രാജ്യത്തെയും മനുഷ്യകുലത്തെയും ഒന്നാകെ നശിപ്പിക്കും. കൂടെ സംസ്കാരം പരിസ്ഥിതി ഇവയും മനുഷ്യൻ പിശാചിനെപ്പോലെ പ്രവർത്തിക്കും.

4 ക്രൂരമായ മരണത്തിലും വിലപിക്കാത്ത മനസ്സ് ശത്രുവിനോട് അവജ്ഞ: ചതിച്ചവരോട് കോപവും സഹതാപവും. പലതും നേടി. പലതും ചെയ്തു. അതിൽ സംതൃപ്തി, അഭിമാനം ചതിച്ചവർ തോൽക്കുകയും താൻ ജയിക്കുകയും ചെയ്തു എന്ന ഭാവം. ഏകസഹോദരിയെക്കുറിച്ച് വ്യസനിക്കുന്നതിലൂടെ പ്രകടമാക്കുന്ന ഹൃദയോന്നതിയും ആഭിജാത്യവും.

5 അശ്വത്ഥാമാവിനെക്കുറിച്ചുള്ള പരാമർശം. ദുര്യോധനനോട് സ്നേഹം. പാണ്ഡവരോട് പക, വെല്ലുവിളി, ധൃഷ്ടദ്യുമ്നനോടും ശിഖണ്ഡിയോടും പ്രതികാരം. ബ്രഹ്മശിരസ് എന്ന ദിവ്യായുധ പ്രയോഗം. വ്യാസനോടുള്ള പ്രതികരണം. ശാപവാക്കുകൾക്കു നൽകിയ മറുപടി. എതിരാളിക്കു മൂലോച്ഛേദം വരുത്തിയേ തീരൂ എന്ന വാശി.

6 ചലച്ചിത്രത്തിന്റെ ദൃശ്യം പോലെ സംഭവങ്ങൾ ഒന്നിനുപുറകെ ഒന്നായി കാണിച്ചിരിക്കുന്നു. നേരിൽ കാണുന്നതുപോലെയുള്ള അവതരണം. ദൃശ്യപരത കൊണ്ട് ആശയവ്യക്തത വരുത്തിയിരിക്കുന്നു.

## ആത്മാവിന്റെ വെളിപാടുകൾ

റഷ്യൻ സാഹിത്യകാരനായ ദസ്തയേവ്സ്കിയുടെ ജീവിതം അടിസ്ഥാനമാക്കി ശ്രീ. പെരുമ്പടവം ശ്രീധരൻ എഴുതിയ 'ഒരു സങ്കീർത്തനം പോലെ' എന്ന നോവലിലെ ഒരു ഭാഗമാണ് ആത്മാവിന്റെ വെളിപാടുകൾ. കെട്ടുപിണഞ്ഞ ജീവിത പ്രശ്നങ്ങൾക്കിടയിലും സന്തോഷം കണ്ടെത്തുകയാണ് ദസ്തയേവ്സ്കി.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 മാർക്ക്**

1 ഉപദേശത്തിന്റെ കുറവുകൊണ്ടാണോ മനുഷ്യൻ ചീത്തയാകുന്നത്. ഈ പ്രയോഗത്തിന്റെ അർത്ഥമെന്ത്?
(ഉപദേശം കുറഞ്ഞാൽ ചീത്തയാകും, എത്ര ഉപദേശിച്ചാലും ചീത്തയാവും, നന്നായി ഉപദേശിക്കണം, നന്നായി ഉപദേശിച്ചാലും ചിലർ ചീത്തയാവും)

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക്**

2 'വഴിയരികിൽ വലിച്ചെറിയപ്പെട്ട ഒരു പാറക്കഷണം പോലെയല്ലേ ഇപ്പോൾ തന്റെ അവസ്ഥ' സൂചനയെന്ത്?

3. അതിൽ നിന്നു പുറത്തു കടക്കുമ്പോഴോ? വീണ്ടും കഴുകന്റെ നഖങ്ങളിലേക്ക് അടിവരയിട്ട ഭാഗം പാഠസന്ദർഭത്തിന് നൽകുന്ന സൂചനകൾ എന്തെല്ലാം?

4. 'വയ്യാവേലികൾ വലിച്ചു തലയിൽ വയ്ക്കുന്നതു നിങ്ങളുടെ ഒരു മനോരോഗമാണ്.' ദസ്തേവിസ്കിയുടെ എന്തെല്ലാം വൈരുദ്ധ്യങ്ങളാണ് സുഹൃത്ത് ഈ വാക്കുകളിലൂടെ എടുത്തു കാണിക്കുന്നത്?

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 മാർക്ക്**

5 ദുരന്തങ്ങൾക്കിടയിലും ദസ്തയേവ്സ്കിയുടെ മനസ്സിലേക്കു കടന്നുവരുന്ന ഹൃദ്യമായ ഓർമ്മകളെന്തെല്ലാം?

6. മനുഷ്യന്റെ ഉള്ളിലെ കാടുകളും ഗുഹകളും കൊടുമുടികളും ഗർത്തങ്ങളും കടുംതൂക്കുകളും മരുഭൂമികളും ചതുപ്പുകളും ഇരുണ്ട കോട്ടകളും അൾത്താരകളും വിള്ളലുകളും വിജനതകളും ഇതുപോലെ വേറെ ആരും കാണിച്ചു തന്നിട്ടില്ല. ഈ വാക്കുകളിൽ തെളിയുന്ന ദസ്തയേവ്സ്കിയുടെ സാഹിത്യലോകത്തെക്കുറിച്ച് വിശകലനക്കുറിപ്പ് തയ്യാറാക്കുക.

**ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 മാർക്ക്**

7 സഹിക്കാനൊന്നുമില്ലാത്ത ജീവിതം യഥാർത്ഥത്തിൽ ജീവിതമാണോ? ഈ പ്രസ്താവനയിലൂടെ ദസ്തയേവ്സ്കിയുടെ ജീവിതദർശനം വ്യക്തമാക്കുക.

### ഉത്തരസൂചിക

1. നന്നായി ഉപദേശിച്ചാലും ചിലർ ചീത്തയാവും
2. ആർക്കും വേണ്ടാത്ത പ്രയോജനമില്ലാത്ത
3. ജീവിതത്തിന്റെ കഷ്ടതകൾ
4. ചേട്ടന്റെ കുടുംബത്തെ സംരക്ഷിക്കുന്നത്. ധൂർത്ത്, മദ്യപാനം, ചൂതുകളി
5. ചേട്ടൻ മൈക്കിളിന്റെ എപോക് എന്ന പ്രസിദ്ധീകരണം, അതിൽ എഴുതാൻ സാധിച്ചത്. ഭാര്യയുമൊത്തുള്ള സ്നേഹത്തിന്റെ ദിനങ്ങൾ, അന്നയുമൊത്ത് ചെലവഴിക്കുന്ന നിമിഷങ്ങൾ
6. മനുഷ്യമനസ്സിന്റെ ആത്മസംഘർഷങ്ങൾ. ദുരന്തങ്ങൾക്കിടയിലും ജീവിതത്തെ സ്നേഹിക്കുന്ന കഥാപാത്രങ്ങൾ
7. ചുഴലിരോഗം, ഭാര്യയുടെ മരണം, സഹോദരന്റെ മരണം, ചൂതാട്ടം, കടം, ചേട്ടന്റെ കുടുംബത്തിന്റെ ബാധ്യത, ചേട്ടന്റെ കടം, പ്രാരാബ്ധങ്ങൾ പ്രസാധകരുടെ ശല്യപ്പെടുത്തൽ, പാഷയുടെ ദുർന്നടപ്പ് ഓരോ ദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കാൻ പഠിപ്പിച്ചു. ഹൃദ്യമായ ഓർമ്മകളിൽ ജീവിച്ചു.

## യൂണിറ്റ് 4

# വാക്കുകൾ സർഗതാളങ്ങൾ

സാഹിത്യരചനയുമായി ബന്ധപ്പെട്ട് എഴുത്തുകാരന്റെ അനുഭവങ്ങളിലൂടെ കടന്നുപോകാനും, സർഗാത്മകതയുടെ ശക്തി തിരിച്ചറിയാനുമുള്ള പാഠങ്ങളാണ് ഈ യൂണിറ്റിലുള്ളത്. മനുഷ്യർക്ക് വ്യത്യസ്ത കഴിവുകളുണ്ട്. അവർ ജീവിതം സുന്ദരമാക്കുന്നത് കലാപരവും സർഗാത്മകവുമായ കഴിവുകളുടെ പ്രകടനത്തിലൂടെയാണ്. സാഹിത്യകാരന്റെ ജീവിതാനുഭവങ്ങൾ കഥ, കവിത, നാടകം, നോവൽ, ആത്മകഥ മുതലായ വ്യത്യസ്ത രൂപങ്ങളിലേക്ക് അവ മാറ്റപ്പെടുന്നു.

## പ്രവേശകം

പ്രവേശകമായി നൽകിയിരിക്കുന്നത് ചിലിയൻ കവി പാബ്ലോനെരൂദയുടെ കവിതയാണ് കവിത തന്നിലെത്തിയ വിവിധ വഴികളെക്കുറിച്ച് സൂചിപ്പിക്കുകയാണ് കവി.

### പഠനനേട്ടം

എഴുത്തുകാരുടെ ജീവിതം, ദേശം, ഭാഷ, സാഹചര്യം മുതലായവ എഴുത്തിനെ സ്വാധീനിച്ചതെങ്ങിനെയെന്ന് തിരിച്ചറിയുന്നു.

### ചോദ്യങ്ങൾ

1. പാബ്ലോനെരൂദയുടെ കവിതയിൽ അദ്ദേഹത്തിന്റെ രചനകൾക്ക് പ്രചോദനമായ കാര്യങ്ങൾ പറയുന്നുണ്ട്. രണ്ടെണ്ണം എഴുതുക? (2)

**ഉത്തരസൂചകം**

1. കുളിർത്തു വിറയ്ക്കുന്ന ശിശിരം
2. പതഞ്ഞൊഴുകുന്ന നദി

2. പാബ്ലോനെരൂദയുടെ കവിതയുടെ പൊരുൾ എന്താണ്? (2)

**ഉത്തരസൂചകം**

കവിതയുടെ വരവിന് അറിയാത്ത പാലകാരണങ്ങൾ ഉണ്ട്. പ്രായമോ, ദേശമോ, കാലമോ സർഗാത്മക രചനയ്ക്ക് തടസ്സമാകുന്നില്ല. രചന പ്രവചനങ്ങൾക്ക് അപ്പുറമാണ്.

## അക്കർമാശി

ഉത്തരേന്ത്യയിലെ ജാതി വിവേചനവും അതുമൂലമുണ്ടായ ദയനീയ ജീവിത സാഹചര്യങ്ങളും സ്വന്തം ജീവിതാനുഭവത്തിൽ നിന്നും പകർത്തിയെഴുതിയ മറാത്തി എഴുത്തുകാരൻ ശരൺകുമാർ ലിംബാളെയുടെ ആത്മകഥയായ 'അക്കർമാശി'യിൽ നിന്നുള്ളതാണ് പാഠഭാഗം. ദാരിദ്ര്യംകൊണ്ടും വിവേചനങ്ങൾകൊണ്ടും ദയനീയവും ഭയാനകവുമായ തന്റെ ബാല്യകൗമാരങ്ങളെ വരച്ചിട്ടിരിക്കുന്ന പ്രശസ്ത കൃതിയാണ് അക്കർമാശി. കഷ്ടപ്പാടുകൾക്കിടയിലും മൂല്യവത്തായ ഒരു ജീവിതം സാധ്യമാണെന്ന വലിയ സന്ദേശമാണ് ഈ പാഠം.

### പഠനനേട്ടങ്ങൾ

1. സാഹിത്യകൃതികൾ വായിച്ച് എഴുത്തുകാരുടെ ജീവിതാനുഭവങ്ങൾ അവരുടെ രചനയെ എത്രമാത്രം സഹായിച്ചിട്ടുണ്ടെന്ന് കണ്ടെത്തുന്നു.
2. വിവിധ സാഹിത്യ രചനകളിൽ തെളിയുന്ന സാമൂഹിക ജീവിതം വിശകലനം ചെയ്യുന്നു.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 മാർക്ക്**

1. 'പഴക്കട' വിഗ്രഹിച്ചെഴുതിയാൽ?

   (പഴവും കടയും, പഴങ്ങൾ വിൽക്കുന്ന കട, കടയിലുള്ള പഴങ്ങൾ)

2. മടിയൻ, കടക്കാരൻ എന്നീ വിശേഷണങ്ങൾ ചേരുന്ന കഥാപാത്രം എടുത്തെഴുതുക?

   (ശരൺകുമാർ, കുമാർമാമ, പിർജാദെ)

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക്**

3. അർത്ഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കുക.
   'എന്നും പണിക്കുപോകുന്നതുപോലെ കുമാർമാമ വീട്ടിൽ നിന്ന് ഇറങ്ങും. പക്ഷേ അയാളെ എന്നോ ജോലിയിൽ നിന്ന് പിരിച്ചുവിട്ടിട്ടുണ്ടായിരുന്നു.'
4. ചപൾഗാവ് ബോർഡിംഗ് സ്കൂളിലേക്കു മാറിയതോടെ എന്തെല്ലാം കാര്യങ്ങളാണ് ലിംബാളെയുടെ മനസ്സിൽ നിന്ന് അപ്രത്യക്ഷമായത്?
5. 'ഇക്കൊല്ലം നമ്മൾ സ്പോർട്സിൽ തോറ്റുപോയി. സാരമില്ല എന്നാൽ ഈ കുട്ടി, ലിംബാളെ കാണിച്ച സത്യസന്ധതയുണ്ടല്ലോ അത് ഈ ക്ലാസിന്റെ മുഴുവനും വിജയമാണ്.' സാഹചര്യം എഴുതുക.
6. ശരൺകുമാർ ലിംബാളെക്ക് കുട്ടിക്കാലത്ത് വായനയോടുണ്ടായ താല്പര്യം വ്യക്തമാക്കുന്ന സന്ദർഭം എഴുതുക?
7. ഇക്കൊല്ലം നമ്മൾ പരീക്ഷയ്ക്ക് തോറ്റു<u>പോയി</u> – അടിവരയിട്ട പദത്തിന്റെ സവിശേഷത കണ്ടെത്തി എഴുതുക?

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 മാർക്ക്**

8. 'ശാന്താ ആത്യായുടെ കൂടെ ഞാനും ചവറുപെറുക്കാൻ പോയി. ഞാൻ ചവർകൂമ്പാരത്തിൽ കൈയിട്ടിളക്കും. എപ്പോഴെങ്കിലും ഒരു നല്ല കടലാസ് കണ്ടെത്തിയാൽ എനിക്ക് സന്തോഷം തോന്നും.' ശരൺകുമാർ ലിംബെളായുടെ ഇത്തരം ജീവിതാനുഭവങ്ങൾ നൽകുന്ന സന്ദേശമെന്താണ്? ലഘുകുറിപ്പ് തയ്യാറാക്കുക.
9. ചവറുകൾക്കു പകരം തൂക്കി നോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നെനിക്കുതോന്നി. ലിംബാളെയുടെ ജീവിത പശ്ചാത്തലം വ്യക്തമാക്കാൻ ഇത്തരം പ്രയോഗങ്ങൾ എത്രമാത്രം ശക്തമാണെന്ന് പാഠഭാഗത്തിന്റെ പശ്ചാത്തലത്തിൽ വിവരിക്കുക.

10 അക്കർമാശിയിൽ തെളിയുന്ന സാമൂഹിക ജീവിതാവസ്ഥയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

11 ശാന്താ ആത്യയുടെ ജീവിത സാഹചര്യം വിവരിക്കുക?

**ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 മാർക്ക്**

12. ചവറിൽ പൊതിഞ്ഞുകിടക്കുന്ന കീറക്കടലാസുകൾ ഒരു വശത്തും ഞങ്ങളുടെ നിത്യസുഹൃത്തായ വിശപ്പ് മറുവശത്തും . (അക്കർമാശി)

    അരിയിട്ട് തെളപ്പിച്ച കഞ്ഞി കുടിക്കണം-അവസാനത്തെ ആഗ്രഹം (രണ്ടിടങ്ങഴി-തകഴി) വിവിധ കാലങ്ങളിലെ അടിയാള ജീവിതത്തിന്റെ അനുഭവങ്ങളാണിവ. അക്കർമാശിയെ അടിസ്ഥാനപ്പെടുത്തി 'അടിയാള ജീവിതം അന്നും ഇന്നും' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക

13. ദിവസേന പൊട്ടിയ കുപ്പിയും കീറക്കടലാസും പഴന്തുണിയുമൊക്കെ പെറുക്കി നടന്ന് വിറ്റില്ലെങ്കിൽ അന്നന്നത്തെ ആഹാരത്തിനു വഴിയില്ല. ചവറുകൾക്കു പകരം തൂക്കി നോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണ്.

ഇത്തരത്തിൽ കഷ്ടപ്പെടുന്നവർ നമുക്ക് ചുറ്റുമുണ്ട്. അവരെ സഹായിക്കാനായി നമുക്ക് ചെയ്യാവുന്നതെന്തെല്ലാം? അതിനായി നമ്മൾ ജീവിതശൈലിയിൽ വരുത്തേണ്ട മാറ്റങ്ങൾ ഉൾപ്പെടുത്തി ഒരു പ്രഭാഷണം തയ്യാറാക്കുക?

**ഉത്തരസൂചകം**

1 പഴങ്ങൾ വിൽക്കുന്നകട

2. കുമാർമാമ

3 എന്നും പണിക്കുപോകുന്നതുപോലെ കുമാർമാമ വീട്ടിൽ നിന്ന് ഇറങ്ങുമെങ്കിലും അയാളെ എന്നോ ജോലിയിൽ നിന്ന് പിരിച്ചുവിട്ടിട്ടുണ്ടായിരുന്നു

4. ദാദായുടെ നമസ്കാര ചടങ്ങുകൾസ്വന്തമായി അംബാലക്ഷ്മി ഭഗവതിമാരെ പൂജിക്കുന്നതും പ്രാർത്ഥിക്കുന്നതും ഗ്രാമത്തലവനായ കാക്കായുടെ പുരാണപാരായണങ്ങളും മന്ത്രോച്ചാരണങ്ങളും

5. വഴിയിൽക്കിടന്ന് കിട്ടിയ മുപ്പതുരൂപ തിരിച്ചുകൊടുക്കുന്ന സംഭവം

6. ചവറുകൾ തിരയുന്നതിനിടയ്ക്ക് എപ്പോഴെങ്കിലും ഒരു നല്ല കടലാസ് കണ്ടെത്തിയാൽ ലിംബാളെ വലിയ സന്തോഷത്തോടെ അത് നിവർത്തി വായിക്കാൻ ശ്രമിക്കും.

7. അനുപ്രയോഗം

8 ലിംബാളെയുടെ കുട്ടിക്കാലത്തെ ബുദ്ധിമുട്ടുകൾ ശാന്താആത്യയുടെ കൂടെയുള്ള യാത്ര വായനയോടുള്ള ആഭിമുഖ്യം സത്യസന്ധത എന്ന ജീവിതമൂല്യം

9. കുട്ടിക്കാലത്ത് ചപ്പുചവറുകൾ പെറുക്കാൻ പോയ അനുഭവങ്ങൾ ചവറുകൾ തൂക്കി വിൽക്കുമ്പോഴുള്ള ചിന്ത മിഠായിക്കടലാസുകളും കടലാസുപൊതികളും പെറുക്കുമ്പോഴുള്ള വ്യത്യസ്ത അനുഭവങ്ങൾ ദിവസം മുഴുവനുമുള്ള അലച്ചിൽ

10 ജാതിവ്യവസ്ഥ, ദാരിദ്ര്യം

11 ജീവിതത്തിന്റെ അരക്ഷിതാവസ്ഥ, അദ്ധ്വാനശീലം, ഉത്തരവാദിത്വം

12 (1) അർമാശിയിലെയും രണ്ടിടങ്ങഴിയിലെയും സാഹചര്യങ്ങൾ വിശകലനം ചെയ്യുക.

(2) അടിയാള ജീവിതത്തിന്റെ അവസ്ഥ സൂചിപ്പിക്കുക

(3) അക്കർമാശിയിലെ അത്തരം സന്ദർഭങ്ങൾ എഴുതുക

(4) സമകാലിക സംഭവങ്ങൾ ബന്ധപ്പെടുത്തുക

(5) വിഷയത്തിന്റെ നിഗമനം ക്രമീകരിച്ച് എഴുതുക

13. പ്രസക്തി, സാമൂഹിക ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്,
മാനവികതയുടെ പ്രാധാന്യം, അവതരണത്തിലെ ക്രമപ്പെടുത്തൽ

## ഞാൻ കഥാകാരനായ കഥ

ജ്ഞാനപീഠ ജേതാവും, സഞ്ചാരസാഹിത്യകാരനും കഥാകാരനുമായ എസ്.കെ. പൊറ്റക്കാടിന്റെ അനുഭവക്കുറിപ്പുകളാണ് പാഠഭാഗം. വിദ്യാർത്ഥിയായിരുന്ന കാലത്തുണ്ടായ ജീവിതാനുഭവം തന്നെ കഥാകാരനാക്കി മാറ്റിയതിനെക്കുറിച്ച് ഇതിൽ വിവരിക്കുന്നു.

**പഠനനേട്ടം**

എഴുത്തുകാരുടെ ജീവിതത്തെ സ്വാധീനിക്കുന്ന കുടുംബപരവും സാമൂഹികവുമായ പ്രശ്നങ്ങൾ എഴുത്തിനെ എങ്ങനെ തീവ്രമാക്കുന്നുവെന്ന് കണ്ടെത്തുന്നു.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 മാർക്ക്**

1. വളരെ കഷ്ടങ്ങളനുഭവിച്ച 'അക്ഷരജ്ഞാന'മില്ലാത്ത ഒരു വൃദ്ധമാതാവ്. അക്ഷരജ്ഞാനം വിഗ്രഹിച്ചെഴുതിയാൽ?

   (അക്ഷരവും ജ്ഞാനവും, ജ്ഞാനമുള്ള അക്ഷരം, അക്ഷരത്തെക്കുറിച്ചുള്ള ജ്ഞാനം)

2. അവർ പറഞ്ഞതെല്ലാം പാകപ്പെടുത്തി സ്വന്തം വകയായി ചില സരസ്വതീ വിലാസങ്ങളും ചേർത്ത് ഞാൻ ആ മടയനായ മകന് തുടരെത്തുടരെ കത്തുകൾ എഴുതിയയച്ചു. അടിവരയിട്ട പ്രയോഗം സന്ദർഭത്തിനു നൽകുന്ന സവിശേഷാർത്ഥം കണ്ടെത്തുക?

   (വെറുതെ എഴുതി, തന്റെ ഭാവനയും ചേർത്തെഴുതി, വ്യാകരണത്തെറ്റില്ലാതെഴുതി)

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക്**

3. എനിക്ക് അപ്പോൾ സഹതാപവും തുടർന്നുകൊണ്ട് ഉള്ളിൽ ചിരിയും വന്നു. സഹതാപവും ചിരിയും വരാനുള്ള കാരണം എഴുതുക:

4 ഇപ്പോൾ അവന്ന് എന്നെ കണ്ടുകൂടാതായി. അവൻ എന്നെ 'കുഠം' പിടിച്ച പട്ടിയെപ്പോലെ ആട്ടിപ്പായിച്ചു.ഈ വാക്യങ്ങളിൽ തെളിയുന്ന അമ്മയുടെ മാനസികാവസ്ഥ കണ്ടെത്തി എഴുതുക.

5. എസ്.കെ.പൊറ്റക്കാടിന്റെ അഭിമാനം ഉച്ചകോടിയിലെത്തിയ സന്ദർഭം ഏതാണ്?

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 മാർക്ക്**

6. 'മുക്കാലും കുരുടിയായിരുന്ന ആ മുത്തിത്തള്ളയാണ് ചെറുകഥാ രചനയിൽ എന്റെ ആദ്യത്തെ ഗുരുനാഥ' ആദ്യത്തെ ഗുരുനാഥ എന്ന് എസ്.കെ. വിശേഷിപ്പിച്ചതിന്റെ ഔചിത്യം പരിശോധിക്കുക?

7. 'പ്രശാന്തതയിൽ അനുസ്മരിക്കപ്പെടുന്ന നൈസർഗ്ഗികമായ വികാരങ്ങളുടെ അനർഗള പ്രവാഹമാണ് കവിത' - വില്യം വേർഡ്സ് വർത്ത്

   കവിതയ്ക്ക് വേർഡ്സ് വർത്ത് നൽകുന്ന നിർവചനം എസ്.കെ. പൊറ്റക്കാടിന്റെ അനുഭവവുമായി ചേർന്നുനിൽക്കുന്നുണ്ടോ? വിശകലനം ചെയ്യുക

**ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 മാർക്ക്**

8. അവന്നു വയറുനിറയെ ഉണ്ണാൻ വേണ്ടി ഞാൻ പഷ്ണി കിടന്നതും അവന്നു സ്കൂളിലേക്ക് ഒരു വരക്കോലും ഷ്കൂൾപെട്ടിയും വാങ്ങാൻ പൈസയില്ലാതെ ഞാൻ എന്റെ അരയിലെ ഏലസ്സിനകത്ത് പണ്ടുപണ്ടേ കിടന്നിരുന്ന പൊൻപണം തൂക്കി വിറ്റതും മറ്റും അവന്ന് ഓർമ്മയുണ്ടോ എന്നൊന്ന് എഴുതി ചോദിക്കൂ... ദൈവത്തെ മറന്നു കളിക്കണ്ടാ എന്നും പറയണം. ഇങ്ങനെയെല്ലാം മകനെ വളർത്തിയ അമ്മയെയാണ് ആ മകൻ ഉപേക്ഷിച്ചത്. ഇത്തരം സംഭവങ്ങൾ ഇന്നും കേരളത്തിൽ ആവർത്തിക്കുന്നുണ്ടോ? പാഠസന്ദർഭങ്ങളും സമകാലിക കേരളത്തിലെസംഭവങ്ങളും പരിഗണിച്ച് പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

**ഉത്തരസൂചകം**

1. അക്ഷരത്തെക്കുറിച്ചുള്ള ജ്ഞാനം
2. തന്റെ ഭാവനയും ചേർത്തെഴുതി
3. മനസ്സുരുകി മരിച്ച അമ്മയുടെ ജീവിതകഥകൾ അനുസ്മരിച്ചപ്പോഴുണ്ടായസഹതാപം.

   ഭാര്യയുടെ നടപടിദൂഷ്യം കണ്ടുപിടിക്കാൻ ആ മടയന് പതിനേഴുകൊല്ലം വേണ്ടി വന്നല്ലോ എന്നോർത്ത് ചിരി വന്നു.

4. മകൻ അവഗണിക്കുന്നതിലുള്ള ദു:ഖം വാർദ്ധക്യത്തിന്റെ നിസ്സഹായത

5. അമ്മയ്ക്ക് മകൻ പണം അയയ്ക്കാൻ നിമിത്തമായ കത്തെഴുതിയിരുന്നത് ഒരു സ്കൂൾ കുട്ടിയാണ് എന്ന് അമ്മ മകനോട് പറഞ്ഞത്. ആ സ്കൂൾ കുട്ടി താനാണെന്ന് അറിഞ്ഞപ്പോൾ

6 അമ്മയുടെ അനുഭവങ്ങൾ, പറഞ്ഞ കാര്യങ്ങൾ പൊടിപ്പും തൊങ്ങലും ചേർത്ത് അവതരിപ്പിച്ച് മകന്റെ മനസ്സു മാറിയത്. യഥാർത്ഥ സംഭവം - എഴുത്തുകാരന്റെ ഭാവന ഉത്തമസൃഷ്ടി

7 വില്യം വേർഡ്സ് വർത്തിന്റെ അഭിപ്രായം യഥാർത്ഥ അനുഭവം പകർന്നു കൊടുക്കുന്ന രചന, വൃദ്ധയുടെ അനുഭവങ്ങൾ എന്നിവയാണ് എസ്.കെ.വൈകാരികമായി ചിത്രീകരിച്ചത്

8 പാഠസന്ദർഭം എഴുതുക. സമകാലിക കേരളത്തിന്റെ അവസ്ഥ എഴുതുക. ഉദാഹരങ്ങൾ എഴുതുക. പ്രതികരണം തയ്യാറാക്കുക.

## അശ്വമേധം

പുരാതന ഭാരതത്തിലെ രാജാക്കന്മാർ ദിക്കുകളെ കീഴടക്കിയശേഷം സർവ്വ ലക്ഷണങ്ങളുമുള്ള ഒരു കുതിരയെ അഴിച്ചുവിട്ട് അശ്വമേധയാഗം നടത്തുന്നതുപോലെ കവിയും ദിഗ്വിജയത്തിനായി ഒരു കുതിരയെ അഴിച്ചുവിടുന്നു. ആ കുതിര കവിയുടെ സർഗശക്തിയാണ്. മാനവരാശിയുടെ വളർച്ചയിൽ ഓരോ ഘട്ടത്തിലും സർഗശക്തി എങ്ങനെ പ്രയോജനപ്പെട്ടു എന്ന് കവിത കൃത്യമായി പറയുന്നു.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 മാർക്ക്**

1. ആരൊരാളെൻ കുതിരയെക്കെട്ടുവാൻ
ആരൊരാളതിൻ മാർഗം മുടക്കുവാൻ
കവിയുടെ ഈ ആത്മവിശ്വാസത്തിനു കാരണം
(കുതിരയുടെ ശക്തി, മാർഗം സുഗമമായത്, സർഗശക്തി നൽകിയ ആത്മവിശ്വാസം)

2. മണ്ണിൽ നിന്നു പിറന്നവർ <u>മണ്ണിനെ</u>
<u>പ്പൊന്നണിയിച്ച സംസ്കാര ശിൽപ്പികൾ</u>
അടിവരയിട്ട പ്രയോഗത്തിൽ സൂചിപ്പിക്കുന്നതാരെ?
(കവി, യാഗാശ്വം, രാജാവ്, തൊഴിലാളി)

3. മായുകില്ലെന്റെ <u>ചൈതന്യ വീചികൾ</u>
അടിവരയിട്ട പദം വിഗ്രഹിച്ചാൽ?
(ചൈതന്യവും വീചിയും, ചൈതന്യമാകുന്ന വീചികൾ, ചൈതന്യത്തിന്റെ വീചികൾ)

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക്**

4. അങ്കമാടിക്കുതിരയെ വീണ്ടെടുത്ത പൂർവ്വികരുടെ രണ്ട് സവിശേഷതകൾ എഴുതുക?

5 മനുഷ്യരുടെ സർഗശേഷിയെ വരുതിയിലാക്കാൻ ശ്രമിച്ചവരെക്കുറിച്ച് 'അശ്വമേധം' എന്ന കവിതയിലെ രണ്ടു സൂചനകൾ എഴുതുക?

6 അശ്വമേധം എന്ന കവിതയിൽ പരാമർശിക്കുന്ന അശ്വം എന്തിന്റെയൊക്കെ പ്രതീകമാണ്?

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 മാർക്ക്**

7 'മണ്ണിൽ നിന്നു പിറന്നവൻ മണ്ണിനെ-
പ്പൊന്നണിയിച്ച സംസ്കാര ശില്പികൾ'
ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ

വയലാറിന്റെ കാവ്യദർശനത്തെക്കുറിച്ചുള്ള എന്തെല്ലാം സൂചനകളാണ് ഈ വരികളിൽ തെളിയുന്നത്? നിങ്ങളുടെ നിരീക്ഷണങ്ങൾ സമർത്ഥിക്കുക.

8. 'എത്ര കൊറ്റക്കുടകൾ യുഗങ്ങളിൽ
കുത്തി നിർത്തിയ മുത്തണിക്കൂണുകൾ
അക്കുളമ്പടിയേറ്റേറ്റു വീണുപോയ്
അത്രയേറെ ഭരണകൂടങ്ങളും'

മനുഷ്യന്റെ സർഗശക്തിയുടെ അജയ്യമായ മുന്നേറ്റം വയലാർ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ? കാവ്യഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 മാർക്ക്**

9 'ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ'
'സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ
സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും'

തന്നിരിക്കുന്ന സൂചനകളും, അശ്വമേധം എന്ന കവിതയിലെ ആശയവും പ്രയോജനപ്പെടുത്തി 'വയലാർ- മാനവികതയുടെ കവി' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

## ഉത്തരസൂചിക

1. സർഗശക്തി നൽകിയ ആത്മവിശ്വാസം
2. തൊഴിലാളി

3 ചൈതന്യത്തിന്റെ വീചികൾ

4 അശ്വഹൃദയജ്ഞർ
വിശ്വവിജയികൾ
മണ്ണിനെ പൊന്നണിയിച്ചവർ
സംസ്കാര ശില്പികൾ

5 മതങ്ങളുടെ ശ്രമം
രാജാക്കന്മാർ, ഭരണാധിപന്മാർ തങ്ങളുടെ നിലനില്പിനുവേണ്ടി സർഗശേഷിയുള്ളവരെ വരുതിയിലാക്കി

6 സർഗശക്തി
കരുത്ത്
മാനവചരിത്രത്തിലെ തുടർയാത്ര
സാംസ്കാരിക വികാസം

7 സർഗശക്തിയിൽ വിശ്വസിച്ച കവി. ഗുണപരമായ മാറ്റങ്ങൾക്ക് സർഗശക്തി പ്രയോജനകരം അമാനുഷികശക്തി, മാന്ത്രികത എന്നിവ കൊണ്ട് സർഗഭാവന വളരില്ല. സാധാരണക്കാരുടെ ജീവിതത്തിന് ഊർജം പകരുന്നതാണ് സർഗഭാവന

8 സാഹിത്യരചനകൾ സാമ്രാജ്യത്വശക്തികളെ നിലംപതിപ്പിച്ചു. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിനു ശക്തി നൽകി ഫ്രഞ്ചുവിപ്ലവത്തിന് ആവേശം പകർന്ന രചനകൾ മഹാവിപ്ലവങ്ങൾക്ക് നേതൃത്വം നൽകി.

9 കവിതാഭാഗങ്ങളുടെ ആശയങ്ങൾ എഴുതുക. കവിതയിലെ ഉദാഹരണങ്ങൾ എഴുതുക. വിഷയവുമായി ബന്ധപ്പെടുത്തൽ ആശയങ്ങൾ ക്രമീകരിക്കുക

# യൂണിറ്റ് 5

# കലകൾ കാവ്യങ്ങൾ

കലകൾ സാമൂഹിക ജീവിതത്തിന്റെ ഭാഗമാണ്. മനുഷ്യജീവിതം സുന്ദരവും ക്രമീകൃതവും രസസമ്പൂർണ്ണവുമാകുന്നത് കലകളുടെ സാന്നിദ്ധ്യംകൊണ്ടാണ്. കലകൾ മാനവരാശിയോടൊത്തു വളരുന്നു. ലോകപ്രശസ്ത ചിത്രകാരൻ വിൻസന്റ് വാൻഗോഗിന്റെ പൊട്ടറ്റോ ഈറ്റേഴ്സ് എന്ന ചിത്രത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് സുഭാഷ് ചന്ദ്രൻ എഴുതിയ ചെറുകഥയാണ് ഉരുളക്കിഴങ്ങ് തിന്നുന്നവർ. മൈക്കലാഞ്ജലോ വെണ്ണക്കല്ലിൽ സൃഷ്ടിച്ച പിയത്തെ എന്ന ശില്പത്തിനു നേർക്കുണ്ടായ ആക്രമണമാണ് ഒ.എൻ.വി.കുറുപ്പിന്റെ മൈക്കലാഞ്ജലോ മാപ്പ് എന്ന കവിതയുടെ വിഷയം.

## ഉരുളക്കിഴങ്ങ് തിന്നുന്നവർ

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 മാർക്ക്**

1. 'ഇടംവലം ഉലഞ്ഞ് വീട് അടുത്തുവന്നു '- കിഴവൻ മിറലിന്റെ യാത്രയെ പരാമർശിക്കുന്ന ഈ വാചകത്തിന്റെ പൊരുൾ എന്താണ്?
   - പഴയ വീട് ● വീട്ടിലേക്കുള്ള ദൂരം കുറഞ്ഞു,
   - വേച്ചുവേച്ചു മിറൽ വീടിനടുത്ത് എത്തി ● മിറലിന്റെ ക്ഷീണാവസ്ഥ
2. 'കണ്ടോ അച്ഛാ' വായിൽ നിന്ന് നീരാവിയുടെ ഒരു ചെറിയ മേഘത്തെ തുറന്നുവിട്ടു കൊണ്ട് ജൂലിയാന ചോദിച്ചു. കഥയിലെ അന്തരീക്ഷത്തിന്റെ എന്തു സൂചനയാണ് ഈ വാചകത്തിൽ ഉള്ളത്?
   - അതിശൈത്യം ● കടുത്ത ചൂട് ● ദു:ഖം, ● വേവലാതി

3 അവിചാരിതമായ <u>ആശ്ലേഷം</u> അവൾക്ക് നന്നേ രസിച്ചു. അടിവരയിട്ട പദത്തിന്റെ അർത്ഥം കണ്ടെത്തുക.
- തലോടൽ, ● നോട്ടം, കെട്ടിപ്പുണരൽ, ● മൗനം

4 ശിരോവസ്ത്രം എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥം കണ്ടെത്തുക.
- ശിരസ്സാകുന്ന വസ്ത്രം, ● വസ്ത്രത്തിൽ മൂടിയ ശിരസ്സ്,
- ശിരസ്സിലെ വസ്ത്രം, ● ശിരസ്സും വസ്ത്രം

5 ആ മുറിയുടെ അങ്ങേഭാഗത്ത് ആണി പറിഞ്ഞു നിലം പൊത്താറായ ഒരു കൊച്ചു മേശയ്ക്കു ചുറ്റും മിറലിന്റെ മുഖത്തേക്ക് തന്നെ ഉറ്റുനോക്കി മൂന്നുപേർ കൂടി ഇരിപ്പുണ്ടായിരുന്നു. - ഈ വരികളിൽ സൂചിതമാകുന്ന ആ കുടുംബത്തിന്റെ അവസ്ഥ എന്താണ്?
- തൊഴിലില്ലായ്മ, ● ഗൃഹോപകരണങ്ങളുടെ കുറവ്,
- ദരിദ്രമായ ജീവിതാവസ്ഥ, ● വിശപ്പ്

**അർത്ഥവ്യത്യാസം വരാതെ രണ്ടുവാക്യങ്ങൾ ആക്കുക. 2 മാർക്ക്**

6 മേശയ്ക്കു മുകളിൽ വീടിന്റെ ചരിഞ്ഞ മേൽക്കൂരയിൽ നിന്ന് തൂക്കിയിട്ട മണ്ണെണ്ണ വിളക്കിന്റെ പ്രകാശം അവളുടെ കുഞ്ഞു ചുണ്ടുകളുടെ മേൽ മൂക്കിന്റെ കൂമ്പൻ നിഴൽ വീഴ്ത്തി.

7 അവൾക്കു ദരിദ്രമായ അടുക്കളയുള്ള അമ്മമാരുടെ <u>ഒരങ്കലാപ്പുണ്ടായി</u> അടിവരയിട്ടിരിക്കുന്ന പദം പിരിച്ചെഴുതുന്നതു എങ്ങനെ? പിരിച്ചെഴുതുമ്പോൾ പദ ചേരുവയിൽ ഉണ്ടായ മാറ്റം എന്തെല്ലാമാണ്?

**അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 4 സ്കോർ വീതം**

8 എല്ലാവരുടെയും നിഴലുകളെ പിന്നിലേക്ക് വീഴ്ത്തിയ റാന്തലിന്റെ കടുംമഞ്ഞ വെളിച്ചത്തിൽ വൃദ്ധന്റെ കണ്ണുകളിൽ നിന്ന് ചോര പൊടിയുന്നതു കണ്ട ആ നിമിഷം ഭർത്താവിന്റെ ഇരിപ്പിടത്തിൽ എക്കാലത്തേക്കുമായി താൻ ഉറഞ്ഞുപോകുന്നതായി ജൂലിയാന അറിഞ്ഞു. ഈ വരികളിലെ കാവ്യാത്മകത കണ്ടെത്തി ആശയം വ്യക്തമാക്കുക.

9 മിറൽ അവളുടെ ഉടുപ്പിന്റെ ഞൊറിവുകളിൽ വിരലോടിച്ചുകൊണ്ടു കരച്ചിലിന്റെ ചാർച്ചയുള്ള ഒരു ചിരിയോടെ പറഞ്ഞു: "ഉവ്വ് മോളേ..." അടിവരയിട്ടിരിക്കുന്ന പ്രയോഗം മിറലിന്റെ അവസ്ഥ വ്യക്തമാക്കുന്നുണ്ടോ? വിശദമാക്കുക.

**ഒരുപുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 6 സ്കോർ വീതം**

10 അസ്തമയം കഴിഞ്ഞുള്ള മരവിച്ച വെളിച്ചത്തിലൂടെ കിഴവൻ മിറൽ വേച്ച്വേച്ച് നടന്നു. നരച്ച ഇരുട്ടിൽ നടക്കല്ലുകൾ ബദ്ധപ്പെട്ടു കയറി, മിറൽ വാതിലിൽ മുട്ടി. ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന ഒരു തീക്കനൽ നെഞ്ചിൽ വീണു. ഇല്ല എന്ന വാക്കിന് എല്ലാവിധത്തിലുള്ള ധ്വനിയും പേറാവുന്ന ഒരുത്തരം അയാളുടെ ഹൃദയത്തെ വേവിക്കാൻ തുടങ്ങി.

ഉണക്കമണ്ണിന്റെ നിറവും സ്പർശവും കലർന്ന പരുപരുത്ത കൈവിരലുകളാൽ മിറൽ ജൂലിയാനയുടെ കൈകളിൽ തൊട്ടു. ഒട്ടിവലിഞ്ഞ്, പ്രാചീനകാലത്തെ ഏതോ പക്ഷിയുടേതുപോലുള്ള അയാളുടെ ശിരസ്സ് ദൈന്യത്തോടെ ഒന്ന് ഇളക്കുക മാത്രം ചെയ്തു. മഴയേറ്റ ഉരുളക്കിഴങ്ങ് പാടങ്ങളുടെ ഗന്ധമുള്ള മുത്തച്ഛനോട് അവൾ ചേർന്നുനിന്നു.മിറൽ അവളുടെ ഉടുപ്പിന്റെ ഞൊറിവുകളിൽ വിരലോടിച്ചുകൊണ്ട് കരച്ചിലിനെ ചാർച്ചയുള്ള ഒരു ചെറുചിരിയോടെ പറഞ്ഞു. ഉവ്വ് മേളെ മിറൽ അന്നയെ ചേർത്തുപിടിച്ചു.

അടിവരയിട്ടിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ മിറലിന്റെ കഥാപാത്ര നിരൂപണം തയ്യാറാക്കുക.

11 കാർഷികവൃത്തി, അതിന്റെ യാതനകൾ, കർഷകരുടെ ദൈന്യം, ദാരിദ്ര്യം..,.. ഇവയിൽ നിന്ന് മോചനം തേടി മറ്റ് തൊഴിലന്വേഷിച്ച് പോകുന്ന ദരിദ്രരായ മനുഷ്യർ... അവരുടെ ജീവിതം വരച്ചുകാട്ടുന്നു ഉരുളക്കിഴങ്ങ് തിന്നുന്നവർ. ഈ കഥയുടെ പശ്ചാത്തലത്തിൽ ഇന്നത്തെ കർഷകർ നേരിടുന്ന പ്രതിസന്ധികൾ എന്ന വിഷയത്തിൽ ഒരു എഡിറ്റോറിയൽ തയ്യാറാക്കുക.

## ഉത്തരസൂചിക

1. മിറലിന്റെ ക്ഷീണാവസ്ഥ
2. അതിശൈത്യം
3 കെട്ടിപ്പുണരൽ
4 ശിരസ്സിലെ വസ്ത്രം
5 ദരിദ്രമായ
6 മേശയ്ക്കു മുകളിൽ ചരിഞ്ഞ മേൽക്കൂരയിൽ നിന്ന് തൂക്കിയിട്ട മണ്ണെണ്ണ വിളക്ക്.

അതിന്റെ പ്രകാശം അവളുടെ കുഞ്ഞു ചുണ്ടുകളുടെ മേൽ മൂക്കിന്റെ കൂമ്പൻ നിഴൽ വീഴ്ത്തി.

7 ഒരു + അങ്കലാപ്പ് 'ഉ'കാരം ലോപിച്ചു

8 തന്നിരിക്കുന്ന ഭാഗത്തിന്റെ ഭാഷാപരമായ പ്രത്യേകത. റാന്തലിന്റെ കടുംമഞ്ഞ വെളിച്ചത്തിൽ വൃദ്ധന്റെ കണ്ണുകളിൽ നിന്ന് ചോര പൊടിഞ്ഞു എന്ന പ്രയോഗം ജൂലിയാനയുടെ ഭർത്താവിന്റെ മരണത്തെ ഉറപ്പാക്കുന്നു. മരണത്തെ സൂചിപ്പിക്കുന്ന തീവ്രബിംബങ്ങൾ. സൂചനകൾകൊണ്ട് ജൂലിയാനയുടെ ഭർത്താവിന്റെ മരണത്തെ ഉറപ്പാക്കുന്നു.

9. അടിവരയിട്ടിരിക്കുന്ന സൂചനകൾകൊണ്ട് മിറലിന്റെ മാനസിക സംഘർഷങ്ങൾ മനസ്സിലാക്കാൻ കഴിയും. സ്വന്തം മകന്റെ മരണം അടക്കിവയ്ക്കുന്ന അച്ഛന്റെ മാനസികാവസ്ഥ മിറലിന്റെ പെരുമാറ്റത്തിൽ നിന്നും ഭാവങ്ങളിൽ നിന്നും കാണാൻ കഴിയും.

10. അടിവരയിട്ട ഭാഗങ്ങൾ വിശദമാക്കുകയും അവയ്ക്ക് കഥയിലുള്ള പ്രാധാന്യം എടുത്തുപറയുകയും ചെയ്യുന്നു. തന്നിരിക്കുന്ന ഭാഗം മിറലിന്റെ സ്വഭാവത്തെ വ്യക്തമാക്കുന്നതിന് എത്രകണ്ട് കഴിയുന്നുണ്ട്. പാഠഭാഗംകൂടി എടുത്തുകൊണ്ട് സ്വഭാവനിരൂപണം തയ്യാറാക്കുക.

11 പാഠഭാഗത്തെ ആശയങ്ങളും സാമകാലിക വിഷയങ്ങളും താരതമ്യം ചെയ്ത് തൊഴിലാളികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നു. ഏതു നാട്ടിലും തൊഴിലാളികളുടെ അടിസ്ഥാനപ്രശ്നങ്ങൾക്ക് മാറ്റമില്ലെന്ന അവസ്ഥ. എഡിറ്റോറിയലിന്റെ ഘടന.

## മൈക്കലാഞ്ജലോ മാപ്പ്

**-ഒ.എൻ.വി.കുറുപ്പ്**

ലോകത്തിലെ മനോഹരമായ സൃഷ്ടികളിലൊന്നാണ് മൈക്കലാഞ്ജലോയുടെ 'ലെപിയത്തെ' ഈ ശില്പത്തിന്റെ നേർക്ക് മയക്കുമരുന്നിന്റെ ഉന്മാദം ബാധിച്ച ചെറുപ്പക്കാരൻ ചുറ്റിക കൊണ്ട് നടത്തിയ ആക്രമണത്തെക്കുറിച്ചുള്ള പത്രവാർത്തയിൽ നിന്നു രൂപപ്പെട്ടതാണ് ഒ.എൻ.വി. യുടെ 'മൈക്കലാഞ്ജലോ മാപ്പ്' എന്ന കവിത. പിയത്തെ നേരിൽക്കണ്ട അനുഭവം കവി പകരുന്നു. ക്രിസ്തുവിന്റെ മരണം അമ്മയിലുണ്ടാക്കിയ തീവ്രമായ ദു:ഖം കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നു. അതും കടന്ന് വണ്ടിനെപ്പോലെ മൂളിപ്പറന്ന് മൈക്കലാഞ്ജലോയുടെ ചുറ്റിക, ഒരു മാർബിൾ ശിലയിൽ നിന്നും 'പിയത്തെ'യ്ക്ക് ജന്മം നൽകുന്നു. സർഗ സൃഷ്ടിക്കായി അദ്ദേഹം പിന്നിട്ട ഉറങ്ങാത്ത രാവുകളും വിയർത്ത പകലുകളും കവിതയിൽ ദൃശ്യമാണ്. കവി മൈക്കലാഞ്ജലോയ്ക്ക് നന്ദി പറയുന്നു. എന്നാൽ ഇക്കാലഘട്ടത്തിന്റെ ഭ്രാന്തമായ പ്രതീകംപോലെ കടന്നുവന്ന ഉന്മാദിയായ ചെറുപ്പക്കാരൻ ശില്പം തച്ചുടയ്ക്കുന്നു. ശില്പിയുടെ ചുറ്റിക ശില്പനിർമ്മാണത്തിനുതകിയെങ്കിൽ പുതുകാലത്തിന്റെ ചുറ്റികയുടെ ഭ്രാന്തിന് കവി മാപ്പുചോദിക്കുന്നു.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 മാർക്ക്**

1. യേശുവിനെ വിശേഷിപ്പിക്കാൻ 'മൈക്കലാഞ്ജലോ മാപ്പ്' എന്ന കവിതയിൽ ഉപയോഗിച്ചിരിക്കുന്ന സദൃശ്യ കല്പനയേത്?
   (ദു:ഖത്തിൻ സൂര്യശില, മുത്തു നഷ്ടപ്പെട്ട പാഴ്ചിപ്പി, ശോണരേഖകൾ തെളിയുന്ന വെൺലില്ലിപ്പൂവ്)

2. തൃപുത്രൻ പിരിച്ചെഴുതിയാൽ
   (തൃ + പ്പുത്രൻ, തിരു + പുത്രൻ, തിരു + പ്പുത്രൻ)

3. ഉജ്ജ്വലമുഹൂർത്തം– വിഗ്രഹിച്ചെഴുതുക.

(ഉജ്ജ്വലമായ മുഹൂർത്തം, ഉജ്ജ്വലവും മുഹൂർത്തവും, ഉജ്ജ്വലം കൊണ്ടുള്ള മുഹൂർത്തം)

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക്**

4. 'ഒടുവിൽ കുരിശിൽ നിന്നിക്കീ ജഡം. താഴെയൊരു ദു:ഖത്തിൻ സൂര്യശിലയായ്ത്തീർന്നോരമ്മ' – അമ്മയെ ദു:ഖത്തിന്റെ സൂര്യശിലയായി ചിത്രീകരിക്കുന്നതിലെ ഔചിത്യമെന്ത്?

5. ക്രിസ്തുവിന്റെ മരണം അമ്മയിലുണ്ടാക്കിയ തീവ്രമായ ദു:ഖം ആവിഷ്കരിക്കാൻ കവി നൽകുന്ന രണ്ടു സൂചകങ്ങൾ എഴുതുക.

6. യേശുവിനെ കുറിക്കാൻ വെൺലില്ലിപ്പൂവിലെ ശോണരേഖകൾ എന്ന പ്രയോഗം എത്രമാത്രം പര്യാപ്തമാണ്?

7. ശില്പനിർമ്മാണം പൂവിരിയുംപോലെ സാവധാനമാണ്, മൃദുലമാണ് – മൈക്കലാഞ്ജലോ മാപ്പ് എന്ന കവിതയിൽ പിയത്തെ എന്ന ശില്പത്തിന്റെ നിർമ്മാണം കവി അനുഭവവേദ്യമാക്കുന്നതെങ്ങനെ?

8. പാതി കൂമ്പിയ കൺകളിപ്പൊഴും പ്രാർത്ഥിക്കുന്നു. പ്രാർത്ഥനയെന്ത്?

**അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 4 മാർക്ക്**

9. മൈക്കലാഞ്ജലോ മാപ്പ് എന്ന തലക്കെട്ടിന്റെ ഔചിത്യമെന്ത്?

**ഒരുപുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 6 മാർക്ക്**

10. ഉത്തമ കലാസൃഷ്ടികൾ മനുഷ്യസംസ്കാരത്തെ എക്കാലവും ഉദാത്തമാക്കുന്നു. പൊട്ടറ്റോഈറ്റേഴ്സ്, പിയത്തെ, മൈക്കലാഞ്ജലോ മാപ്പ്, ഉരുളക്കിഴങ്ങു തിന്നുന്നവർ തുടങ്ങിയ കലാസൃഷ്ടികൾ പരിശോധിച്ച് ഉപന്യാസം തയ്യാറാക്കുക.

11. 1972 മെയ് 21 ന് മയക്കുമരുന്നിന്റെ ഉന്മാദം ബാധിച്ച ചെറുപ്പക്കാരൻ ചുറ്റികകൊണ്ട് 'പിയത്തെ' എന്ന ശില്പത്തിന്റെ നേർക്കു നടത്തിയ ആക്രമണത്തെപ്പറ്റിയുള്ള വാർത്തയിൽ നിന്നു രൂപപ്പെട്ട കവിതയാണ് 'മൈക്കലാഞ്ജലോ മാപ്പ്.' പല രൂപമാറ്റങ്ങളും സംഭവിച്ച് മനുഷ്യരാശിയെ ഭീതിപ്പെടുത്തുകയും തകർക്കുകയും ചെയ്യുന്ന കോവിഡിനേക്കാൾ അകറ്റിനിർത്തേണ്ടതും സാമൂഹ്യഅകലം പാലിക്കേണ്ടതുമായ സാമൂഹ്യവിപ ത്താണ് മയക്കുമരുന്നുകളും ലഹരിവസ്തുക്കളുടെ ഉപയോഗവും. സമകാലിക സംഭവങ്ങളുടെ വെളിച്ചത്തിൽ പ്രസംഗം തയ്യാറാക്കുക.

## ഉത്തരസൂചിക

1. ശോണരേഖകൾ തെളിയുന്ന വെൺലില്ലിപ്പൂവ്)
2. തിരു + പുത്രൻ
3. ഉജ്ജ്വലമായ മുഹൂർത്തം
4. മാതൃദു:ഖത്തിന്റെ വേദന, സൂര്യനെപ്പോലെ, ദു:ഖത്തിന്റെ തീവ്രത, ഘനീഭവിച്ച വേദന ശില
5. മുത്തു നഷ്ടപ്പെട്ട പാഴ്ചിപ്പി
ദു:ഖത്തിൻ സൂര്യശില
ഭൂമിക്കൊപ്പം അഴലിൻചുമടുമായിരിക്കുന്ന അമ്മ
6. വിശുദ്ധിയുടെ വെൺമ
പീഢാനുഭവത്തിന്റെ അടയാളങ്ങൾ

7. കൈകൾ ചലിക്കുന്നത് സർഗമംഗലഗാനം പോലെ
നിർനിദ്രമാം രാവുകൾ, വിയർത്ത പകലുകൾ
കുളിർ വെൺകല്ലിനു മീതെ ചുറ്റിക കരിവണ്ടുപോൽ ചുറ്റിപ്പറക്കുന്നു, ഉളിതൻ
നെറുകയിൽ ചുംബിക്കുന്നു.

8. മരണം കാരണമായവരോട് പൊറുക്കുക.

9. ശില്പനിർമ്മാണത്തിന്റെ മഹത്വം
ശില്പഭഞ്ജനത്തിലെ വ്യസനം
ലോകത്തിലെ സാംസ്കാരിക പൈതൃകങ്ങൾ നശിപ്പിക്കപ്പെടുന്നതിലെ വേദന

10. നാലു കലാസൃഷ്ടികളുടെയും ചുരുങ്ങിയ വിശദീകരണം. ദരിദ്രരും പാർശ്വവൽകരിക്കപ്പെട്ടവരും അനുഭവിക്കുന്ന അവഗണന, ദുരിതംതനിക്കുവേണ്ടി മാത്രമല്ല, മറ്റുള്ളവർക്കുവേണ്ടിയും പ്രാർത്ഥിക്കുക, പ്രവർത്തിക്കുക. പുതിയ കാലഘട്ടത്തിന്റെ നിറംകെട്ട കാഴ്ചകളും ഭ്രാന്തമായ ചെയ്തികളും ചുറ്റികയാൽ സൃഷ്ടിക്കപ്പെട്ട ശില്പം ചുറ്റികയാൽ തകർക്കപ്പെടുന്നു. അതിനെയും വാഴ്ത്തുന്ന മാധ്യമലോകം.

11. പ്രസംഗഘടന
മയക്കുമരുന്നുപയോഗിന്റെ ഭീകരത, ദൂഷ്യഫലങ്ങൾ
സമകാലിക സംഭവങ്ങൾ
വിദ്യാർത്ഥികൾക്കുള്ള സാമൂഹിക പ്രതിബന്ധത

# അടിസ്ഥാന പാഠാവലി

## യൂണിറ്റ് 1

## ജീവിതം പടർത്തുന്ന വേരുകൾ

സ്നേഹത്തിന്റെയും ജീവിതബന്ധങ്ങളുടെയും ആഴവും പരപ്പും തേടുന്നയൂണിറ്റാണിത്. ആധുനികലോകം അവനവനിലേക്കു മാത്രം നോക്കുന്നവരായി മാറിക്കഴിഞ്ഞു. സുഖലോലുപതകളിൽ മുഴുകി യാന്ത്രികമായി ജീവിതത്തെ നോക്കിക്കാണുന്നു. സത്യം, ദയ, സ്നേഹം, സേവനതല്പരത തുടങ്ങിയ മാനവികമൂല്യങ്ങൾ പുതിയ തലമുറയിൽ നിന്ന് അന്യമാകുന്നു. ഇതു തിരിച്ചറിഞ്ഞുകൊണ്ട് മനുഷ്യനെ, മണ്ണിനെ, സർവ്വജീവജാതികളെ കൂടപ്പിറപ്പുകളായി കാണുന്ന നന്മ നിറഞ്ഞ മനസ്സിന്റെ ഉടമകളാക്കി പുതിയ തലമുറകളെ മാറ്റുന്നതിന് ഉപകരിക്കുന്ന യൂണിറ്റാണ് ജീവിതം പടർത്തുന്ന വേരുകൾ.

### പ്രവേശകം

പ്രശസ്തകവി ഡി.വിനയചന്ദ്രന്റെ വേരുകൾ എന്ന കൊച്ചുകഥയാണ് പ്രവേശകമായി നൽകിയിരിക്കുന്നത്. കുട്ടി അമ്മയോട് ചോദിക്കുന്നു. വൃക്ഷങ്ങളൊക്കെ ഭൂമിയിൽ വീഴാതെ നിൽക്കുന്നതെങ്ങനെയെന്ന് അമ്മ പറയുന്നു. അവയ്ക്ക് ഭൂമിയിൽ വേരുകളുണ്ട്. അപ്പോൾ കുട്ടി വീണ്ടും സംശയം ചോദിക്കുന്നു, നമ്മൾ മനുഷ്യരുടെ വേരുകൾ എവിടെയാണ്. അമ്മയായ ഭൂമിയിൽ തന്നെയാണ് നമ്മുടെ വേരുകളും എന്ന് അമ്മ മറുപടി നൽകുന്നു. പ്രകൃതിബോധം നിറഞ്ഞ സ്നേഹത്താൽ സമ്പന്നമായ മനുഷ്യജീവിതം കഥാകാരൻ വിഭാവനം ചെയ്യുന്നു. യൂണിറ്റ് ലക്ഷ്യമാക്കുന്ന കുടുംബബന്ധങ്ങളുടെ ഊഷ്മളതയിലേക്ക് ഈ കഥ വെളിച്ചം വീശുന്നു.

### പ്ലാവിലക്കഞ്ഞി

തകഴി ശിവശങ്കരപ്പിള്ളയുടെ രണ്ടിടങ്ങഴി എന്ന നോവലിൽ നിന്നാണ് ഈ പാഠഭാഗം എടുത്തിട്ടുള്ളത്. കർഷകത്തൊഴിലാളികളുടെ ജീവിതം സമഗ്രമായി ആവിഷ്കരിക്കുന്ന നോവലാണിത്. കുട്ടനാടൻ ഗ്രാമീണതയുടെ സൗന്ദര്യവും ഭാഷയും ഹൃദ്യമായി ഇണക്കി ച്ചേർത്തിരിക്കുന്നു. പട്ടിണിയിലും മുതലാളിയുടെ ചൂഷണത്തിലും നട്ടം തിരിയുമ്പോഴും സ്നേഹം കൊണ്ട് ജീവിതം സമൃദ്ധമാക്കുന്ന കോരനും ചിരുതയും കോരന്റെ പിതാവും വായനക്കാരുടെ ഹൃദയം കവരുന്ന കഥാപാത്രങ്ങളാണ്. അടിയാളജീവിതത്തിന്റെ നേർ കാഴ്ചകൾക്കൊപ്പം കുടുംബബന്ധങ്ങളുടെ ശക്തിയും ഈ നോവൽഭാഗം പകർന്നു തരുന്നു.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 മാർക്ക്**

1. 'നെല്ലില്ല പിശാചുക്കള്' – ഈ സംഭാഷണത്തിൽ തെളിയുന്ന മനോഭാവമെന്ത്?
   (സ്നേഹം, ദയ, ക്ഷമ, പുച്ഛം)
2. മാതൃകപോലെ വിഗ്രഹാർത്ഥം കണ്ടെത്തുക.
   പട്ടിണിക്കാലം – പട്ടിണിയുടെ കാലം
   അപരാധബോധം –
   (അപരാധത്താലുള്ള ബോധം, അപരാധമാകുന്ന ബോധം,
   അപരാധത്തോടുള്ള ബോധം, അപരാധവും ബോധവും)
3. 'ഏനാ അതു കുടിച്ചത് അവള് കുടിച്ചില്ല ഏനു കോരികോരിത്തന്നു' – ഇവിടെ പ്രകടമാകുന്ന ഭാവമെന്ത്?
   (സ്നേഹം, ധിക്കാരം, ക്ഷമ, പരിഹാസം)

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക്**

4. അർത്ഥവ്യത്യാസം വരാത്ത വിധം ഒറ്റവാക്യമാക്കുക.
   അന്നും നെല്ലിനുവേണ്ടി അവൻ വാദിച്ചു. ഒരു രൂപ അവന് കൂലി കിട്ടി.
5. 'അവൻ ഉണ്ടാക്കിയ നെല്ല് മറ്റാരുടെയോ വകയായിരുന്നു' - ഇവിടെ പ്രകടമാകുന്ന സാമൂഹികാവസ്ഥ എന്ത്?
6. ''എടീ കള്ളീ നീയിതു ഒളിച്ചു മച്ചിരുന്നോ'' - കോരൻ ഇങ്ങനെ പറഞ്ഞതെന്തുകൊണ്ട്?
7. രാത്രിയിൽ നടക്കുന്ന നെല്ലു വ്യാപാരം കോരൻ പരസ്യപ്പെടുത്താതിരുന്നത് എന്തുകൊണ്ട്?
8. ''ഏനു മയറ്റില് കമ്പിതമെടീ'' - ഈ സംഭാഷണത്തിന്റെ രണ്ടു പ്രത്യേകതൾ കണ്ടെത്തുക.

**അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 4 സ്കോർ വീതം**

9. 'അപ്പന് ഒരു നേരമെങ്കിലും നിറച്ചു ചോറു കൊടുക്കണം അതു മാത്രമാണ് അവന്റെ ആഗ്രഹം' - മകനെന്ന നിലയിലുള്ള കോരന്റെ ആഗ്രഹം ഇന്നത്തെ കാലത്ത് എത്രമാത്രം പ്രസക്തമാണ്.
10. ''അവിടെങ്ങും നെല്ലു കണി കാണാനില്ല. ഒള്ളോൻ വെളി കാണിക്കത്തില്ല'' - അന്നത്തെ സാമൂഹിക സാഹചര്യം ഇവിടെ പ്രകടമാണോ? പ്രതികരണം തയ്യാറാക്കുക.
11. 'പിറ്റേന്നു കാലത്ത് ആ നാഴി കഞ്ഞിവെള്ളവും നാലു കഷണം കപ്പയും ഒരു വഴക്കിന് കാരണമായി. അവൻ അപ്പടി കഴിച്ചെന്നു വച്ചല്ല അവൾ ഒട്ടും കഴിക്കാത്തതിനാൽ' കഷ്ടപ്പാടുകൾക്കിടയിലും ജീവിതത്തെ സുന്ദരമാക്കുന്നത് മനുഷ്യബന്ധങ്ങളാണ്. പാഠസന്ദർഭം വിലയിരുത്തി അഭിപ്രായത്തിന്റെ സാധ്യത പരിശോധിക്കുക.

**ഒരുപുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 6 സ്കോർ വീതം**

12. പരസ്പരസ്നേഹവും വിശ്വാസവും സഹവർത്തിത്വവുമാണ് നമ്മുടെജീവിതത്തിന്റെ വേരുകൾ-പ്ലാവിലക്കഞ്ഞി എന്ന നോവൽ ഭാഗം ആസ്പദമാക്കി ഉപന്യാസം തയ്യാറാക്കുക.
13. കർഷകർ നേരിടുന്ന ചൂഷണവും അവർ അനുഭവിക്കുന്ന ദൈന്യവും ഹൃദ്യമായി ആവിഷ്കരിക്കുന്ന നോവലാണ് രണ്ടിടങ്ങഴി- നോവൽഭാഗം മുൻനിർത്തി പ്രഭാഷണം തയ്യാറാക്കുക.

## ഉത്തരസൂചിക

1. പുച്ഛം
2. അപരാധത്താലുള്ള ബോധം
3. സ്നേഹം
4. അവൻ അന്നും നെല്ലിനുവേണ്ടി വാദിച്ചിട്ടും കൂലിയായി ഒരു രൂപയാണ് കിട്ടിയത്.
5. ഭൂവുടമകളുടെ പലവിധ ചൂഷണം
   പണി എത്ര ചെയ്തിട്ടും പട്ടിണിയാൽ വലയുന്ന കർഷകദൈന്യം
6. കോരൻ രാവിലെ പണിക്കുപോകുന്നതിനു മുമ്പ് അല്പം കഞ്ഞി കുടിച്ചിട്ടു പോകട്ടെയെന്നു കരുതി ചിരുത സൂക്ഷിച്ചുവച്ചതുകൊണ്ടാണ് കോരൻ ഇങ്ങനെ പറഞ്ഞത്
7. തന്റെ കൂട്ടുകാർ ഒപ്പമുണ്ടാകില്ല. അവൻ ഒറ്റപ്പെടും. അതുകൊണ്ടാണ് രാത്രി നടക്കുന്ന നെല്ലുവ്യാപാരം കോരൻ പരസ്യപ്പെടുത്താത്തത്

8. പ്രാദേശിക ഭാഷയുടെ ഭംഗി
സ്നേഹഭാവം പ്രകടമാകുന്നു
9. കോരനും അപ്പനും തമ്മിലുള്ള സ്നേഹത്തിന്റെ ആഴം വിശദമാക്കുന്നു.
ഇന്ന് നഷ്ടമാകുന്ന കുടുംബബന്ധങ്ങൾ വിവരിക്കുന്നു.
10. കർഷകരുടെയും തൊഴിലാളികളുടെയും അവസ്ഥാവിശകലനം
ഭൂവുടമകളുടെ ചൂഷണം
11. കോരന്റെയും ചിരുതയുടെയും സ്നേഹത്തിന്റെ ശക്തി വിവരിക്കുന്നു
ദാരിദ്ര്യത്തെ മറികടക്കുന്നത് എങ്ങനെയെന്ന് സന്ദർഭസൂചനകൾ നൽകി വിശദമാക്കുന്നു.
12. ഘടന, ആമുഖം, ആശയക്രമീകരണം, വിശകലനം, സമഗ്രത
കുടുംബബന്ധങ്ങളുടെ പവിത്രത കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹം
13. ഘടന, സാമൂഹ്യാവസ്ഥ കണ്ടെത്തുന്നു, ആശയക്രമീകരണം, വിശകലനം, സമഗ്രത
കർഷകത്തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ കഠിനാദ്ധ്വാനം ചെയ്തിട്ടും പട്ടിണി ജോലിക്കു വേണ്ട കൂലിയില്ലാത്ത അവസ്ഥ

## ഓരോ വിളിയും കാത്ത്

ആധുനിക ചെറുകഥാകൃത്തുക്കളിൽ ശ്രദ്ധേയനായ യു.കെ.കുമാരന്റെ ഓരോ വിളിയും കാത്ത് എന്ന കഥ സമകാലിക സാമൂഹ്യാവസ്ഥയെ ശക്തരായി പ്രതിനിധാനം ചെയ്യുന്നു. നഗരത്തിലേക്കു ചേക്കേറുന്ന മനുഷ്യർ നേരിടുന്ന സംഘർഷങ്ങളും കുടുംബബന്ധങ്ങളിൽ വന്നു ചേർന്ന ശൈഥില്യങ്ങളും ഈ കഥ ചർച്ച ചെയ്യുന്നു. അച്ഛൻ മരിച്ചപ്പോൾ ഒറ്റപ്പെടൽ അനുഭവിച്ചു തുടങ്ങിയ അമ്മയെ നഗരത്തിലേക്കു തന്റെ ഒപ്പം കൂട്ടാൻ മകൻ തീരുമാനിക്കുന്നു. എന്നാൽ വീടിനോടുള്ള ആത്മബന്ധം അമ്മയെ അതിൽ നിന്നും പിന്തിരിപ്പിക്കുന്നു. അച്ഛനും അമ്മയും തമ്മിലുള്ള പരസ്പര സ്നേഹവും വിശ്വാസവും മകന്റെ കരുതലും ഗ്രാമീണ കാർഷിക സംസ്കാരത്തോടുള്ള ആഭിമുഖ്യവും ഈ കഥയ്ക്ക് ആകർഷകത്വം നൽകുന്നു.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 മാർക്ക്**

1. ഓർക്ക് ഇതെല്ലാം കാണാൻ എടേം പോണോന്നില്ല - ഇങ്ങനെ ആര്? ആരെക്കുറിച്ച് പറയുന്നു.
(അമ്മ അച്ഛനെപ്പറ്റി, കണാരൻ അച്ഛനെപ്പറ്റി, മകൻ അമ്മയെപ്പറ്റി, അമ്മ മകനെപ്പറ്റി)
2. ശരിയായ വിഗ്രഹാർത്ഥം കണ്ടെത്തുക.
(വിഷാദത്തിലെ സ്വരം, വിഷാദത്തിന്റെ സ്വരം, വിഷാദമാകുന്ന സ്വരം, വിഷാദത്തോടുള്ള സ്വരം)
3. ''അച്ഛന് ഇളനീരിനേക്കാളിഷ്ടം കാപ്പിയാ'' - അമ്മയുടെ സംഭാഷണത്തിൽ തെളിയുന്ന ഭാവമെന്ത്?
(അച്ഛന്റെ ഇഷ്ടം തിരിച്ചറിയുന്നു, സ്വന്തം ഇഷ്ടം പ്രകടമാക്കുന്നു, മകന്റെ ഇഷ്ടം മനസ്സിലാക്കുന്നു, അമ്മയ്ക്ക് കാപ്പി ഇഷ്ടമാണ്)

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക്**

4. അമ്മയെ മകൻ നഗരത്തിലേക്ക് നിർബന്ധിച്ച് കൊണ്ടുപോകാത്തത് എന്തുകൊണ്ട്?
5. അർത്ഥവ്യത്യാസം വരാത്തവിധം ഒറ്റവാക്യമാക്കുക.
എവിടെയെങ്കിലും പോകാൻ പുറപ്പെട്ടാൽ അമ്മ എന്നും ഇങ്ങനെയാണ്. എല്ലാം അതതിന്റെ സ്ഥാനത്ത് കൃത്യമായി അടുക്കി വയ്ക്കും.

**അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 4 സ്കോർ വീതം**

6. മനസ്സിന്റെ ക്ലാവുപിടിച്ച കണ്ണാടിയിലൂടെ അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നു. അച്ഛൻ കണ്ടതെന്തെല്ലാം? ഉദാഹരണസഹിതം വിശദമാക്കുക.
7. കുടുംബാംഗങ്ങളുടെ സ്നേഹവും കൊണ്ടാണ് വീടിന് പൂർണ്ണത കൈവരുന്നത് കഥാസന്ദർഭം പരിഗണിച്ച് അഭിപ്രായം എഴുതുക.
8. അച്ഛന്റെ മരണശേഷം അമ്മയിലുണ്ടായ മാറ്റങ്ങൾ മകൻ നിരീക്ഷിക്കുന്നതെങ്ങനെ?
9. ഞാനിവിടെ ഒറ്റയ്ക്കാണെന്ന് എനിക്ക് തോന്നിയിട്ടില്ല - അമ്മ ഇങ്ങനെ വിചാരിക്കുന്നതെന്തുകൊണ്ട്?

**ഒരുപുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 6 സ്കോർ വീതം**

10. സ്നേഹം നിറഞ്ഞ പെരുമാറ്റങ്ങളും ബന്ധങ്ങളുമാണ് വീടിനെ വീടാക്കുന്നത് - ഈ വിഷയം മുൻനിർത്തി രക്ഷാകർത്തൃയോഗത്തിൽ അവതരിപ്പിക്കുന്നതിന് പ്രസംഗം തയ്യാറാക്കുക.
11. വിളിച്ചുകൊണ്ടിരിക്കുന്നവരും ഓ,ാരോ വിളിയും കാത്തിരിക്കുന്നവരും സ്നേഹത്തിന്റെയും കരുതലിന്റെയും അടയാളപ്പെടുത്തൽകൂടഅിയാണ് നടത്തുന്നത്- ഈ ആശയം പരിഗണിച്ച് ഓരോ വിളിയും കാത്ത് എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

## ഉത്തരസൂചിക

1. കണാരൻ അച്ഛനെപ്പറ്റി
2. വിഷാദത്തിന്റെ സ്വരം
3. അച്ഛന്റെ ഇഷ്ടം തിരിച്ചറിയുന്നു
4. നിർബന്ധിച്ച് നഗരത്തിലേക്ക് കൊണ്ടുപോയാൽ അമ്മ പോകുമായിരിക്കും എന്നാൽ ഉടൻ മടങ്ങണമെന്ന ചിന്തയിലാണ് അമ്മവരിക
5. ഉചിതവാക്യം എഴുതുന്നു. ആകർഷകത്വം
6. അച്ഛന് വീടിനോടും കൃഷിയോടുമുള്ള ബന്ധം വിവരിക്കുന്നു. ഉദാഹരണസഹിതം സമർത്ഥിക്കുന്നു.
7. കഥാസന്ദർഭം വിവരിക്കുന്നു.
   സ്വാനുഭവ വിവരണം
8. മകന്റെ നിരീക്ഷണം. സന്ദർഭവിവരണം. സമഗ്രത
9. അമ്മയും അച്ഛനും തമ്മിലുള്ള ആത്മബന്ധം.
   വീടിനോടും നാടിനോടുമുള്ള ഹൃദയബന്ധം
10. ഘടന, ആശയക്രമീകരണം, കാലിക പ്രസക്തി, പാഠസന്ദർഭം വിശകലനം, സമഗ്രത
11. ഘടന, ആശയക്രമീകരണം, കാലിക പ്രസക്തി, പാഠസന്ദർഭം വിശകലനം, ആസ്വാദ്യംശങ്ങൾ കണ്ടെത്തുന്നു

## അമ്മത്തൊട്ടിൽ

ആധുനിക മനുഷ്യജീവിതത്തിന്റെ സങ്കീർണതകൾ കാല്പനിക ഭാവപൂർണതയിൽ ആവിഷ്കരിക്കുന്ന കവിയാണ് റഫീക് അഹമ്മദ്. അദ്ദേഹത്തിന്റെ അമ്മത്തൊട്ടിൽ എന്ന കവിത പ്രമേയവൈവിധ്യം കൊണ്ടും പുതുമകൊണ്ടും ശ്രദ്ധേയമാണ്. വൃദ്ധസമൂഹത്തെ തെരുവിലെറിയാൽ കൊതിക്കുന്ന യുവതലമുറയെ ജീവിതത്തിന്റെ സ്നേഹത്തണലിലേക്ക് പ്രത്യാനയിക്കുന്ന കവിതയാണിത്. അമ്മയെ ഉപേക്ഷിക്കാൻ തീരുമാനിച്ച മകന് നഗരത്തിലേക്ക്

തിരിക്കാനൊരുങ്ങുമ്പോൾ കാറിൽ പിൻസീറ്റിൽ ചാരിയിരുത്താൻപോലും കഴിയുന്നില്ല. അമ്മയുടെ അവശതകൾ കവി ഇവിടെ ഹൃദയസ്പർശിയായി ആവിഷ്കരിക്കുന്നു. അമ്മയെ ആധുനികതയുടെ മുഖമെഴുത്തായി മാറിയ മാളിലേയ്ക്കും പിന്നെ ആശുപത്രി പരിസരത്തേയ്ക്കും വിദ്യാലയത്തിരുമുറ്റത്തേയ്ക്കും കോവിൽ പരിസരത്തേയ്ക്കും നടതള്ളുവാൻ കൊണ്ടുപോയെങ്കിലും മകന് അതു കഴിയാതെ പോകുന്നു. അമ്മ നൽകിയ സ്നേഹ സാന്ത്വനങ്ങളുടെ ഓർമ്മകൾ അയാൾക്ക് തടസ്സം നിൽക്കുന്നു. ഭാര്യയുടെ നിർബന്ധം, മകന്റെ നിസ്സഹായത, അമ്മയുടെ ദൈന്യം ഇവ കവി ചാരുതയോടെ വരച്ചുചേർക്കുന്നു.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 മാർക്ക്**

1. മങ്ങിപ്പഴകിയ പിഞ്ഞാണവർണമായ്
   പാടയും പിളയും മൂടിയകണ്ണുകൾ -
   ഇവിടെ തെളിയുന്ന അമ്മയുടെ ഭാവമെന്ത്?
   (ദൈന്യത, പരിഹാസം, ക്ഷമ, ദയ)
2. വിദ്യാലയമുറ്റം - ശരിയായ വിഗ്രഹാർത്ഥം കണ്ടെത്തുക.
   (വിദ്യാലയത്തോടുള്ള മുറ്റം, വിദ്യാലയത്തിന്റെ മുറ്റം,
   വിദ്യാലയമാകുന്ന മുറ്റം, വിദ്യാലയവും മുറ്റവും)
3. നീരറ്റു വറ്റി വരണ്ട കൈചുള്ളികൾ - ഇവിടെ പ്രകടമാകുന്ന ഭാവം
   (അമ്മയുടെ അവശത, മകന്റെ നിസ്സഹായത, അമ്മയുടെ പ്രതിഷേധം,
   മകന്റെ സ്നേഹം)

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക്**

4. കുട്ടിയേകാന്തത കണ്ണുപൊത്തിക്കളിക്കുന്ന വിദ്യാലയമുറ്റം - ഈ പ്രയോഗത്തിന്റെ ഔചിത്യമെന്ത്?
5. ജില്ലാശുപത്രിയുടെ പടികൾ കയറിയപ്പോൾ മകന് ഉണ്ടായ ഓർമ്മ എന്ത്?

**അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 4 സ്കോർ വീതം**

6. ഓർമ്മകൾ മനസ്സിൽ പ്രകാശിച്ചു നിൽക്കുന്നത് സ്നേഹത്തിന്റെ തലോടൽ അവയ്ക്കു ലഭിക്കുന്നതുകൊണ്ടാണ് - അമ്മത്തൊട്ടിൽ എന്ന കവിതയെ ആസ്പദമാക്കി വിലയിരുത്തൽ കുറിപ്പ് തയ്യാറാക്കുക.
7. അമ്മയുടെ ദൈന്യത കവി അവതരിപ്പിക്കുന്നതെങ്ങനെ?

**ഒരുപുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 6 സ്കോർ വീതം**

8. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

അപരിചിതം

പഴയവീട് പുതുക്കിപ്പണിതു വെണ്ണക്കല്ലുവിരിച്ചു.
എന്നിട്ടും പാലുകാച്ചലിന്റെ അന്നുതന്നെ അകത്തെത്തിയിരിക്കുന്നു
ആ നശിച്ച തവള.
ഈ ശല്യം ഇവിടെയും വന്നോ എന്ന് ഈർക്കിൽ കുടുക്കുമായി മകൻ.
വടിയുമായി മകൾ. പണ്ടെങ്ങോ മരിച്ചുപോയ വേണ്ടപ്പെട്ട ആരുടെയോ
ആത്മാവായിരിക്കും എന്നു പറഞ്ഞുനോക്കി
അതിന് അവർ ജീവിച്ച വീടല്ല ഇത്
അവർ ഓമനിച്ച മക്കളുമല്ല.
എന്നിട്ടും ആ ആത്മാവിനു പ്രിയപ്പെട്ട എന്തോ ഒന്ന് ഈ വീട്ടിലുള്ളതു കൊണ്ടാവില്ലേ

അതിനിവിടം വിട്ടു പോകാനാകാത്തത്
അത്രയും മഹത്വമുള്ള ഒന്ന് ഇരിക്കുന്ന വീട്ടിലാണല്ലോ
നാം എന്ന് അഭിമാനം തിളപ്പിച്ചു നോക്കി
വേണ്ടി വന്നില്ല അതിനുമുമ്പേ
എല്ലാവരും കണ്ടുനിൽക്കേ വേച്ച്വേച്ച് സാവധാനം ഇറങ്ങിപ്പോയി പാവം.
പണ്ടു പറ്റിച്ചേർന്നു കിടന്ന ഈർപ്പം കുടിച്ച തണുപ്പ്, കിട്ടിയ
കരുതൽ, പങ്കിട്ട ഇഷ്ടങ്ങൾ, ഒന്നും ഇപ്പോൾ അവിടെ ഉണ്ടാവില്ലേ
വീട് മാറിക്കയറിയ ഒരാളുടെ അമ്പരപ്പ് മാത്രമായിരിക്കാം അതിന്റെ മനസ്സിൽ,
ഹാവൂ പോയ്ക്കിട്ടിയല്ലോ
എന്ന നെടുവീർപ്പിൽ വീട് നിറയുമ്പോഴും. -വീരാൻകുട്ടി

## ഉത്തരസൂചിക

1. ദൈന്യത
2. വിദ്യാലയത്തിന്റെ മുറ്റം
3. അമ്മയുടെ അവശത
4. ഏകാന്തതയെന്ന കുട്ടി കണ്ണുപൊത്തിക്കളിക്കുന്ന എന്ന പ്രയോഗം വിദ്യാലയത്തിന്റെ അന്തരീക്ഷത്തിന് യോജിക്കുന്നു. വിജനതയെ സൂചിപ്പിക്കുന്നു.
5. അമ്മ പനി പിടിച്ച മകനേയും കൊണ്ട് ആശുപത്രിയുടെ പടികൾ കയറിയതും സൂചിപ്രയോഗത്തിന്റെ വേദനയും
6. അമ്മ നൽകിയ സ്നേഹത്തിന്റെ ഓർമ്മ വിവരിക്കുന്നു. കവിതയിലെ സന്ദർഭം മുൻനിർത്തി വിലയിരുത്തുന്നു.
7. ദൈന്യത വിവരിക്കുന്നു. സന്ദർഭങ്ങൾ അവതരിപ്പിക്കുന്നു.
8. വീടിനോടുള്ള ആത്മബന്ധം, ജീവിതബന്ധങ്ങളെ വലിച്ചെറിയുന്ന പുതുസമൂഹം
   യൂണിറ്റിലെ പാഠഭാഗങ്ങൾ കൂടി വിശകലനം ചെയ്യുന്നു
   കാലികപ്രസക്തി സമഗ്രത

# യൂണിറ്റ് 2

# നിലാവു പെയ്യുന്ന നാട്ടുവഴികൾ

നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നാട്ടിൻപുറ കാഴ്ചകളിലേക്കും കേരളീയ ജീവിതാനുഭവങ്ങളിലേക്കുമുള്ള ഗൃഹാതുരത്വമുണർത്തുന്ന ഒരു തിരിഞ്ഞുനോട്ടമാണ് 'നിലാവു പെയ്യുന്ന നാട്ടുവഴികൾ' എന്ന യൂണിറ്റ്.

യൂണിറ്റിന്റെ പ്രവേശകമായി നൽകിയിരിക്കുന്ന പുറനാനൂറിൽ നിന്നെടുത്ത ഔവ്വയാറിന്റെ ഈരടിയിൽ നാടിന്റെ നന്മ നാട്ടുകാരുടെ നേരിന്റെ വെളിച്ചമാണെന്ന സന്ദേശം നൽകുന്നു.

## കൊച്ചുചക്കരച്ചി

-എ.പി.ഉദയഭാനു

മനുഷ്യനും വൃക്ഷങ്ങളും തമ്മിലുള്ള ബന്ധം ആവിഷ്കരിക്കുന്ന അനേകം കൃതികളുണ്ട്. എ.പി.ഉദയഭാനുവിന്റെ 'കൊച്ചുചക്കരച്ചി' എന്ന ഉപന്യാസം കൊച്ചുചക്കരച്ചി എന്നു വിളിക്കപ്പെടുന്ന മാവുമായുള്ള ലേഖകന്റെയും കുടുംബത്തിന്റെയും ആത്മബന്ധം ആവിഷ്കരിക്കുന്നു. വൃക്ഷങ്ങൾ പലതുണ്ടെങ്കിലും വൃക്ഷങ്ങളിൽ വച്ചു വൃക്ഷമായത് മാവുതന്നെയാണെന്ന് ലേഖകൻ പറയുന്നു.

ഭാഗം കഴിഞ്ഞ് ലേഖകനും അമ്മയും തറവാട്ടുവീട്ടിൽ താമസം തുടങ്ങിയതോടെയാണ് കൊച്ചുചക്കരച്ചിയുമായി അടുക്കുന്നത്. മാവ് വീടിന് അപകടമുണ്ടാക്കുമോ എന്ന സംശയം അദ്ദേഹത്തിനുണ്ടായി. അതിനാൽമാവ് മുറിച്ചു കളയണമെന്ന് സകല യുക്തിയുമപയോഗിച്ച് വാദിക്കാൻ തുടങ്ങി. എന്നാൽ അദ്ദേഹത്തിന്റെ ഒരു വാദവും സമ്മതിച്ചു കൊടുക്കാൻ അമ്മ തയ്യാറായില്ല. ഭക്തിയും വിശ്വാസവുമാണ് അമ്മയെ മുന്നോട്ടുനയിക്കുന്നത്. 'കൊച്ചുചക്കരച്ചി വീഴില്ല. വീണാലും അവൾ ആപത്തുവരുത്തുകയില്ല' എന്ന ഉറച്ച നിലപാടായിരുന്നു അമ്മയ്ക്ക് ഉണ്ടായിരുന്നത്.

കാറ്റും മഴയും വരുമ്പോഴൊക്കെ അമ്മ പൂമുഖത്തു ചെന്നിരിക്കും. കൊച്ചുചക്കരച്ചി ചതിക്കില്ല എന്ന വിശ്വാസമാകാം അതിനു കാരണം. അങ്ങനെയിരിക്കെ ഇരുപതുവർഷം മുമ്പ് അല്പം തെക്കുപടിഞ്ഞാറുചാഞ്ഞ് കൊച്ചുചക്കരച്ചി മുറിഞ്ഞുവീണു. തികച്ചും നിരുപദ്രവമായി. 'കൊച്ചുചക്കരച്ചി നേരുള്ള മാവാണ്, അവൾ ദോഷം വരുത്തുകയില്ല' എന്നുള്ള അമ്മയുടെ വിശ്വാസം ജയിച്ചു.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 മാർക്ക്**

1. 'മാമ്പഴം' - എന്ന കവിതയിലൂടെ മലയാള കാവ്യലോകത്ത് ചിരപ്രതിഷ്ഠ നേടിയ കവി?

   (ഒ.എൻ.വി., ഇടശ്ശേരി, വൈലോപ്പിള്ളി, ചങ്ങമ്പുഴ)
2. ചൂതസായകൻ എന്ന പദം വിഗ്രഹിച്ചെഴുതിയാൽ

   (ചൂതം സായകമാക്കിയവൻ, ചൂതത്തിന്റെ സായകൻ)
3. നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ അവൾ പറയുമായിരുന്നു. ആര്?

   (ചിരുത, കൊച്ചുചക്കരച്ചി, അന്നമ്മ, ഏലിച്ചേടത്തി)
4. കൊച്ചുചക്കരച്ചി എന്ന പാഠം ഏതു സാഹിത്യശാഖയിൽ ഉൾപ്പെടുന്നു?

   (കഥ, കവിത, നോവൽ, ഉപന്യാസം)

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക്**

5. പച്ചമാങ്ങ അല്പം ഉപ്പുചേർത്ത് കറുമുറാ കറുമുറാ ചവച്ചു തിന്നാൽ, കുത്തിയൊലിക്കുന്ന ഉമിനീരിന്റെ (കൊതി) വേഗം കൊണ്ട് അണകൾ കോച്ചിപ്പോകും. - കൊച്ചുചക്കരച്ചി

   ഭാഷയുടെ ലാളിത്യവും സൗന്ദര്യവും മേൽപ്പറഞ്ഞ വാക്യത്തിൽ ആവിഷ്കൃതമാകുന്നത് എപ്രകാരമാണ്?

6. തുലാ വർഷക്കാറ്റുകളും കാലവർഷക്കാറ്റുകളും ആ മുത്തശ്ശിയുടെ നിബിഡവും ശ്യാമളവുമായ തലമുടികളിൽക്കൂടെ വിരലോടിച്ചു പോവുക മാത്രം ചെയ്തു. ഈ വാക്യത്തിന്റെ പ്രയോഗഭംഗി കണ്ടെത്തി എഴുതുക.

7. കൊച്ചുചക്കരച്ചി വീഴില്ല, വീണാലും അവൾ ആപത്തു വരുത്തുകയില്ല എന്ന ഒരു ഉറച്ച നിലയായിരുന്നു. അമ്മയ്ക്ക് അമ്മയും കൊച്ചുചക്കരച്ചിയും തമ്മിലുള്ള ബന്ധം കഥയിൽ ആവിഷ്കരിക്കുന്നതെങ്ങനെ?

**അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 4 സ്കോർ വീതം**

8. പ്രകൃതിയോടുള്ള സമീപനത്തിൽ തലമുറകൾ തമ്മിലുള്ള അന്തരം കൊച്ചുചക്കരച്ചി എന്ന പാഠഭാഗത്ത് ആവിഷ്കൃതമാകുന്നുണ്ടോ? സ്വാഭിപ്രായം സമർത്ഥിക്കുക.

9. കൊച്ചുചക്കരച്ചി വീഴില്ല, വീണാലും അവൾ ആപത്ത് വരുത്തുകയില്ല. അമ്മയ്ക്ക് കൊച്ചുചക്കരച്ചിയോടുള്ള അടുപ്പവും വിശ്വാസവുമാണ് ഈ വാക്യത്തിൽ തെളിയുന്നത് കൊച്ചുചക്കരച്ചി വർത്തമാനകാല സമൂഹത്തിന് നൽകുന്ന സന്ദേശമെന്ത്? മുകളിൽ കൊടുത്തിരിക്കുന്ന പാഠഭാഗത്തെ മുൻനിർത്തി എഴുതുക.

10. മധുരിക്കും ഓർമ്മകളേ
    മലർമഞ്ചൽ കൊണ്ടുവരൂ
    കൊണ്ടുപോകൂ ഞങ്ങളെ-
    യാമാഞ്ചുവട്ടിൽ... മാഞ്ചുവട്ടിൽ

    ഇത്തരത്തിലുള്ള മധുരമായ ഒരു ഓർമ്മയുടെ പങ്കുവയ്ക്കൽ കൂടിയാണ് കൊച്ചുചക്കരച്ചി എന്ന പാഠഭാഗം വിശദമാക്കുക.

11. എന്നാൽ സ്വയം ചത്തും മാവിനെ കാത്തു രക്ഷിച്ചുപോന്ന നീറുകൾ എന്ന ചാവേറ്റുപട കൊച്ചുചക്കരച്ചിയിൽ കയറാൻ ശ്രമിച്ചവരെ എല്ലാം തോല്പിച്ച് ഓടിച്ചുകളഞ്ഞു. പ്രകൃതിയെ സംരക്ഷിക്കുന്നതിൽ ജീവജാലങ്ങൾ പുലർത്തുന്ന കരുതൽ മനുഷ്യനു നൽകുന്ന പാഠമെന്ത്? പാഠസന്ദർഭത്തെ മുൻനിർത്തി എഴുതുക.

**ഒരുപുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 6 സ്കോർ വീതം**

12. കൊച്ചുചക്കരച്ചി എന്ന മാവ് ശക്തമായ ഒരു സാന്നിദ്ധ്യമായി കൊച്ചുചക്കരച്ചി എന്ന പാഠഭാഗത്ത് വരുന്നുണ്ട്. പഴയ തലമുറയുടെ പ്രകൃതിയോടുള്ള ദൃഢമായ ബന്ധമാണോ കൊച്ചുചക്കരച്ചിയിൽ ആവിഷ്കരിച്ചിരിക്കുന്നത്? അമ്മ പഴയ തലമുറയുടെയും കൊച്ചുചക്കരച്ചി പ്രകൃതിയുടെയും പ്രതീകമായി മാറുന്നുണ്ടോ? കൊച്ചുചക്കരച്ചി എന്ന പാഠത്തെ മുൻനിർത്തി സ്വാഭിപ്രായം സമർത്ഥിക്കുക.

13. കേരളത്തിൽ തുടരെത്തുടരെയുള്ള പ്രളയവും ഉരുൾപൊട്ടലുമെല്ലാം പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെയാണ് നമ്മെ ഓർമ്മപ്പെടുത്തുന്നത്. കൊച്ചുചക്കരച്ചി എന്ന പാഠഭാഗത്തെ മുൻനിർത്തി പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം എന്ന വിഷയത്തിൽ ഒരു എഡിറ്റോറിയൽ തയ്യാറാക്കുക.

## ഉത്തരസൂചിക

1. വൈലോപ്പിള്ളി
2. ചൂതം നായകമാക്കിയവൻ
3. കൊച്ചുചക്കരച്ചി
4. ഉപന്യാസം)
5 ➢ നാട്ടുഭാഷയുടെ ശക്തിയും സൗന്ദര്യവും പ്രകടമാക്കുന്ന ഗ്രാമീണപദങ്ങൾ
   ➢ (കറുമുറ, കൊതി, അണകൾ കോച്ചിപ്പോകൽ)
   ➢ അനുഭവത്തിന്റെ നേർസാക്ഷ്യം പകർന്നുനൽകുന്ന ഭാഷാശൈലി
   ➢ ലളിതമായ ആഖ്യാനശൈലി
6. ➢ മുത്തശ്ശി എന്ന പ്രയോഗത്തിലൂടെ കൊച്ചുചക്കരച്ചിക്ക് മനുഷ്യഭാവം നൽകിയിരിക്കുന്നു
   ➢ നിബിഡവും ശ്യാമളവുമായ തലമുടി  എന്ന പ്രയോഗം കൊച്ചുചക്കരച്ചിയുടെ ഹരിതസമൃദ്ധിയെ സൂചിപ്പിക്കുന്നു.
7. ➢ മാവ് മുറിക്കാൻ തുനിയുമ്പോൾ അമ്മ തടയുന്നു
   ➢ മാവ് ചതിക്കില്ലെന്ന് ഉറച്ചുവിശ്വസിക്കുന്നു
   ➢ കാറ്റും മഴയും വരുമ്പോൾ പൂമുഖത്തു പോയിരിക്കുന്നു
   ➢ അമ്മയുടെ വിശ്വാസം പോലെ അപകടരഹിതമായി മാവ് വീഴുന്നു
8. ➢ പ്രകൃതിയോടുള്ള സമീപനത്തിൽ തലമുറകൾ തമ്മിലുള്ള അന്തരം കൊച്ചുചക്കരച്ചിയിലെ പ്രധാന വിഷയമാണ്
   ➢ പഴയ തലമുറയ്ക്ക് പ്രകൃതി അവരുടെ ജീവിതത്തിന്റെ അല്ലെങ്കിൽ നിലനിപ്പിന്റെ ഒരു ഭാഗം
   ➢ പ്രകൃതി ഒരിക്കലും ചതിക്കില്ല എന്ന ദൃഢമായ വിശ്വാസം
   ➢ യുക്തിചിന്തയ്ക്കോ ശാസ്ത്രയുക്തിക്കോ അവിടെ വലിയ പ്രസക്തിയില്ല
   ➢ പ്രകൃതിയോടുള്ള വിശ്വാസത്തിന് ഉപരിയായി യുക്തിചിന്തയ്ക്കോ ശാസ്ത്ര യുക്തിക്കോ പുതിയ തലമുറ പ്രാധാന്യം നൽകുന്നു
   ➢ പ്രകൃതിയെ തങ്ങളുടെ നിലനിൽപ്പിന്റെ ഭാഗമായി പുതുതലമുറ കണക്കാക്കുന്നില്ല
   ➢ പാഠഭാഗവുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള സമർത്ഥിക്കൽ
9. ➢ അമ്മ ഉൾക്കൊള്ളുന്ന പഴയ തലമുറ പ്രകൃതിയെ തങ്ങളുടെ നിലനിൽപ്പിന്റെ ഒരു ഭാഗമായാണ് കണ്ടിരുന്നത്
   ➢ പ്രകൃതിയിൽ അവർക്കുള്ള ദൃഢമായ വിശ്വാസം
   ➢ പ്രകൃതിയെ ആശ്രയിച്ചും പ്രകൃതിക്കിണങ്ങിയും ജീവിച്ച പഴയ തലമുറയുടെ പ്രതിനിധിയാണ് അമ്മ
   ➢ പുതുതലമുറ സ്വാർത്ഥതയ്ക്ക് വേണ്ടി പ്രകൃതിയെ ചൂഷണം ചെയ്യുന്നു
   ➢ പ്രകൃതി സംഹാരമൂർത്തിയായി മാറുന്ന കാഴ്ചയ്ക്ക് വർത്തമാനകാല സമൂഹം സാക്ഷിയാകുന്നു
   ➢ മനുഷ്യന്റെ വികസന സങ്കല്പത്തിൽ മാറ്റം വരുത്തേണ്ടതിന്റെ അനിവാര്യത
   ➢ പ്രകൃതിക്കിണങ്ങിയ വികസന സങ്കല്പം സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

10. ➢ ഭാഗം വയ്ക്കലിനുശേഷം തറവാട്ടുവീട്ടിൽ താമസമുറപ്പിച്ചതോടെ ലേഖകന് കൊച്ചുചക്കരച്ചിയുമായുള്ള ബന്ധം ആരംഭിക്കുന്നു.

➢ കൊച്ചുചക്കരച്ചി കുടുംബത്തിന് പ്രിയങ്കരിയായി മാറുന്നത്

➢ കൊച്ചുചക്കരച്ചിയിൽ രോഗലക്ഷണങ്ങൾ പ്രകടമാകുന്നു

➢ കുടുംബത്തിന്റെ സുരക്ഷയ്ക്ക് വേണ്ടി കൊച്ചുചക്കരച്ചി മുറിക്കാൻ ലേഖകൻ ആവശ്യപ്പെടുന്നു

➢ മാവ് മുറിക്കാൻ തുനിയുമ്പോൾ അമ്മ തടയുന്നു

➢ കൊച്ചുചക്കരച്ചി ചതിക്കില്ലെന്ന അമ്മയുടെ ദൃഢമായ വിശ്വാസം

➢ കാറ്റും മഴയും വരുമ്പോൾ അമ്മ പൂമുഖത്ത് പോയിരിക്കുന്നു

➢ അമ്മയുടെ വിശ്വാസം പോലെ അപകടരഹിതമായി മാവ് വീഴുന്നു

11. ➢ പ്രകൃതി എല്ലാ ജീവജാലങ്ങളുടേയും ആശ്രയ സ്ഥാനം

➢ പ്രകൃതിയിൽ ഓരോ ജീവജാലവും പാരസ്പര്യത്തോടെ നിലനിൽക്കുന്നു

➢ മനുഷ്യൻ സ്വാർത്ഥതയ്ക്കായി പ്രകൃതിയെ ചൂഷണം ചെയ്യുന്നു

➢ പരിസ്ഥിതി സൗഹാർദ്ദമായ ജീവിതവീക്ഷണം ഭൂമിയുടെ നിലനിൽപ്പിന് അത്യാവശ്യം

➢ പാഠസന്ദർഭവുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള വിവരണം

12. ➢ അമ്മ പഴയ തലമുറയുടെയും കൊച്ചുചക്കരച്ചി പ്രകൃതിയുടെയും പ്രതീകമായി മാറുന്നു.

➢ പഴയ തലമുറയ്ക്ക് പ്രകൃതിയോടുള്ള അടുപ്പവും ഒരിക്കലും ആപത്തു വരുത്തുകയില്ല എന്ന ദൃഢമായ വിശ്വാസവും കഥയിൽ പ്രകടമാണ്

➢ കൊച്ചുചക്കരച്ചിയെപ്പോലെ തന്നെ ആശ്രയിക്കുന്നവർക്ക് എല്ലാം നൽകുകയും അവർക്ക് യാതൊരു ആപത്തും വരാതെ സംരക്ഷിക്കുകയും ചെയ്യുക എന്ന ധർമ്മം പ്രകൃതിക്കുണ്ട്.

13. ➢ അമ്മ പഴയ തലമുറയുടെയും കൊച്ചുചക്കരച്ചി പ്രകൃതിയുടെയും പ്രതീകമായി കഥയിൽ മാറുന്നു

➢ അമ്മയ്ക്ക് കൊച്ചുചക്കരച്ചിയിലുള്ള അടുപ്പവും വിശ്വാസവും

➢ കുടുംബത്തിന്റെ സുരക്ഷയ്ക്ക്വേണ്ടി ലേഖകൻ കൊച്ചുചക്കരച്ചി മുറിക്കാൻ തുനിയുന്നു

➢ കൊച്ചുചക്കരച്ചി ഒരിക്കലും ആപത്തുവരുത്തുകയില്ലെന്ന അമ്മയുടെ ദൃഢമായ വിശ്വാസം

➢ അമ്മയുടെ വിശ്വാസം പോലെ കൊച്ചുചക്കരച്ചി തികച്ചും നിരുപദ്രവകരമായി വീഴുന്നു

➢ ലേഖകൻ ഉൾപ്പെടുന്ന പുതിയ തലമുറ യുക്തിബോധത്തിന്റെയും ശാസ്ത്രശക്തിയുടെയും പിൻബലത്തിലാണ് പ്രകൃതിയെ കാണുന്നത്.

➢ പ്രകൃതിയുമായി ആഴത്തിലുള്ള അടുപ്പമോ വിശ്വാസമോ ഇല്ലാത്ത പുതിയ തലമുറ

➢ പ്രകൃതിയെ അമിതമായി ചൂഷണം ചെയ്യുന്നു.

➢ പ്രകൃതി സംഹാരതാണ്ഡവമാടുന്ന വർത്തമാനകാല സാഹചര്യം

➢ മനുഷ്യന്റെ വികസന സങ്കല്പത്തിലെ പൊരുത്തക്കേടുകൾ

➢ പരിസ്ഥിതി സൗഹാർദ്ദപരമായ വികസനപരത സ്വീകരിക്കേണ്ടതിന്റെ അനിവാര്യത

➢ എഡിറ്റോറിയലിന്റെ ഘടന

# ഓണമുറ്റത്ത്

-വൈലോപ്പിള്ളി ശ്രീധരമേനോൻ

വൈലോപ്പിള്ളി ശ്രീധരമേനോന്റെ ഓണമുറ്റത്ത് ഓണക്കാലത്തിന്റെ ഗൃഹാതുരത ഉണർത്തുന്ന ഒരു കവിതയാണ്. മാവേലി മന്നനെ എതിരേൽക്കാൻ കേരള നാടിന്റെ പ്രകൃതി ഒരുങ്ങിയിരിക്കുന്നതെങ്ങനെയെന്ന് കവി വർണ്ണിക്കുന്നു.

തുമ്പകൾ പൂക്കൂടകൾ നിറച്ച് മേടുകൾ തോറും മഴ കൊണ്ടു വിറച്ചുനിൽക്കുന്നു. മുക്കുറ്റികൾ തിരികൾ തെറുത്ത് ദീപം കൊളുത്തുന്നതിന് യോജിച്ച മുഹൂർത്തം കാത്തിരിക്കുന്നു. വയലേലകളുടെ നടുവിൽ പൊൻപ്രഭ ചൊരിയുന്ന കിഴികളെരിയുന്ന വെള്ളിത്താലവുമെടുത്ത് നെയ്യാമ്പലുകൾ ശോഭിക്കുന്നു. രാവിൽ നിറഞ്ഞ നിലാവിൽ കമുകിൻ പൂക്കുല വിടർന്നുനിൽക്കുന്ന വഴിയിലൂടെ ഓണത്തപ്പൻ എഴുന്നള്ളുന്നു. കുട്ടികളും അലകടലുകളും ആർപ്പുവിളികളാലും കൊച്ചരുവികളും ചെറുകുരുവികളാലും ഓണത്തെ സ്വീകരിക്കാൻ തയ്യാകുന്നു.

ഓണത്തെക്കുറിച്ചുള്ള ചിന്തകൾ കവിയെ പുള്ളുവനാക്കുന്നു. നഗരസംസ്കാരത്തിന്റെ അധിനിവേശത്താൽ നാടുകടത്തപ്പെട്ട നാട്ടുനന്മകളെ വിളിച്ചുണർത്തുന്ന ദൗത്യമാണ് കവിയ്ക്ക് നിർവ്വഹിക്കാനുള്ളത്. പരിഷ്കാരത്തിന്റെ തിണ്ണയിലുള്ളവർ പരിഹസിച്ചേക്കുമെങ്കിലും കവിയുടെ ആത്മാഭിമാനത്തെ തളർത്താൻ അവർക്ക് കഴിയുന്നില്ല.

ഓണക്കാലത്തിന്റെ വർണ്ണനാചിത്രം എന്നതിനപ്പുറം മലനാട്ടു ജീവിത സംസ്കാരത്തിന്റെ മധുരോദാരവും പാവനവുമായ സങ്കല്പങ്ങളെ ഗൃഹാതുരതയോടെ കവി അവതരിപ്പിക്കുന്നു.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 മാർക്ക്**

1. മാവേലിമന്നനെ വരവേൽക്കാൻ ദീപക്കുറ്റികൾ നാട്ടിയിരിക്കുന്നതായി കവി വർണ്ണിച്ചിരിക്കുന്നത് എന്തിനെയാണ്?

   (തുമ്പകളെ, നെയ്യാമ്പലുകളെ, മുക്കുറ്റികളെ, ഓണക്കോടിയുടുത്ത ഉഷസ്സിനെ)

2. ഓണക്കാലത്തുണരും ഞാൻ തിരു-
   വോണപ്പാട്ടുകളാണെൻ പാട്ടുകൾ

   ഈ വരികളിൽ തെളിയുന്ന ഭാവമെന്ത്?

   (ദു:ഖം, അഭിമാനം, അഹങ്കാരം, നിരാശ)

3. മലർക്കളം പിരിച്ചെഴുതിയാൽ

   (മലർ + കളം, മലർ + ക്കളം, മലര് + കളം, മല: + കളം)

4. പഴമയിലിഴയും പല്ലു കൊഴിഞ്ഞൊരു
   പാട്ടാണെന്നു പഴിക്കാമിന്ന്

   ഓണത്തെ പല്ലുകൊഴിഞ്ഞ പാട്ടായി പരിഹസിക്കുന്നത് ആര്?

   (പുള്ളുവൻ, പരിഷ്കാരികൾ, കവി, മഹാബലി)

5. കവിയുടെ മുന്നിൽ കാഞ്ചനസിംഹാസനത്തിൽ മുത്തുക്കുടയും ചൂടിയിരിക്കുന്നതാര്?

   (മഹാബലി, പുള്ളുവൻ, വീണപ്പെണ്ണ്, പരിഷ്കാരികൾ)

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക്**

6. കവി സ്വയം പുള്ളുവനാണെന്ന് സംബോധന ചെയ്യുന്നതിനു പിന്നിലുള്ള ഔചിത്യം എന്ത്?

7. ഓണക്കാലത്തുണരും ഞാൻ തിരു-
വോണപ്പാട്ടുകളാണെൻ പാട്ടുകൾ (ഓണമുറ്റത്ത്)

കവി ഇപ്രകാരം പറയാൻ കാരണമെന്ത്?

**അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 4 സ്കോർ വീതം**

8. ഗ്രാമീണ പ്രകൃതിയുടെ ഉജ്ജ്വല ഭാവങ്ങൾ ഓണമുറ്റത്ത് എന്ന കവിതയിൽ ആവിഷ്കൃതമാകുന്നത് എപ്രകാരമാണ?

9. നഗര സംസ്കാരത്തിന്റെ അധിനിവേശത്താൽ നാടുകടത്തപ്പെടുന്ന നാട്ടുനന്മകളെ വിളിച്ചുണർത്തുന്ന കവിതയാണ് ഓണമുറ്റത്ത്. സ്വാഭിപ്രായം സമർത്ഥിക്കുക.

10. പഴമയിലിഴയും പല്ലു കൊഴിഞ്ഞൊരു
പാട്ടാണെന്നു പഴിക്കാമിന്ന് പ-
രിഷ്കാരത്തിൻ തിണ്ണയിലുള്ളവർ (ഓണമുറ്റത്ത്)

ഉപഭോഗ സംസ്കാരത്തിന്റെയും നവസാങ്കേതികവിദ്യയുടെയും വർത്തമാനകാല സാഹചര്യത്തിൽ ഓണം എന്ന സങ്കല്പത്തിനു വന്ന മാറ്റം വ്യക്തമാക്കുക.

11. മലയാളത്തറവാട്ടിന്നങ്കണ-
വെൺമണലിങ്കലിരിപ്പൂ ഞാനെൻ-
കൈയിൽ ചാഞ്ഞുകിടപ്പൂ കൊഞ്ചലൊ-
ടെൻപ്രിയമകളാം വീണപ്പെണ്ണും (ഓണമുറ്റത്ത്)

മലയാളസാഹിത്യ തറവാട്ടിൽ ചിരപ്രതിഷ്ഠ നേടിയ വൈലോപ്പിള്ളി ശ്രീധരമേനോനും അദ്ദേഹത്തിന്റെ കവിതകളുമാണോ ഇവിടെ സൂചിതമാകുന്നത്? ഓണമുറ്റത്ത് എന്ന കവിതയെ മുൻനിർത്തി എഴുതുക.

**ഒരുപുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 6 സ്കോർ വീതം**

12. ഓണം മലയാളിയുടെ ഗൃഹാതുരത്വമുണർത്തുന്ന ഓർമ്മയാണ്. പൊയ്പ്പോയ നാട്ടുനന്മകളുടെ തിരുശേഷിപ്പാണ് ഇന്നും വിദൂരതയിലിരിക്കുന്ന സമത്വസങ്കല്പത്തിന്റെ ആഹ്വാനമാണ്. ഓണം എന്ന സങ്കല്പം ഓണമുറ്റത്ത് എന്ന കവിതയിൽ ആവിഷ്കൃതമാകുന്നത് എപ്രകാരമാണ്?

13. ഗ്രാമങ്ങൾ നഗരങ്ങളാൽ വിഴുങ്ങപ്പെടുന്ന ആഗോളവൽക്കരണത്തിന്റെ സമകാലിക സാമൂഹിക സാംസ്കാരിക പരിസരത്തിൽ ഓണമുറ്റത്ത് എന്ന കവിതയുടെ പ്രസക്തിയെക്കുറിച്ച് ഒരു പ്രഭാഷണം തയ്യാറാക്കുക

## ഉത്തരസൂചിക

1. മുക്കുറ്റികളെ
2. അഭിമാനം
3. മലർ + കളം,
4. പരിഷ്കാരികൾ
5. മഹാബലി
6. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നാടോടി സംസ്കൃതിയുടെ ഉണർത്തുപാട്ടുകാരനായി കവി മാറുന്നു.
ഗ്രാമീണ നന്മകളുടെ തുയിലുണർത്തു പാട്ടുകാരനായി മാറുന്ന കവി
7. ഓണം കവിതയുടെ കവിത്വസിദ്ധിയെ ഉണർത്തുന്നു
ഓണത്തിന് തന്റെ കവിതയിലുള്ള സ്ഥാനത്തെ കവി ആവിഷ്കരിക്കുന്നു.

8. തുമ്പികൾ, മുക്കുറ്റികൾ, നെയ്യാമ്പലുകൾ,രാത്രി,, ചെറുകന്യകമാർ, ഉഷസ്സ് എന്നിവയാണ് ഓണത്തപ്പനെ വരവേൽക്കാൻ ഒരുങ്ങുന്നത്.
മഴയെപ്പോലും കണക്കാക്കാതെ തുമ്പകൾ മലരിൻകൂട നിറച്ചുനിൽക്കുന്നു വെള്ളിത്താലങ്ങളായി നെയ്യാമ്പലുകളെയും ദീപക്കുറ്റികളായി മുക്കുറ്റികളെയും സങ്കല്പിക്കുന്നു കമുക് പൂവരി തൂകുന്നു
അതിഥിയെ സ്വീകരിക്കാൻ ചഞ്ചലമായി വരുന്ന കന്യകയാണ് ഉഷസ്സ്.

9. മലയാള ഗ്രാമീണ സ്വത്വത്തിന്റെ ഉജ്ജ്വലഭാവങ്ങൾ ഓണവുമായി ചേർത്തുള്ള അവതരണം
നഗര സംസ്കാരത്തിന്റെ അധിനിവേശത്താൽ നാടുകടത്തപ്പെടുന്ന നന്മകളെ
വിളിച്ചുണർത്തുക എന്ന ദൗത്യമാണ് കവിക്കുള്ളത്.
ഓണത്തിന്റെ വരവറിയിക്കുന്ന പുള്ളുവനായി കവി സ്വയം മാറുന്നു.
പ്രാചീന നന്മകളെക്കുറിച്ച് ആവേശത്തോടെ പാടുന്ന കവി പുള്ളുവന്റെ പാരമ്പര്യം അവകാശപ്പെടുന്നു.
പാരമ്പര്യത്തിന്റെ നന്മ തന്റെ കവിതയിലുണ്ടെന്ന് കവി അഭിമാനിക്കുന്നു.

10. ഉപഭോഗ സംസ്കാരത്തിന്റെ പുതിയ കാലഘട്ടത്തിൽ ഓണവും കച്ചവടവൽകരിക്കപ്പെടുന്നു
നവസാങ്കേതികവിദ്യ ഓണം എന്ന സങ്കല്പത്തിൽ വരുത്തയ മാറ്റം
കുടുംബ സങ്കല്പത്തിൽ (അണുകുടുംബം) ബന്ധങ്ങളിൽ വന്ന മാറ്റം
ജീവിതമൂല്യങ്ങളിൽ വന്ന മാറ്റം

11. ഓണത്തിന്റെ മധുരോദാരവും ഗൃഹാതുരവുമായ ഓർമ്മയാണ് ഓണമുറ്റത്ത് എന്ന കവിത
മലയാള നാടിന്റെ അവശേഷിച്ച നാട്ടുനന്മകളുടെ ഓർമ്മപ്പെടുത്തൽ
കവി സ്വയം പുള്ളുവനാണെന്ന് സംബോധന ചെയ്യുന്നു.
നാടിന്റെ മഹത്വത്തെയും സംസ്ക്കാരത്തെയും ഉദ്ഘോഷിക്കുന്നവരാണ് കവികൾ.
പൊയ്പ്പോയ നാട്ടുനന്മകളും സംസ്കൃതിയും സാഹിത്യത്തിലൂടെ
പുനരുജ്ജീവിക്കപ്പെടുന്നു.
പാരമ്പര്യത്തിന്റെ നന്മ തന്റെ കവിതയിലുണ്ടെന്ന് കവി അഭിമാനിക്കുന്നു
ഗ്രാമവും ഗ്രാമീണസംസ്കൃതിയും വൈലോപ്പിള്ളി കവിതയിലെ സ്ഥിരസാന്നിധ്യമാണ്.

12. ഓണത്തെ പ്രകൃതി വരവേൽക്കുന്നത്
ഓണം കവിയെ സ്വാധീനിക്കുന്നത്
മലയാളക്കര ഓണത്തെ എതിരേൽക്കുന്നത്
ഓണത്തെ പുതുതലമുറ നോക്കി കാണുന്നത്

13. ഗ്രാമീണ സംസ്കൃതിയുടെ ഉജ്ജ്വല ഭാവങ്ങളുടെ ആവിഷ്ക്കരണം
ഓണത്തിന്റെ വരവറിയിക്കുന്ന പുള്ളുവനായി കവി മാറുന്നു
ഗ്രാമീണ നന്മകളോടുള്ള കവിയുടെ ആഭിമുഖ്യം കവിതയിൽ പ്രകടമാവുന്നത്
കവിയെ ഓണം സ്വാധീനിക്കുന്നത്
പുതിയ തലമുറ ഓണത്തെ കാണുന്നത്
ഉപഭോഗസംസ്കാരം, നവസാങ്കേതികവിദ്യ എന്നിവ ഓണമെന്ന സങ്കല്പത്തിൽ
വരുത്തിയ മാറ്റം
തലമുറകൾ തമ്മിലുള്ള അന്തരം ഓണത്തിൽ വരുത്തിയ മാറ്റം
ജീവിതമൂല്യങ്ങളിൽ വന്ന മാറ്റം
പ്രഭാഷണത്തിന്റെ ഘടന

# കോഴിയും കിഴവിയും

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 മാർക്ക്**

1. ''അതിന്റെ ജീവൻ പോകുന്നത് കാണുമ്പോൾ കണ്ണുനിറയാത്തത് കണ്ണിൽക്കൂടി വരേണ്ടവെള്ളം വായിൽ ഊറുന്നതുകൊണ്ടാണ്.'' ഇവിടെ കഥാകാരൻഉദ്ദേശിക്കുന്നത്?
   (ആർത്തി, വിശപ്പ്, കൊതി)
2. 'ആ വീട്ടുകാരുടെ ഇടയിൽ ഒരഗ്നിപർവ്വതം പൊട്ടാറായി നിൽക്കുകയാണ്. അതു താമസിയാതെ പൊട്ടും. അതിനു സന്ദർഭം വന്നു.' ഏതാണ് ആ സന്ദർഭം.
   (കേസു കൊടുത്തു, കുട്ടിയെ പേരക്ക കൊണ്ടെറിഞ്ഞു, കോഴിയെ കൊന്നു)
3. മാതൃകപോലെ പൂരിപ്പിക്കുക.
   പനയോല - പനയിലെ ഓല
   ഉണക്കറൊട്ടി -
4. കോഴിയും കിഴവിയും എന്ന കഥയുടെ രചനാരീതി?
   (പരിഹാസം, വിമർശനം, ആക്ഷേപഹാസ്യം)

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക്**

5. പണമുണ്ടെന്ന് ഒരാൾക്ക് ഭാവം
   കുടുംബസ്ഥിതിയിൽ അഭിമാനം മറ്റവന്
   ഈ വരികളിൽ പ്രകടമാകുന്ന മർക്കോസിന്റെയും മത്തായിയുടെയും മനോഭാവങ്ങൾ ഏതെല്ലാമാണ് കുറിപ്പെഴുതുക.
6. ഒറ്റവാക്യമാക്കുക.
   അയൽവീട്ടുകാരെപ്പറ്റി എന്തെങ്കിലും ആക്ഷേപം പറയാതെ കിടന്നാൽ മത്തായിക്ക് ഉറക്കം വരികയില്ല. അയാളുടെ ഭാര്യയ്ക്കും അങ്ങനെതന്നെ.

**അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 4 മാർക്ക്**

7. 'നന്ദികെട്ട ഈ വംശത്തിന്റെ കൂടെ എനിക്കു കഴിയാൻമേല' മത്തായിയുടെ അമ്മയുടെ പ്രതികരണമാണിത്. ഇങ്ങനെ പ്രതികരിക്കാൻ കാരണമായത് എന്താണ്? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.
8. കോഴിയുടെ ഉടമസ്ഥൻ സന്ധ്യയ്ക്കു വീട്ടിൽ വന്നപ്പോൾ കഥ അറിഞ്ഞു. അതിനു നിവൃത്തിയുണ്ടാക്കാം അയൽപക്കത്തുകാർക്കും കഴിഞ്ഞു കൂടണമല്ലോ? മത്തായിയുടെ ഈ മനോഭാവമാണ് കഥയുടെ ഗതിയെ നിയന്ത്രിക്കുന്നത്. വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**ഒരപുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 6 മാർക്ക്**

9. അടുത്തുതാമസിച്ചിട്ടും തീരെ അകന്നുപോയവരായി മത്തായിയും മർക്കോസും മാറി. പണത്തിനു മുന്നിൽ ബന്ധങ്ങൾ അകന്നുപോകുന്ന കാഴ്ചയാണ് നാമീ കഥയിൽ കാണുന്നത്. 'കോഴിയും കഴവിയും' എന്ന കഥയെ മുൻനിർത്തി ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.
10. ''ഒരു ദുർബ്ബല നിമിഷത്തിൽ ഭാര്യ തോറ്റുകൊടുത്തു ഒരാണിനെപ്പെറ്റു. അവനാണു മർക്കോസ്. ഏഴു പെങ്ങന്മാർക്കിടയ്ക്കൊരു കുഞ്ഞാങ്ങള.''

‘‘കെട്ടിയോൻ കള്ളപ്പുകല ചുമടിനു പോയി – ഇടികൊണ്ടു ചത്തതുകൊണ്ട് അവൾക്കുവന്ന ഭാഗ്യം, അല്ലെങ്കിൽ ഇതൊക്കെയാവാൻ ഒറ്റദിവസം കൊണ്ടു കുടിച്ചുമൊള്ളിയേനെ’’

‘‘അയൽക്കാർകൂടി മർക്കോസ് കോഴിയെ കട്ടുതിന്നെന്നാണു കേസ്. അയാളെ പോലീസ് സ്റ്റേഷനിലേക്കും അവിടെ നിന്ന് കോടതിയിലേക്കും നടത്തും.’’

പരിഹാസം നിറഞ്ഞ വിമർശന ശരങ്ങൾ ഉപയോഗിച്ചുകൊണ്ട് അന്നത്തെ സാമൂഹികാവസ്ഥയെ വ്യക്തമാക്കുന്നു. ഇവയ്ക്ക് ഇന്നത്തെ കാലഘട്ടത്തിലും പ്രാധാന്യമുണ്ടോ എന്തെല്ലാം മാറ്റങ്ങളാണ് വന്നിരിക്കുന്നത് വിശദമാക്കുക.

## ഉത്തരസൂചിക

1. കൊതി
2. കോഴിയെ കൊന്നു
3. ഉണക്കറൊട്ടി – ഉണങ്ങിയ റൊട്ടി
4. ആക്ഷേപഹാസ്യം
5. മർക്കോസിന്റെ അപ്പൻ മാടം വെച്ച് കിടക്കാൻ സമ്മതിച്ചില്ലെങ്കിൽ മത്തായിയും കുടുംബവും വല്ല വഴിയിലും കിടന്ന് തൊലഞ്ഞുപോകുമെന്ന് മർക്കോസിന്റെ ഭാവം.
   താനിവിടെ വന്നുകൂടിയില്ലെങ്കിൽ മർക്കോസും കുടുംബവും പിച്ചപ്പാളയും കൊണ്ടിറങ്ങേണ്ടി വരുമെന്നായിരുന്നു എന്ന് മത്തായിയുടെ ഭാവം.
6. അയൽവീട്ടുകാരെപ്പറ്റി എന്തെങ്കിലും ആക്ഷേപം പറയാതെ കിടന്നാൽ മത്തായിക്കും ഭാര്യയ്ക്കും ഉറക്കം വരില്ല.
7. മത്തായിയും കുടുംബവും ഇന്ന് ഈ നിലയിൽ നിൽക്കുന്നതിനു കാരണം മർക്കോസിന്റെ പിതാവാണ്. എന്നാൽ ജീവിതം മെച്ചപ്പെട്ടപ്പോൾ മത്തായി വന്ന വഴി മറന്നു. എന്നാൽ അമ്മയ്ക്കത് ഉൾക്കൊള്ളാനാവുന്നില്ല. കോഴി കറി വച്ചു തിന്നിട്ട് മർക്കോസിനെ കേസിൽ കുടുക്കിയതിനെതിരെയുള്ള അമ്മയുടെ പ്രതിഷേധമാണ് ഇവിടെ കാണുന്നത്. മകനായാലും തെറ്റിനെ ന്യായീകരിക്കാൻ തയ്യാറാവാത്ത അമ്മ മാതൃകയാകുന്നു.
8. കോഴിയെ എറിഞ്ഞുകൊന്നത് മർക്കോസാണെന്ന നിഗമനം. മർക്കോസിനെ കേസിൽ കുടുക്കാനുള്ള തീരുമാനം. കൊന്ന കോഴിയെ ആരുമറിയാതെ കറിവച്ചുതിന്നുന്ന മത്തായി. എങ്ങനെയെങ്കിലും മർക്കോസിനെയും കുടുംബത്തെയും അയൽപക്കത്തുനിന്നു മാറ്റാനുള്ള അയാളുടെ ശ്രമം.
9. ഇല്ലായ്മയിൽ നിന്നും കെട്ടിപ്പൊക്കിയ ജീവിതമാണ് മത്തായിയുടെ കുടുംബത്തിന്റേത്. കാലം കഴിഞ്ഞപ്പോൾ കാറ്റ് മാറിവീശി. മർക്കോസും കുടുംബവും സാമ്പത്തികമായി ക്ഷീണിച്ചു. മത്തായി സഹായിക്കാൻ തുടങ്ങിയെങ്കിലും അത് മർക്കോസിന്റെ പുരയിടം സ്വന്തമാക്കാനുള്ള ഉപാധിയാക്കി മാറ്റി. ഒടുവിൽ മർക്കോസിന്റെ പറമ്പ് ചെറുതും മത്തായിയുടെ പറമ്പ് വലുതുമായി. മത്തായിക്ക് മർക്കോസിന്റെ സാന്നിധ്യം പോലും അരോചകമാകുന്നു. അങ്ങനെ അടുത്തു താമസിച്ചിട്ടും ഹൃദയങ്ങൾകൊണ്ട് വല്ലാതെ അകന്നു പോയവരായി മത്തായിയും മർക്കോസും.
10. തന്നിരിക്കുന്ന ഭാഗങ്ങളുടെ ആശയം. അന്നത്തെക്കാലത്തിന്റെ പ്രസക്തി. കുടുംബാസൂത്രണം നടപ്പായത്. കള്ളപ്പുകലച്ചുമട് രാജഭരണകാലം കഴിഞ്ഞതോടെ നിന്നു.
    ഇന്നത്തെക്കാലത്ത് കോഴിയെ കട്ടുതിന്നുന്നത് അത്ര വലിയ കേസല്ല. ദാരിദ്ര്യം– വിശപ്പ് ഇവ ഒരു പരിധിവരെ പരിഹരിച്ചു.

# ശ്രീനാരായണഗുരു

കേരള നവോത്ഥാനത്തിന്റെ പിതാവായി അറിയപ്പെടുന്ന ശ്രീനാരായണഗുരുവിന്റെ ചിന്തകളും കാഴ്ചപ്പാടുകളും വിശകലനം ചെയ്യുന്ന പാഠഭാഗം. ജാതിയും മതവും പറഞ്ഞ് വേർതിരിവുണ്ടാക്കി സ്വാർത്ഥ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് എന്നും എതിരായിരുന്നു ഗുരു. മനുഷ്യൻ എന്ന ഒരു ജാതി മാത്രമേയുള്ളൂ എന്ന് അദ്ദേഹം കേരളീയരെ പഠിപ്പിച്ചു.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 മാർക്ക്**

1. ഭാരതത്തിന്റ നവോത്ഥാനത്തിന് അപരിത്യാജ്യമായിത്തീർന്ന ഒരു കർമ്മപരിപാടിയാണ് ..................................

   (മതപരിവർത്തനം, ആധ്യാത്മികത, അധഃകൃതവർഗോദ്ധാരണം)
2. 'ഗുരുവചനം' വിഗ്രഹിച്ചെഴുതുക.

   (ഗുരുവാകുന്ന വചനം, ഗുരുവിന്റെ വചനം, ഗുരുവിലെ വചനം)
3. ശ്രീനാരായണോപദേശങ്ങളുടെ ഒരു പ്രത്യേകതയായി പറയുന്നത് എന്ത്?

   (സാർവലൗകികത്വം, സാർവദേശീയത്വം, പ്രാദേശികത്വം)

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക്**

4. ഗുരു കണ്ണാടി പ്രതിഷ്ഠ നടത്തിയതിന്റെ ലക്ഷ്യം എന്തായിരുന്നു?
5. കേരളീയരെ മനുഷ്യത്വം പഠിപ്പിച്ച ഏകഗുരുനാഥനെന്നും ഈ ഋഷിവര്യനെ വിശേഷിപ്പിക്കാം. ഈ നിരീക്ഷണത്തെ സാധൂകരിക്കുന്ന രണ്ട് ഗുരുദേവ വചനം എഴുതുക.
6. മറ്റു സന്യാസിമാരിൽ നിന്ന് ശ്രീനാരായണഗുരു എങ്ങനെയാണ് വ്യത്യസ്തനാവുന്നത്?

**അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 4 മാർക്ക്**

7. 'തന്റെ യോഗശക്തിയും ജ്ഞാനശക്തിയും ആധ്യാത്മികമണ്ഡലത്തിൽ അടച്ചുപൂട്ടി സൂക്ഷിക്കാതെ ലൗകികത്വത്തിലേക്ക് പ്രസരിപ്പിച്ചു.' ഈ നിരീക്ഷണം ശ്രീനാരായണഗുരു നടത്തിയ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുക.
8. ഒരു പ്രത്യേക മതത്തെ ആസ്പദമാക്കി ശ്രീനാരായണഗുരു ക്ഷേത്രങ്ങൾ സ്ഥാപിച്ചത് എന്തിനുവേണ്ടിയായിരുന്നു? നിങ്ങളുടെ നിരീക്ഷണം എഴുതുക.

**ഒരുപുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 6 മാർക്ക്**

9. 'ഗുരുദേവദർശനങ്ങളുടെ കാലികപ്രസക്തി' - എന്ന വിഷയത്തിൽ എഡിറ്റോറിയൽ തയ്യാറാക്കുക.
10. ''ഒരു നൂറ്റാണ്ടിന് മുമ്പത്തെ കേരളത്തിന്റെ ചിത്രം വളരെ വിചിത്രമായിരുന്നു. ജാതീയമായ ഉച്ചനീചത്വങ്ങളും അനാചാരങ്ങളും അന്ധവിശ്വാസങ്ങളും കൊണ്ട് വീർപ്പുമുട്ടുകയായിരുന്നു അന്ന് കേരളീയസമൂഹം. പരിതാപകരമായ ഈ അവസ്ഥയിൽ നിന്ന് കേരളത്തെ കൈപിടിച്ചുയർത്തിയതിൽ പ്രഥമസ്ഥാനീയനാണ് ശ്രീനാരായണഗുരു.'' - തന്നിരിക്കുന്ന സൂചനകളും പാഠഭാഗവും വിലയിരുത്തി ശ്രീനാരായണഗുരു കാലാതീതനായ നവോത്ഥാനനായകൻ എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.
11. 'കേരളത്തെ ജാതി പാതാളത്തിൽ നിന്നുയർത്തി അതിന്റെ ഭ്രാന്താലയത്വം നിശ്ശേഷം നീക്കം ചെയ്തു' (ശ്രീനാരായണഗുരു)

    കുറ്റിപ്പുഴയുടെ ഈ പ്രസ്താവന ഇന്നത്തെക്കാലത്ത് പൂർണ്ണമായും ശരിയാണോ- സമുദായങ്ങൾ അവരുടെ താല്പര്യങ്ങൾക്കുവേണ്ടി സംഘടിക്കുന്ന ഇക്കാലത്ത് കേരളത്തിന്റെ മതേതര ചിന്തയ്ക്ക് മങ്ങലേൽക്കുന്നില്ലേ.

സമകാലിക സംഭവങ്ങളുടെ വെളിച്ചത്തിൽ പരിശോധിക്കുക.

## ഉത്തരസൂചിക

1. അധ:കൃതവർഗോദ്ധാരണം
2. ഗുരുവിന്റെ വചനം
3. സാർവലൗകികത്വം
4. മനുഷ്യന്റെ ധ്യാനലക്ഷ്യം മനുഷ്യൻ തന്നെയാണ്. മന:ശക്തിയുടെ വികാസമാണാവശ്യം
5. ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് മതമേതായാലും മനുഷ്യൻ നന്നായാൽ മതി
6. സ്വമോക്ഷത്തെ ലക്ഷ്യമാക്കി പ്രവർത്തിച്ചിട്ടില്ല. തപശ്ചര്യകൊണ്ട് വികസിച്ച വ്യക്തിമഹത്വത്തെ സമൂഹോന്നമനത്തിനായി വിനിയോഗിച്ചു.
7. മനുഷ്യൻ ഒന്നാണെന്ന കാഴ്ചപ്പാട്

   മതങ്ങൾ ഒരുമിക്കുന്ന മഹാസമുദ്രത്തെപ്പറ്റിയുള്ള കാഴ്ചപ്പാട് വിദ്യാലയങ്ങൾ സ്ഥാപിച്ചു. സംഘടനകൾ രൂപീകരിച്ചു.
8. അധ:സ്ഥിത സമുദായങ്ങളെ പടിപടിയായി ഉയർത്തുക. അതിനുള്ള താത്കാലിക ഉപാധി മാത്രം. ഇനി ക്ഷേത്രങ്ങളല്ല വിദ്യാലയങ്ങളാണ് ആവശ്യം.
9. ജാതിമത ചിന്തകൾ വർദ്ധിച്ചുവരുന്ന കാലഘട്ടം. അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും തിരിച്ചുവരവ് - ഗുരുദേവ കാഴ്ചപ്പാടുകൾ - പരിഹാരം ക്രമപ്പെടുത്തിയുള്ള അവതരണം
10. കേരളീയ ജീവിതത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ നവോത്ഥാനത്തിൽ ഗുരുവിന്റെ പങ്ക് ശ്രീനാരായണഗുരു മുന്നോട്ടുവച്ച സന്ദേശം. പ്രഭാഷണഘടന.
11. കുറ്റിപ്പുഴയുടെ പ്രസ്താവനയെ വിശദമാക്കുക. സമുദായസംഘടനകളുടെ പ്രസ്താവനകൾ, ജാതിമതവർഗ്ഗചിന്തകളെ സൂചിപ്പിക്കുന്ന മാധ്യമങ്ങൾ, സിനിമ, സാമൂഹ്യമാധ്യമങ്ങൾ ഇവയെക്കുറിച്ചുള്ള വിലയിരുത്തൽ.

# യൂണിറ്റ് 3
# വാക്കുകൾ വിടരുന്ന പുലരികൾ

മനുഷ്യ മനസ്സുകളിൽ വിവിധ തലങ്ങളിൽ മിന്നിമായുന്ന വാക്കുകളുടെ വൈകാരിക തലം വളരെ വലുതാണ്. മനുഷ്യന്റെ ഓർമ്മകളെ ഭാഷ കൊണ്ട് പ്രകാശിപ്പിക്കുമ്പോൾ അതിന്റെശക്തി കൂടുന്നു. കണ്ടും കേട്ടും വായിച്ചും മനസ്സിലാക്കിയ ആശയങ്ങൾ ഉൾപ്പെടുത്തി കാലിക പ്രാധാന്യമുള്ള വിഷയങ്ങളോട് ശക്തമായി പ്രതികരിക്കാൻ കഴിയേണ്ടതുണ്ട്. അതിലേക്ക് നയിക്കുന്ന പാഠഭാഗങ്ങളാണ് അമ്മയുടെ എഴുത്തുകൾ. പണയം, പത്രനീതി എന്നീ പാഠഭാഗങ്ങൾ.

പ്രവേശകത്തിൽ അയ്യപ്പപണിക്കരുടെ തത്തമ്മ എന്ന കവിതയാണ് കൊടുത്തിട്ടുള്ളത്. കാണുന്ന നന്മകളെക്കുറിച്ച് മറ്റുള്ളവരോട് പറയാനുള്ള ആർജ്ജവം ഉണ്ടാകണം. തിന്മ കണ്ടാൽ അതിനെ എതിക്കാനുള്ള ശക്തി എപ്പോഴുമുണ്ടാകണമെന്നാണ് കവിതയിൽ പറഞ്ഞിരിക്കുന്നത്.

## I പത്രനീതി

പത്രങ്ങൾ അവയുടെ യാഥാർത്ഥ്യത്തിൽ (ധർമ്മത്തിൽ) നിന്നും എത്രത്തോളം അകന്നിരിക്കുന്നുവെന്ന് സമൂഹത്തേയും പത്രങ്ങളേയും ബോധ്യപ്പെടുത്തുക. സത്യം, ധർമ്മം, നീതി എന്നിവ വീണ്ടെടുക്കാൻ പത്രങ്ങളെ പ്രേരിപ്പിക്കൽ, പത്രങ്ങൾ നിൽക്കേണ്ടതു ഏതുപക്ഷത്താണെന്ന് ഉറപ്പിക്കുക. മാധ്യമങ്ങളുടെ യഥാർത്ഥസ്വഭാവം തിരിച്ചറിയാൻ വായനക്കാരെ പ്രാപ്തരാക്കുക പണവും സ്വാധീനവുമുള്ളവന് എന്തും എഴുതി പിടിപ്പിക്കാനുള്ള കടലാസു കഷണങ്ങളായി പത്രങ്ങൾ അധ:പതിച്ചിരിക്കുന്നു എന്ന തിരിച്ചറിവിലേക്ക് നയിക്കുന്നു. വാർത്തകളിൽ നിന്ന് സത്യം കണ്ടെത്താൻ ശ്രമകരമാണെന്ന തിരിച്ചറിവ് തുടങ്ങിയവ വ്യക്തമാക്കുന്ന പ്രഭാഷണം.

### പഠനനേട്ടം

സമൂഹത്തിന് ദിശാബോധം നൽകുന്നതിനും ഗുണപരമായ മാറ്റങ്ങൾ വരുത്തുന്നതിനും പത്രങ്ങൾ/മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് കണ്ടെത്തൽ

എഡിറ്റോറിയൽ പരിചയപ്പെടൽ– തയ്യാറാക്കൽ

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 മാർക്ക്**

1. പത്രങ്ങൾക്കുള്ള അങ്ങേയറ്റത്തെ പ്രശംസ ഏറ്റവും വിലയ സ്വാതന്ത്ര്യപ്രേമിയായ ജഫേഴ്സണിൽ നിന്നാണ് കിട്ടിയത്. അടിവരയിട്ട പദം വിഗ്രഹിക്കുമ്പോൾ
   - സ്വാതന്ത്ര്യവും പ്രേമവും, ● സ്വാതന്ത്ര്യത്തെ പ്രേമിക്കുന്നവൻ
   - സ്വാതന്ത്ര്യത്താലുള്ള പ്രേമം ● സ്വാതന്ത്ര്യമാകുന്ന പ്രേമം
2. പത്രങ്ങൾക്ക് കിട്ടിക്കൊണ്ടിരുന്ന ബഹുമതിക്ക് ഒരു കറുത്ത നിഴലുണ്ട്. അത് ആദ്യകാലം തൊട്ടുതന്നെ ഒഴിയാബാധ പോലെ അതിനെ പിന്തുടർന്നുകൊണ്ടേയിരിക്കുന്നു. അടിവരയിട്ട പദപ്രയോഗം കൊണ്ട് അർത്ഥമാക്കുന്നത് എന്താണ്?
   - ബാധ ഒഴിഞ്ഞുപോവുക ● വിടാതെ പിൻതുടരുക
   - കൂടെ ചേർന്നു നിൽക്കുക ● ബാധയോടൊപ്പം ചേരുക
3. 'പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം അച്ചടിച്ചത് കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു.' സാമൂവൽ ബട്ലറുടെ ഈ വാക്കുകളിൽ സ്ഫുരിക്കുന്ന ഭാവം ഏത്?
   - സങ്കടം ● പരിഹാസം ● ഭയം ● അത്ഭുതം

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക്**

4 അർത്ഥവ്യത്യാസം വരാതെ രണ്ടു വാക്യങ്ങളാക്കി മാറ്റിയെഴുതുക. പത്രങ്ങൾ സൂര്യനു ചുവടെയും മേലെയുമുള്ള എല്ലാറ്റിനേയും പറ്റി വൃത്താന്തങ്ങൾ തരുന്നുവെന്നു മാത്രമല്ല അവയെ വിമർശിക്കുകയും ചെയ്യുന്നു.

5 നല്ല പത്രം വായിക്കാമെന്നു വച്ച് ചീത്തപത്രം നിർത്തുന്നവൻ വിഡ്ഢിയാക്കപ്പെടുന്നു. പത്രത്തെക്കുറിച്ച് സുകുമാർ അഴീക്കോടിനുള്ള അഭിപ്രായം വിശകലനം ചെയ്യുക

**അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 4 സ്കോർ വീതം**

6 പത്രങ്ങളെക്കുറിച്ച് ഇബ്സൺ അഭിപ്രായപ്പെട്ടത് എന്താണ്? അങ്ങനെ അഭിപ്രായപ്പെടാൻ കാരണമെന്ത്?

7 പത്രങ്ങൾ എല്ലാറ്റിനെയും വിമർശിക്കുന്നു. എന്നാൽ പത്രങ്ങൾ വേണ്ടത്ര വിമർശിക്കപ്പെടുന്നില്ല. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്? പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

8 പത്രങ്ങൾ ഏറ്റവും കൂടുതൽ അതിജീവിക്കുന്നത് അവയുടെ വഷളത്തരം ഏറ്റവും കൂടുമ്പോളാണെന്ന ഓസ്കാർ വൈൽഡിന്റെ പ്രസ്താവനയോട് യോജിക്കുന്നുണ്ടോ? പ്രസ്താവന വിശകലനം ചെയ്ത് വിശകലനക്കുറിപ്പ് തയ്യാറാക്കുക

**ഒരുപുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 6 സ്കോർ വീതം**

9 നന്മതിന്മകളുടെ ആത്മാംശങ്ങൾ പകർന്നു നൽകി കാലഘട്ടങ്ങളെ അടയാളപ്പെടുത്തുകയും നാളെയുടെ നന്മയ്ക്കുവേണ്ടി പണിയെടുക്കുകയുമാണ് പത്രങ്ങൾ ചെയ്യേണ്ടത്. ഇന്നത്തെ പത്രമാധ്യമങ്ങൾ ഈ പങ്ക് നിർവ്വഹിക്കുന്നുണ്ടോ? പത്രനീതി എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി മാധ്യമരംഗത്ത് ഇന്ന് നിലനിൽക്കുന്ന ദുഷ്പ്രവണതകൾ എന്ന ശീർഷകത്തിൽ മുഖപ്രസംഗം തയ്യാറാക്കുക.

## ഉത്തരസൂചിക

1. സ്വാതന്ത്ര്യത്തെ പ്രേമിക്കുന്നവൻ
2. വിടാതെ പിൻതുടരുക
3. പരിഹാസം

4 പത്രങ്ങൾ സൂര്യനു ചുവടെയും മേലെയുമുള്ള എല്ലാറ്റിനേയും പറ്റി വൃത്താന്തങ്ങൾ തരുന്നു. അവയെ വിമർശിക്കുകയും ചെയ്യുന്നു.

5 പല പത്രങ്ങൾ വായിച്ചാലേ വാർത്തകൾ താരതമ്യം ചെയ്യാനാവൂ വാർത്തകളുടെ സത്യാവസ്ഥ കണ്ടുപിടിക്കാൻ ഗുണിക്കാൻ, ഹരിക്കാൻ, അഭ്യൂഹം ഭാവന എന്നീ പല അടവുകളും നോക്കേണ്ടി വരും. സത്യം മാത്രം പറയുന്ന പത്രമില്ല.

6 മൃഗങ്ങളുടെ മേൽ പരീക്ഷണം നടത്തുന്നശാസ്ത്രജ്ഞർപത്രപ്രവർത്തകരുടെയും രാഷ്ട്രീയ പ്രവർത്തകരുടെയും മേലെ ശസ്ത്രക്രിയ നടത്തി പരീക്ഷിക്കട്ടെ. ഏറ്റവും കൂടുതൽ വിഷളത്തരം വിളമ്പുന്നത് പത്രപ്രവർത്തകരാണെന്ന ധാരണ കൊണ്ട്

7 യോജിക്കുന്നുണ്ട്. എല്ലാറ്റിനെയും പത്രങ്ങൾ വിമർശിക്കുന്നു. പലപ്പോഴും സത്യത്തെ മൂടിവയ്ക്കുന്നു. വാർത്തകളെ പെരുപ്പിച്ച് കാട്ടി അതിവൈകാരികത നൽകുന്നു. സത്യസന്ധത, നീതി എന്നിവ പുലർത്തുന്നില്ല. ഇതിനെതിരെ പ്രവർത്തിക്കുന്നവർക്ക് വിലക്ക് നേരിടേണ്ടിവരുന്നു.

8 യോജിക്കുന്നുണ്ട്
കാരണം വാർത്തകൾക്ക് പൊടിപ്പും തൊങ്ങലും ചാർത്തി നൽകൽ
അത് വായനക്കാരെ കൂടുതൽ അടുപ്പിക്കുന്നു.സർക്കുലേഷൻ കൂടുന്നു/
അതിവൈകാരികത/ പെരുപ്പിച്ചുകാണിക്കൽ

9. ഉപന്യാസം ഖണ്ഡിക തിരിച്ച് എഴുതുക / തലക്കെട്ട്
ആശയം
അഭിപ്രായം സമന്വയം

സത്യം, നീതി എന്നിവയ്ക്കുവേണ്ടി നിലകൊള്ളുന്നവയായിരിക്കണം പത്രങ്ങൾ.
സമൂഹനന്മ ലക്ഷ്യം വയ്ക്കണം
തിന്മകൾക്കെതിരെ ശക്തമായ പ്രതികരണം
കാലഘട്ടത്തിന്റെ നാവായിരിക്കണം
കച്ചവട മനോഭാവം മാത്രമാകരുത്
വാർത്തകളിലെ സത്യസന്ധത
എന്നാൽ ഇന്ന് വാർത്തകളെ വളച്ചൊടിക്കുന്നു
കച്ചവട താല്പര്യം മുന്നിട്ട് നിൽക്കുന്നു
സർക്കുലേഷൻ കൂട്ടാൻ വേണ്ടി വാർത്തകൾക്ക് അതിവൈകാരികത നൽകുന്നു.

## പണയം

ദരിദ്രനെങ്കിലും കലാഹൃദയമുള്ള തയ്യൽക്കാരനായ ചാക്കുണ്ണി, അയാളുടെ ജീവിതത്തിന്റെ ഭാഗമായിത്തീർന്ന റേഡിയോ, അവർക്കിടയിൽ മാനുഷികമൂല്യങ്ങൾക്ക് വില കല്പിക്കാത്ത ചെമ്പുമത്തായി എന്നിവരാണ് പണയം എന്ന കഥയിൽ നാം കണ്ടുമുട്ടുന്ന പ്രധാന കഥാപാത്രങ്ങൾ. മകന്റെ ചികിത്സയ്ക്കുവേണ്ടി തന്റെ പ്രിയപ്പെട്ട റേഡിയോ പണയം വയ്ക്കാനായി ചെമ്പുമത്തായിയുടെ അടുക്കലെത്തുന്നു. റേഡിയോ പണയമുതലായി കൈപ്പറ്റുന്ന ചെമ്പുമത്തായി പണത്തിനപ്പുറം മറ്റൊന്നിനും വിലകല്പിക്കുന്നില്ല. എന്നാൽ റേഡിയോ ഇല്ലാതായതോടെ ചാക്കുണ്ണിയുടെ തൊഴിലിന്റെ മാത്രമല്ല ജീവിതത്തിന്റെയും താളം തെറ്റുന്നു. ജീവിതാനുഭവങ്ങളെ ശക്തമായി ആവിഷ്കരിക്കുന്ന കഥ. മനുഷ്യനോടൊപ്പം തന്നെ റേഡിയോയും ശക്തമായ കഥാപാത്രമാണിതിൽ. നവമാധ്യമങ്ങളുടെ തള്ളിച്ചയിലും എല്ലാത്തരം ആളുകളേയും തന്നിലേക്ക് അടുപ്പിച്ചുകൊണ്ട് റേഡിയോ ഇന്നും നിലനിൽക്കുന്നു എന്ന് ഓർമ്മപ്പെടുത്തലുമുണ്ട്.

### പഠനനേട്ടം

സാഹിത്യരചനകളിൽ തെളിയുന്ന സാമൂഹികജീവിതം തിരിച്ചറിയുന്നു.
ചെറുകഥാ സാഹിത്യം പരിചയപ്പെടുന്നു.വിവിധ വ്യവഹാരരൂപങ്ങൾ തിരിച്ചറിയൽ (ഉപന്യാസം, പ്രസംഗം, നാടകം)

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 മാർക്ക്**

1. 'എന്റെ കണക്കൊക്കെ തെറ്റീലോ മത്തായി മൂപ്പരേ' ചാക്കുണ്ണിയുടെ ഈ വാക്കുകളിൽ സ്ഫുരിക്കുന്ന ഭാവം ഏത്?
   - ● ആഹ്ലാദം ● നിസ്സഹായത ● ദേഷ്യം ● പരിഹാസം
2. കണ്ടക്ടർ അന്ന് അയാളിൽ നിന്ന് <u>യാത്രക്കൂലി</u> വാങ്ങിയില്ല അടിവരയിട്ട പദം വിഗ്രഹിക്കുമ്പോൾ
   - ● യാത്രയാകുന്ന കൂലി ● യാത്രയും കൂലിയും
   - ● യാത്രയ്ക്കുള്ള കൂലി ● യാത്രയായ കൂലി

3. ശരിയായ രീതിയിൽ പിരിച്ചിരിക്കുന്ന പദം ഏത്?

- ആധി + യായിരുന്നു
- ഭേദം + മായില്ല
- തീ + ആയിരുന്നു
- പാളി + പ്പോയി

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക്**

4. മനുഷ്യരെ മെനക്കെടുത്താൻ ഓരോ ഏർപ്പാടോള്. ആ നേരം വല്ല പണീം എടുത്താല് നാല് കാശുണ്ടാക്കാം ഈ വരികളിൽ പ്രകടമാകുന്ന ചെമ്പുമത്തായിയുടെ രണ്ടു സ്വഭാവ സവിശേഷതകൾ എഴുതുക.

**ഒറ്റ വാക്യമാക്കി മാറ്റുക.**

5. ഒരു തുണിസഞ്ചിയിൽ പണയമുതലായി കുഞ്ഞന്നം വന്നു. അവർ അത് തിണ്ണയിൽ വച്ചശേഷം മടങ്ങിപ്പോയി.

**അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 4 സ്കോർ വീതം**

6. ചുറ്റുപാടും നിരവധി ആളുകളുണ്ടായിരുന്നിട്ടും പറഞ്ഞറിയിക്കാനാവാത്ത ഒരേകാന്തത അപ്പോൾ അയാളെ വലയം ചെയ്തു. (പണയം). കാരണമെന്ത്? കുറിപ്പെഴുതുക
7. ചെമ്പുമത്തായിയുടെ അടുക്കൽചെന്ന് റേഡിയോ പണയം വയ്ക്കുമ്പോൾ ചാക്കുണ്ണിയുടെ ഉള്ളിൽ തീയായിരുന്നു (പണയം) ചാക്കുണ്ണിയുടെ മാനസികാവസ്ഥ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**ഒരുപുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 6 സ്കോർ വീതം**

8 പണമുണ്ടാക്കൽ മാത്രമാണ് ജീവിത ലക്ഷ്യമെന്നു കരുതുന്ന കഥാപാത്രമാണ് പണയം എന്ന കഥയിലെ ചെമ്പുമത്തായി. എന്നാൽ കലയേയും ജീവിതത്തെയും ഒരുപോലെ സ്നേഹിക്കുന്ന കഥാപാത്രമാണ് ചാക്കുണ്ണി. ഈ പ്രസ്താവന വിശകലനം ചെയ്ത് ചെമ്പുമത്തായി – ചാക്കുണ്ണി എന്നീ കഥാപാത്രങ്ങളെ താരതമ്യം ചെയ്യുക.

9. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. (കവിതയിലെ ആശയം പ്രയോഗഭംഗി സമകാലിക പ്രസക്തി എന്നിവ ആസ്വാദനത്തിൽ ഉൾപ്പെടുത്തുക.

ഈ വഴിപോകുമ്പോൾ<br>
കാഴ്ചകളെ ഇരുവശത്തേക്കും<br>
തള്ളിനീക്കി പിന്നിലാക്കി<br>
കുതിച്ചുപായുന്ന കാറ്<br>
സൈഡ്മിറർ വഴി കാണാം<br>
നടന്നുനടന്നു വിണ്ടുകീറിയ<br>
പാദങ്ങളുമായി നിന്നുപോയവരെ<br>
റോഡുമുറിച്ചു കടക്കാനാകാതെ<br>
നോക്കിനിൽക്കുന്നവരെ<br>
കുടിയൊഴിപ്പിച്ച കാട്ടിൽ നിന്നും<br>
പോകാതെ നിന്നു തനിച്ചായ മരങ്ങളെ<br>
വണ്ടിയിടിച്ചു ചത്ത ജന്തുവിനെ തിന്നാൻ<br>
കടിപിടികൂടും പട്ടികളെ കാക്കകളെ<br>
കൺമുന്നിൽ തടയുന്നതിനെയെല്ലാം<br>
നീക്കം ചെയ്യുന്നുണ്ട്<br>
വൈപ്പർ<br>
അറ്റമുണ്ടോയെന്നറിയാതെ നീണ്ടു കിടക്കുന്നു പാത (സുജീഷ്)

## ഉത്തരസൂചിക

1. നിസ്സഹായത
2. യാത്രയ്ക്കുള്ള കൂലി
3. തീ + ആയിരുന്നു

4 പണത്തോടുള്ള ആർത്തി

5 ഒരു തുണിസഞ്ചിയിൽ പണയമുതലായി വന്ന കുഞ്ഞന്നം അത് തിണ്ണയിൽ വച്ചശേഷം മടങ്ങിപ്പോയി.

6. റേഡിയോ പണയം വച്ചതിലുള്ള വിഷമം. അതിലെ കലാപരിപാടികൾ അരങ്ങേറുന്ന സമയത്ത് അത് കേൾക്കാൻ കഴിയാത്തതിലുള്ള ദു:ഖം മനസ്സ് നിറയെ റേഡിയോയും അതിന്റെ ഓർമ്മകളും. മറ്റൊന്നിലും ശ്രദ്ധിക്കാൻ കഴിയാത്ത മാനസികാവസ്ഥ

7. സ്വന്തം ജീവിതത്തിന്റെ ഒരു ഭാഗമായിരുന്നു റേഡിയോ. അതിന്റെ നഷ്ടബോധം. ചെമ്പുമത്തായി റേഡിയോ എങ്ങനെ കൈകാര്യം ചെയ്യുമെന്ന ആശങ്ക. അതിനി തിരിച്ച് എന്ന് എടുക്കാൻ പറ്റുമെന്ന വേവലാതി

8. ചാക്കുണ്ണി – ദരിദ്രൻ, കലാഹൃദയമുള്ളവൻ. തൊഴിലിനോട് ആത്മാർത്ഥതയുള്ളവൻ . ജീവിതമൂല്യങ്ങൾക്ക് പ്രാധാന്യം നൽകുന്നയാൾ.

   ചെമ്പുമത്തായി – ജീവിതം ധനം സമ്പാദിക്കാൻ മാത്രാമാണെന്ന തെറ്റിദ്ധാരണ വച്ചു പുലർത്തുന്നയാൾ. കലാസ്വാദനത്തെ പുച്ഛത്തോടെ കാണുന്നയാൾ. പണത്തോട് ആർത്തി. മാനുഷികമൂല്യങ്ങൾക്ക് വിലകല്പിക്കുന്നില്ല

9. ഉത്തരസൂചിക

   പാർശ്വവൽക്കരിക്കപ്പെട്ടവനെ കാണാതെ പോകുന്നു.
   തനിക്കു പ്രതിബന്ധമായതിനെ തള്ളിനീക്കി കുതിക്കുന്ന അധികാരവർഗ്ഗം.
   ദുരിതങ്ങൾ മാത്രം പേറി തളർന്നുപോയവർ
   പരസഹായംപോലും കിട്ടാതെ ഒറ്റപ്പെട്ടുപോയവർ
   ഒഴിപ്പിച്ചിട്ടും ഒഴിഞ്ഞുപോകാതെ പിടിച്ചുനിൽക്കാനുള്ള ശ്രമം
   ദാരിദ്ര്യത്തിന്റെ ദയനീയ മുഖങ്ങൾ
   തനിക്ക് അസൗകര്യമായതിനെ/ ചേരിയെപ്പോലും മതിൽ കെട്ടി മറയ്ക്കുന്ന ഭരണകൂട ഭീകരത
   ഒരിക്കലും അവസാനിക്കാത്ത ദുരിതങ്ങളുടെ നീണ്ട പാതകൾ കൺമുന്നിൽ തുറന്നുകിക്കുന്നു

ഉള്ളവനെന്നും ഇല്ലാത്തവനെന്നുമുള്ള തരംതിരിവ് ഏതുകാലവും ഒരുപോലെ നിലകൊള്ളുന്നു. പട്ടിണികൊണ്ട് മരിച്ചുവീഴുന്നവർ അംഗബലവും ആൾബലവുമില്ലാത്ത തിനാൽ തനിച്ചായി പോകുന്നവർ. മൃതശരീരം ചുമലിലേറ്റി നടന്ന സംഭവങ്ങൾ/ സൗകര്യങ്ങൾക്കു വേണ്ടി മക്കൾ വഴിയിലുപേക്ഷിക്കുന്ന വാർദ്ധക്യങ്ങൾ.....

### അമ്മയുടെ എഴുത്തുകൾ

വീടിനു മോടി കൂട്ടുന്നതിന്റെ ഭാഗമായി ചില്ലുപെട്ടികളിൽ പട്ടണക്കോപ്പുകൾ നിറയു മ്പോൾ അമ്മ അയച്ച പഴയ എഴുത്തുകൾ ചായ്പ്പിലെ കാൽപ്പെട്ടിയിലേക്ക് ഒതുക്കേണ്ടി വരുന്നു. അപ്പോൾ മനസ്സിലേക്ക് കടന്നുവരുന്ന അമ്മച്ചിത്രങ്ങൾ കവിയെ ഗൃഹാതുരത്വത്തിന്റെ ഓർമ്മകളിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു. ജീവിതത്തിലും ഭാഷയിലും അധിനിവേശത്തിന്റെ

യുക്തികൾ തന്ത്രപരമായി പ്രവർത്തിക്കുന്നതിന്റെ ചിത്രം കൂടി ഈ കവിതയിൽ തെളിയുന്നത്. നഗരജീവിതത്തിന്റെ തിരക്കിനിടയിലും അമ്മയുടെ കത്തുകൾ നാദമായി നാവിലെതേനായി കവിക്ക് അനുഭവപ്പെടുന്നു. ജീവിതത്തിലുടനീളം കവിക്ക് കാവലാളായി അമ്മ പിൻപേ പായുന്നു.

## പഠനനേട്ടം

കവിതകൾ വായിച്ച് ആസ്വദിക്കുന്നതിനും സമാന ആശയമുള്ള കവിതകൾ കണ്ടെത്തി താരതമ്യം ചെയ്യുന്നതിനും കഴിയുന്നു. ആസ്വാദനക്കുറിപ്പുകൾ, പ്രഭാഷണം എന്നിവ തയ്യാറാക്കൽ

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 മാർക്ക്**

1. അമ്മയുടെ എഴുത്തുകൾ നവജാതശിശുവിന് എന്തായിട്ടാണ് അനുഭവപ്പെടുന്നത്?
   - ഓർമ്മയായി ● നാവിലെത്തേനായി ● നാവേറുമന്ത്രമായി ● ഊട്ടുത്സവങ്ങളായി
2. സുന്ദരദൃഷ്ടി എന്ന പദം വിഗ്രഹിച്ചാൽ
   - സുന്ദരവും ദൃഷ്ടിയും ● സുന്ദരമാകുന്ന ദൃഷ്ടി
   - സുന്ദരമായ ദൃഷ്ടി ● സുന്ദരത്താൽ ദൃഷ്ടി

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക്**

3. "നമ്മൾ വിദേശത്തു നിർമ്മച്ചൊരമ്മതൻ
ബിംബമീയാതിഥ്യശാലയിൽ ശോഭനം." പുതുതലമുറയുടെ ഏതെല്ലാം
മനോഭാവങ്ങളെയാണ് കവി ഇവിടെ സൂചിപ്പിക്കുന്നത്.

**അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 4 മാർക്ക്**

4 അമ്മ താൻ തന്നെ പകർന്നുതരുമ്പോഴേ
നമ്മൾക്കമൃതുമമൃതായ് തോന്നൂ (വള്ളത്തോൾ)
അമ്മയിൽ നിന്നകലുന്ന കുട്ടികൾ മാതൃഭാഷയിൽ നിന്നുകൂടി അകലുന്നു.
അമ്മയുടെ എഴുത്തുകൾ എന്ന കവിതയെ മുൻനിർത്തി നിങ്ങളുടെ അഭിപ്രായം സമർത്ഥിക്കുക.

5. അമ്മയും അമ്മയുടെ എഴുത്തുകളും കവിക്ക് അടർത്തിമാറ്റാൻ കഴിയാത്ത കാവലാളാണെന്ന് ഏതെല്ലാം ഓർമ്മപ്പെടുത്തലുകളിലൂടെയാണ് സമർത്ഥിക്കുന്നത്? പാഠഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**ഒരുപുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 6 മാർക്ക്**

6. മുതിരുമ്പോൾ മക്കൾ ചിലപ്പോൾ
മാതാവിൻ മഹിമ മറക്കും
തളരുമ്പോൾ താനേ വീണ്ടും
തായ്‌വേരിൻ താങ്ങിനു കേഴും. (സീതായനം) വി.മധുസൂദനൻനായർ

കാവ്യകരുക്കളിൽ താരാട്ടുപാട്ടിന്റെ
ഈണച്ചതിച്ചേലറിഞ്ഞു ചിരിച്ചൊരാൾ
ഞെട്ടിത്തെറിച്ചു തകർന്നു ചോദിക്കുന്നു
വിറ്റുവോ നീ എന്റെ ജവിതഭാഷയെ (അമ്മമലയാളം)

മാതാവിന്റെ മഹിമ മറക്കുന്നവരെയും മാതൃഭാഷയെ മറക്കുന്നവരെയും അമ്മയുടെ എഴുത്തുകൾ, അമ്മ മലയാളം എന്നീ കവിതകളിൽ നമുക്കു കാണാൻ കഴിയും.

സമകാലിക സംഭവങ്ങളെകൂടി ഉൾപ്പെടുത്തി തലമുറകൾ കഴിയുന്തോറും മാതാവിനെയും മാതൃഭാഷയെയും മറക്കുകയാണോ മലയാളി. മേൽപ്പറഞ്ഞ കാര്യങ്ങൾ വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

## ഉത്തരസൂചിക

1. നാവിലെത്തേനായി
2. സുന്ദരമായ ദൃഷ്ടി
3. മാതൃഭാഷയേക്കാൾ ഇംഗ്ലീഷ് ഭാഷയോടുള്ള ആഭിമുഖ്യം. അമ്മയുമായുള്ള വൈകാരികബന്ധം കുറഞ്ഞുവരുന്ന പുതുതലമുറയുടെ മനോഭാവം.
4. മാതൃത്വത്തിന്റെ പ്രധാന്യവും മാതൃഭാഷയുടെ മഹത്വവും ഓർമ്മപ്പെടുത്തുന്നു.

അമ്മ പകർന്നു നൽകുമ്പോൾ ഉണ്ടാകുന്ന ഭക്ഷണത്തിന്റെ രുചി മറ്റാര് പകർന്നാലും ഉണ്ടാവില്ലെന്ന ഓർമ്മ. മാതൃഭാഷയ്ക്കു മാത്രം തരാൻ കഴിയുന്ന ഈണവും താളവും അമ്മയേയും മാതൃഭാഷയേയും ഒരുപോലെ പുറത്താക്കുന്ന പുതിയ തലമുറ. അവൾക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മനസ്സിന്റെ നന്മ.

5. നാവിലെത്തേനായി
   നാഭിയിലെ സ്പന്ദനമായി
   ആതിഥ്യശാലയിലെ ആദിമസംഗീതം
   പിൻപേ പറക്കും കുളിർമ
   രക്തത്തിലെ ചൂടായി നിൽക്കുന്ന നന്മയും താളവും
6. അമ്മ, മകൻ, ഭാര്യ, മക്കൾ മൂന്നു തലമുറകളുടെ സാന്നധ്യം
   മക്കളെ സ്നേഹിച്ചും ലാളിച്ചും വളർത്തുന്ന അമ്മ
   അമ്മയോട് ഉള്ളിൽ സ്നേഹമുണ്ടെങ്കിലും അതുൾക്കൊണ്ട് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യം
   അമ്മയെ അംഗീകരിക്കാത്ത മരുമകൾ
   കുടുംബബന്ധത്തിന്റെ നന്മകൾ തിരിച്ചറിയാതെ വളരുന്ന കുട്ടികൾ
   തലമുറകൾ കഴിയുംതോറും വൈകാരിക ബന്ധം ശിഥിലമാകുന്ന കാഴ്ച.